# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി* Rs. 6

**മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം** Pages 52

വാല്യം - 14 ലക്കം - 7 മിഥുനം - 1197 ജൂലൈ 2022




97-ാമത് വാർഷിക പൊതുയോഗത്തിൽ എറണാകുളം കരയോഗം
ജനറൽ സെക്രട്ടറി പി. രാചന്ദ്രൻ (വേണു) റിപ്പോർട്ട് അവതരിപ്പിച്ച് സംസാരിക്കുന്നു.










# എഡിറ്റോറിയൽ

## സംസ്കാരാധിഷ്ഠിത വിദ്യാഭ്യാസം - അത്യന്താപേക്ഷിതം

യുഗങ്ങൾക്കുമുമ്പേ രൂപപ്പെട്ടതും ഇന്നുവരെയും അഭംഗുരം തുടരുകയും ചെയ്യുന്ന അതിമഹത്തായ ആർഷസംസ്ക്കാരം പിന്തുടരുവാൻ ഭാഗ്യം ലഭിച്ചവരാണല്ലോ നമ്മളെല്ലാം. ആ അമൂല്യഭാഗ്യത്തിനർഹത നേടിയ നമുക്കോരോരുത്തർക്കും ആ സംസ്കാരാധിഷ്ഠിതമായി ജീവിക്കുവാനും അതിനെ പരിപോഷിപ്പിച്ച് വരും തലമുറകളിലേയ്ക്ക് കൈമാറുവാനുമുള്ള ബാധ്യത അല്ലെങ്കിൽ ഉത്തരവാദിത്വം കൂടിയില്ലേ? അധിനിവേശത്തിന്റെ ഇരുണ്ട നാളുകൾക്കു മുമ്പുവരെ പരമപവിത്രമായ ആ സംസ്കാരപരിപോഷണത്തിനുതകുന്ന വിദ്യാഭ്യാസ സംപ്രദായമായിരുന്നു ഇവിടെ നിലനിന്നിരുന്നത് യാതൊരുവിധമായ രാഷ്ട്രീയ അധികാരനിയന്ത്രണങ്ങൾക്കും വിധേയമാകാതെ പരിപൂർണ്ണ സ്വാതന്ത്ര്യത്തോടുകൂടി, ഗുരുവിൽ നിന്ന് നേരിട്ട് വിദ്യ അഭ്യസിക്കുന്ന ഗുരുകുലവിദ്യാഭ്യാസസമ്പ്രദായം. സ്വതന്ത്രചിന്തകൾ വിരിഞ്ഞ് വികസിച്ച് ജ്ഞാനത്തിന്റെ വിശാലതലങ്ങളിലേയ്ക്ക് വിദ്യാർത്ഥികൾക്ക് ഉയരുവാനും അതുവഴി അതിരുകളില്ലാത്ത ജ്ഞാനാമൃതപാനത്തിനുള്ള അവസരവുമാണവർക്ക് ലഭിച്ചിരുന്നത്. അങ്ങനെയുള്ള സ്വതന്ത്രചിന്തയിലൂടെ വാർത്തെടുക്കപ്പെട്ട സംസ്കാരമായതിനാലാണ് അത് ഇന്നും നിലനില്ക്കുന്നത്. പുരാതന പാശ്ചാത്യ

# ഉള്ളടക്കം

വാല്യം 14 ✦ ലക്കം 7 ✦ 2022


എഡിറ്റോറിയൽ................ 3
സെക്രട്ടറിയുടെ പംക്തി................ 5
ബാലലോകം................ 7
വാസ്തു................ 11
ക്ഷേത്രങ്ങളിലൂടെ................12
ശ്രീമഹാഭാഗവതം................18
ഒരു യൂറോപ്യൻ യാത്രാ വിവരണം................20
വിജ്ഞാനത്തിന്റെ സൂര്യോദയം................23
കൈകേയി................27
ജ്ഞാനപൊരുൾ................31
ആത്മാനം ചേൽ വിജാനീയാത്................35
കേരളത്തിലെ കലകൾ................37
പാതഞ്ജലയോഗ ദർശനം................39
ആരും നിസാരമല്ല................41
എന്താണ് വേദന................43
നവരാത്രി................45
മാസഫലം................47
മാട്രിമോണിയൽ................48



## പത്രാധിപസമിതി

**ആലപ്പാട്ട് മുരളീധരൻ**
(മാനേജിംഗ് എഡിറ്റർ)
**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)
**പി. രാമചന്ദ്രൻ (വേണു)**
**കെ.ടി. മോഹനൻ**

സംസ്കാരങ്ങളിൽ പലതിന്റെയും നിലനില്പ് നഷ്ടപ്പെട്ടത് അതിന്മേലൊക്കെ അടിച്ചേല്പ്പിക്കപ്പെട്ട നിയന്ത്രണങ്ങളോ ഇടുങ്ങിയ വർഗ്ഗാധിഷ്ഠിത സമ്പ്രദായങ്ങളോ മൂലമായിരിക്കാം. നമ്മുടെ പൂർവ്വകാലഗുരുക്കന്മാർ ലോകനന്മയെ ലാക്കാക്കി അതിനനുസൃതമായ വിദ്യയാണ് തങ്ങളുടെ ശിഷ്യർക്ക് പകർന്നു നല്കിയിരുന്നത്. പാശ്ചാത്യർ ഉപരിപ്ലവമായ ഭൗതീക ജീവിത വീക്ഷണത്തിന്റെ ഉയർച്ചക്കും വളർച്ചയ്ക്കും ഉതകുന്ന രീതിയിലുള്ള വിദ്യാഭ്യാസസമ്പ്രദായത്തിലൂടെ വളർന്നപ്പോൾ ഇവിടെ നമ്മുടെ ഈ ഭാരതത്തിൽ ആത്മസംയമനവും ആത്മസാക്ഷാത്ക്കാരവും നേടുന്നതിനുള്ള വഴികളിലെയ്ക്കാണ് വിദ്യാർത്ഥികളെ നയിച്ചിരുന്നത്. അവനവനെ തന്നെ അറിയുകയും താൻ പ്രകൃതിയുടെയും വിശാലലോകത്തിന്റെയും ഭാഗമാണെന്നുൾക്കൊണ്ട്, താനേതൊന്നിന്റെ ഭാഗമാണോ ആ ലോകപ്രകൃതിക്കനുസൃതമായും അതിനുവേണ്ടിയും നിലകൊണ്ട് പ്രവർത്തിക്കുക എന്നത് തന്റെ കടമയെന്ന ബോധ്യത്തോടെ ജീവിക്കുവാൻ പ്രേരിപ്പിക്കുന്ന വിദ്യാഭ്യാസമായിരുന്നു പഠിതാക്കൾക്ക് പകർന്നു നല്കിയിരുന്നത്. അതായത് ശരിയായ ആത്മീയതയിലൂന്നിയ വിദ്യാഭ്യാസം. തനിക്കും താൻ ജീവിക്കുന്ന ഈ ലോകത്തിലെ സകല ജീവജാലങ്ങൾക്കും ശാന്തിയും സമാധാനവും ലഭിക്കുന്നതിനുവേണ്ടി ശാന്തിമന്ത്രങ്ങൾ ഉരുവിടുവാൻ പഠിപ്പിക്കുന്ന വിദ്യാദ്യാസം. നാം അറിവ് നേടുന്തോറും ലളിത ജീവിതം സ്വീകരിക്കുമ്പോൾ ഭൗതീകാടിത്തറയുള്ള പാശ്ചാത്യ സംസ്കാരവാഹകർ അറിവ് നേടുന്തോറും ആർഭാടവും ആഡംബരവും വർദ്ധിപ്പിക്കുന്നതായിട്ടാണല്ലോ സാധാരണയായി കണ്ടുവരുന്നത്. ഇന്ന് ഈ ഭൗതീകാടിത്തറയിലൂന്നിയ വിദ്യാഭ്യാസം നമ്മുടെ നാട്ടിലും വേരുപിടിച്ചിരിക്കുന്നു. അധിനിവേശത്തിന്റെ ദുരന്തഫലങ്ങളിൽ ഒന്നാണത്. മാത്രമല്ല അധിനേവശശക്തികൾ അധികാരം നിലനിർത്തുന്നതിനും നമ്മെ അവരുടെ നീരാളി പിടുത്തത്തിൽ നിലനിർത്തുക എന്ന ഗൂഢോദ്ദേശത്തോടുകൂടി അടിച്ചേല്പിക്കുകയും ചെയ്ത ദേശവിരുദ്ധ സമ്പ്രദായമായിരുന്നു അത്. എല്ലാ അധിനിവേശശക്തികളും അവരവരുടെ മതം പ്രചരിപ്പിക്കുന്നതിനുള്ള എളുപ്പവഴിയായി വിദ്യാഭ്യാസത്തെ മാറ്റി മറിച്ച് ഉപയോഗിക്കുകയാണുണ്ടായത്.

ചിന്തിക്കുക,അധിനിവേശസംസ്കാരങ്ങൾ അടിച്ചേൽപിച്ച അഹന്തയും അഹങ്കാരവും സ്വാർത്ഥതയും വളർത്തുന്ന so called ആധുനിക വിദ്യാഭ്യാസത്തിന്റെ ഫലമല്ലേ ഇന്ന് നാം നാട്ടിൽ കാണുന്ന പല ജനവിരുദ്ധ, രാജ്യവിരുദ്ധ, ദേശവിരുദ്ധ പ്രവർത്തനങ്ങൾ? യഥാർത്ഥ ചരിത്ര സത്യങ്ങളെയെല്ലാം തമസ്ക്കരിച്ച്, കൊള്ളുക്കാരെയും ആക്രമണകാരികളെയും മഹത്വവല്ക്കരിച്ച്, കുരുന്നു മനസ്സുകളിൽ അടിമത്വത്തോടുള്ള അഭിവാഞ്ഛ വളർത്തുന്ന വിദ്യാഭ്യാസം; ഇത് തിരുത്തപ്പെടണം - മാറ്റപ്പെടണം. ജീവിതത്തിന്റെ ആത്യന്തികലക്ഷ്യം യഥാർത്ഥത്തിൽ ഞാനെന്ന ആത്മാവിന്റെ ആവരണം മാത്രമായ ശരീരത്തിനുവേണ്ടിയുള്ള ഭോഗങ്ങളോ അതിനുവേണ്ടിയുള്ള ധനസമ്പാദനമോ അല്ല എന്നും 'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന തത്വത്തിലൂന്നി നിന്നുകൊണ്ട് ഈ പ്രപഞ്ചത്തിലെ സകല ചരാചരങ്ങളേയും സ്നേഹിക്കുന്ന, അതിനുവേണ്ടി ജീവിക്കുന്ന നിസ്വാർ ഥമതികളായ ജനതയെ വാർത്തെടുക്കുന്ന നമ്മുടെ തനതായ സംസ്കാരാധിഷ്ഠിതവിദ്യാഭ്യാസസമ്പ്രദായത്തിലേയ്ക്ക് നാം മടങ്ങണം-'തമസോമാ ജ്യോതിർഗമയ' എന്ന തത്വത്തിലധിഷ്ഠിതമായി അതിലേക്കുതകുന്ന പൗരാണിക വിദ്യാഭ്യാസ സമ്പ്രദായത്തിലേയ്ക്ക്. അതുവഴി സത്യസന്ധതയുള്ള, സംസ്കാരസമ്പന്നരായ പുതിയ തലമുറയെ വാർത്തെടുക്കണം. അങ്ങനെ നമ്മുടെ നഷ്ടപ്രതാപങ്ങൾ വീണ്ടെടുത്ത് ഉജ്ജ്വല ശോഭയോടുകൂടി ഭാരതം വീണ്ടും ലോകത്തിന്റെ മുൻനിരയിലെത്തട്ടെ.

*വന്ദേ മാതരം*



# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

പ്രിയ കരയോഗാംഗങ്ങളെ,

**എ**റണാകുളം കരയോഗത്തിന്റെ 97-ാം മത് വാർഷിക പൊതുയോഗം 2022 ജൂൺ മാസം 26-ാം തീയതി ഞായറാഴ്ച രാവിലെ ടി.ഡി.എം ഹാളിൽ വച്ചു വളരെ ഭംഗിയായി നടത്തുവാൻ കഴിഞ്ഞു.

2022-23 ലേയ്ക്ക് Capital Budget ൽ 8.86,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. Revenue Budget ൽ 2,26,00,000 രൂപയും ആകെ മൊത്തം 2022 -23 കരയോഗം Budget ൽ 111200000 രൂപയുടെ Budget നാണ് 97-ാംമത് വാർഷിക പൊതുയോഗം അംഗീകാരം നൽകിയിട്ടു ള്ളത്.

പമ്പാഹാളിന്റെയും മെയിൻഹാളിന്റെയും റൂഫ്ഷീറ്റുകൾ മാറ്റി ബലപ്പെടുത്തി, ഒരു മിനി ഹാൾ തയ്യാറാക്കുവാനും, ഇതിൻെറ മുകളിൽ സോളാർ പാനൽ സ്ഥാപിച്ച് ടി ഡി എം ഹാളിന്റെ ഉപയോഗത്തിനായി സൂര്യതാപവൈദ്യുതി ഉത്പാദിപ്പിക്കുവാനും, പൊതുജനങ്ങൾക്കായി ഒരു ലിഫ്റ്റ് സ്ഥാപിക്കുവാനും, കരയോഗം വക ചെറായി തൃക്കടക്കാപ്പിള്ളി സ്ഥലത്ത് പെൺകുട്ടികളെ സംരക്ഷിക്കുന്നതിനായി ഒരു ചൈൽഡ്ഹോമിനുവേണ്ടി ഒരു കെട്ടിട സമുച്ചയം, കരയോഗത്തിന്റെ പാലാരിവട്ടത്തുള്ള പ്രശാന്തി ഓൾഡ് ഏജ് ഹോം ന്റെ താഴത്തെ നില നവീകരിച്ച് മൊത്തം പാലിയേറ്റീവ് കെയർ സംവിധാനത്തോടെ വൃദ്ധജനങ്ങൾക്ക് താമസിക്കുന്നതിന് ആധുനിക രീതിയിലുള്ള 14 മുറികൾ നവീകരിക്കുക, തുടങ്ങിയ പദ്ധതികൾ ആണ് പൊതുയോഗം അംഗീകരിച്ചത്. ഇതെല്ലാം തന്നെ വരും വർഷങ്ങളിലെ സാമ്പത്തിക സ്രോതസ്സിനെ ആശ്രയിച്ച് നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിച്ചുകൊള്ളട്ടെ.

കഴിഞ്ഞ 2 വർഷമായി ടി ഡി എം ഹാളിൽ വച്ച് പൊതുയോഗം കൂടുവാൻ കഴിയാത്ത സാഹചര്യമായിരുന്നു. ഈ പൊതുയോഗത്തിൽ നേരിട്ട് പങ്കെടുക്കുകയും വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുകയും ചെയ്ത ഓരോ അംഗങ്ങളോടുമുള്ള കടപ്പാടും നന്ദിയും രേഖപ്പെടുത്തുന്നു. 2022 -26 ലേയ്ക്ക് കരയോഗം ഭരണസമിതിയിൽ ഒഴിവു വന്ന സ്ഥാനങ്ങളിലേക്ക് കരയോഗം നിയമാവലി അനുസരിച്ച് റിട്ടേണിംങ്ങ് ഓഫീസർ അഡ്വ. എം. രാജേന്ദ്രകുമാർ തിരഞ്ഞെടുപ്പു നടപടി ക്രമങ്ങൾ പൂർത്തിയാക്കി പൊതുയോഗ സമക്ഷം ഔദ്യോഗികമായി

പ്രസിഡന്റ് ആലപ്പാട്ട്മുരളീധരൻ, വൈസ് പ്രസിഡന്റ് ബാലഗോപാലൻ. എ. അസ്സി. സെക്രട്ടറി ഗിരിജാവല്ലഭൻ. പി. ഭരണസമിതി അംഗങ്ങൾ, രാജഗോപാൽ. കെ., സജീവ്കുമാർ. വി., ശരത്ത്കുമാർ. എസ്., ബാലചന്ദ്രൻ. എം. സുമംഗലാ ദേവി. സി., ശുഭാ വിജയകുമാർ. എന്നീ ഭാരവാഹികളുടെ പേരുവിവരങ്ങൾ പ്രഖ്യാപിച്ചു. ഈ തിരഞ്ഞെടുക്കപ്പെട്ട പുതിയ ഭരണസമിതി അംഗങ്ങൾ അടുത്ത ദിവസം ഭരണ ചുമതല ഏറ്റെടുത്തു. പൊതുയോഗത്തിന്റെ തീരുമാനങ്ങളും കരയോഗത്തിന്റേയും സമുദായത്തിന്റെയും താല്പര്യങ്ങളും മുൻനിർത്തി കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുമെന്ന് അംഗങ്ങളെ അറിയിച്ചു കൊള്ളട്ടെ.

കരയോഗത്തിന്റെ ഭരണം ഭരണസമിതി അംഗങ്ങൾ അടങ്ങുന്ന 21 പേർ മാത്ര

മല്ല എന്നും വിപുലമായ 30 ഓളം ഉപസമിതി കൺവീനർമാരും അതിലെ അംഗങ്ങളും ദൈനംദിനം കരയോഗത്തിന്റെ പ്രവർത്തനങ്ങളിൽ ഇടപെടുകയും അവരുടെ നിർദ്ദേശങ്ങളും ഉപദേശങ്ങളും സ്വീകരിച്ച് ആണ് നാളിതുവരെ എറണാകുളം കരയോഗം മുന്നോട്ട് പോയിരുന്നത് എന്നും ഇവിടെ പ്രസ്താവിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്.

2025 എറണാകുളം കരയോഗം അതിന്റെ 100-ാമത് പ്രവർത്തന വർഷത്തിലേയ്ക്ക് കടക്കുകയാണ്. അതിലേക്കുതകും വിധം പ്രവർത്തനങ്ങൾ വിപുലീകരിക്കുകയുമാണ്. ഈ കഴിഞ്ഞ പൊതുയോഗം എറണാകുളം കരയോഗത്തിന്റെ ശതാബ്ദി അതിവിപുലമായ രീതിയിൽ നടത്തണമെന്ന് തത്ത്വത്തിൽ അംഗീകരിക്കുകയും അടുത്ത വർഷം മുതൽ നമുക്ക് ഒരുമിച്ച് എറണാകുളം കരയോഗത്തിന്റെ ശതാബ്ദി ആഘോഷങ്ങൾക്കു വേണ്ടിയും അതോടനുബന്ധിച്ചുള്ള വിവിധ പദ്ധതികളുടെ നടത്തിപ്പിനുവേണ്ടിയുമുള്ള എല്ലാ കാര്യങ്ങളും കൂടിയാലോചിച്ചും ചർച്ചചെയ്തും തീരുമാനമെടുത്തും മുമ്പോട്ടു പോകണമെന്നും ആയതിനുവേണ്ടി എല്ലാ അംഗങ്ങളുടേയും സഹായസഹകരണങ്ങൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

കഴിഞ്ഞ 2 വർഷം സാമ്പത്തികമായി പല പ്രയാസങ്ങളും ബുദ്ധിമുട്ടുകളും നേരിട്ടു കൊണ്ട് തന്നെയാണ് മുന്നോട്ട് പോകുവാൻ കഴിഞ്ഞിട്ടുള്ളത്. ഈ പ്രയാസങ്ങളെല്ലാം വരും വർഷങ്ങളിൽ മറി കടക്കുകയും കൂടുതൽ സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തി ഈ പ്രസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറ ഭദ്രമാക്കേണ്ടതും എറണാകുളം കരയോഗം പുതിയ ഭരണസമിതിയുടെ വലിയ ഉത്തരവാദിത്വമാണ്. എന്നാൽ ഒരു ഭരണസമിതി വിചാരിച്ചാൽ മാത്രം അത് പൂർണ്ണതയിൽ എത്തിക്കുവാൻ കഴിയുമെന്ന് ഞങ്ങൾ വിശ്വാസിക്കുന്നില്ല. അതിന് ഏറ്റവും അടിസ്ഥാനപരമമായ സേവനവും സഹായവും ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകേണ്ടത് കരയോഗാംഗങ്ങൾ ഓരോരുത്തരും കൂടിയാണ്. നിങ്ങളുടെ സഹായം ഉണ്ടെങ്കിൽ മാത്രമേ കൂടുതൽ കൂടുതൽ യശസ്സ് വർദ്ധിപ്പിക്കുവാനും സേവനമേഘല വിപുലപ്പെടുത്തുവാനും സാധിക്കുകയുള്ളു. എന്ന് ഇവിടെ പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

കഴിഞ്ഞ 2 വർഷമായി കരയോഗസൗഹൃദം അച്ചടിച്ച് അംഗങ്ങൾക്ക് വിതരണം ചെയ്യുവാൻ കഴിഞ്ഞില്ല. കരയോഗത്തിന്റെ സാമ്പത്തിക പ്രയാസങ്ങളും പേപ്പർ, ലേബർ, അച്ചടികൂലി എന്നിവയിലുള്ള വർദ്ധനവും അതിനൊരു തടസ്സമായിരുന്നു. എന്നാൽ കരയോഗസൗഹൃദം ഇപ്പോൾ ഉള്ള സൈസിൽ നിന്നും ചെറുതാക്കി ക്രൗൺ (18X24) സൈസിൽ പ്രിന്റ് ചെയ്ത് വിതരണം ചെയ്യുന്ന കാര്യം സജീവമായ പരിഗണനയിലാണ്. അനുകൂലമായ സാഹചര്യവും സാമ്പത്തികമായ പ്രയാസങ്ങളും ഒഴിവാകുന്ന മുറയ്ക്ക് കരയോഗസൗഹൃദം അച്ചടിച്ച് അംഗങ്ങൾക്ക് വിതരണം ചെയ്യുവാൻ പരമാവധി ശ്രമിക്കുമെന്ന് അറിയിച്ചു കൊള്ളട്ടെ. കരയോഗാംഗങ്ങളുടെ ഒരു കുടുംബത്തിലേയ്ക്ക് ഒരു സൗഹൃദം മാത്രം അയയ്ക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ഒന്നിൽ കൂടുതൽ സൗഹൃദം ലഭിക്കുവാണെങ്കിൽ ദയവായി കരയോഗം ഓഫീസിൽ ടി വിവരം അറിയിക്കണമെന്ന് അപേക്ഷിക്കുന്നു. ഇതിനോട് അംഗങ്ങളുടെ സഹകരണം പൂർണ്ണമായി അഭ്യർത്ഥിക്കുന്നു.

കരയോഗത്തിന്റെ തുടർന്നുള്ള എല്ലാം പ്രവർത്തനങ്ങളിലും അംഗങ്ങളുടെ സാന്നിധ്യവും സഹകരണവും അഭ്യർത്ഥിച്ചുകൊള്ളുന്നു.

ജനറൽ സെക്രട്ടറി.

*****



# ബാലലോകം

പറവൂർ രാജഗോപാൽ (ഫോൺ: 9847291483)

## കളിയും കാര്യവും

*പ്രിയപ്പെട്ട ബാലലോകം കൂട്ടുകാരേ,*

മഹാപണ്ഡിതനായിരുന്നു ഈശ്വരചന്ദ്രവിദ്യാസാഗർ. വളരെ ലളിതമായി ജീവിതം നയിക്കുന്ന ആളായിരുന്നു. അദ്ദേഹം. വൃത്തിയുള്ള വേഷം, പറ്റെ വെട്ടിയ മുടി, വിനയം സ്ഫുരിക്കുന്ന സംസാരം ഇവ അദ്ദേഹത്തിന്റെ പ്രത്യേകതകളായിരുന്നു.

ഒരിക്കൽ സ്നേഹിതനായ ഒരു ധനാഢ്യന്റെ മകളുടെ വിവാഹത്തിന് അദ്ദേഹത്തിനും ക്ഷണം കിട്ടി. വിവാഹവിരുന്നിന് വിദ്യാസാഗറും ചെന്നു. പക്ഷേ, വിലകുറഞ്ഞ വസ്ത്രം ധരിച്ചെത്തിയ അദ്ദേഹത്തെ അകത്തേക്കു കടത്തിവിടാൻ ധനാഢ്യന്റെ പരിചാരകൻ കൂട്ടാക്കിയില്ല. തിരികെ വീട്ടിലെത്തിയ അദ്ദേഹം വിലയേറിയ വസ്ത്രം ധരിച്ച്, കഴുത്തിൽ കസവുഷാൾ അണിഞ്ഞ്, സ്വർണ്ണഫ്രെയിമിലുള്ള കണ്ണടയും വെച്ച്, വാച്ചും ധരിച്ച് വീണ്ടും വിരുന്നിനെത്തി. വാതിൽക്കൽ നിന്നിരുന്ന അതേ പരിചാരകർ അപ്പോൾ ഒരു വിലക്കും കൽപ്പിക്കാതെ അദ്ദേഹത്തെ അകത്തേക്കു കടത്തിവിട്ടു. വിരുന്ന് വിളമ്പി തുടങ്ങി. വിദ്യാസാഗർ എഴുന്നേറ്റു നിന്ന് ഉച്ചത്തിൽ പറഞ്ഞു.

‘എടാ വസ്ത്രമേ നീ കേക്കു കഴിക്ക്. എടാ കണ്ണടേ നീ പഴം തിന്ന്’

താൻ ധരിച്ചിരുന്ന ഓരോ വസ്ത്രവും ഭക്ഷണത്തിന്മേൽ തൊടുവിച്ചു കൊണ്ടാണ് അദ്ദേഹം ഇങ്ങനെ പറഞ്ഞത്. അവിടെ കൂടിയിരുന്നവർക്കെല്ലാം അത് കേട്ട് അത്ഭുതമായി. വിദ്യാസാഗർക്ക് ഇതെന്തേ, വിഭ്രമമായോ? എന്നുപോലും അവർ കരുതി. ഇതുകേട്ട് ധനാഢ്യനായ സ്നേഹിതൻ അദ്ദേഹത്തിന്റെ അടുത്തു വന്നു കാര്യം തിരക്കി.

വിദ്യാസാഗർ പറഞ്ഞു. ‘അതേ, കുറച്ചു മുമ്പ് വിലകുറഞ്ഞ വസ്ത്രം ധരിച്ചുവന്ന എന്നെ നിങ്ങളുടെപരിചാരകർ.അകത്തേക്കുപ്രവേശിപ്പിക്കാതെ പുറത്തു തടഞ്ഞുവെച്ചു. വിലപിടിച്ച വേഷവിധാനത്തിലെത്തിയപ്പോൾ അതേ പരിചാരകർ എന്നെ സ്വീകരിച്ചാനയിച്ചു. അപ്പോൾ നിങ്ങൾക്കുള്ള ബഹുമാനം എന്നോടോ അതോ എന്റെ വേഷഭൂഷാദികളോടോ’?

ധനികനും പരിചാരകർക്കും മറുപടി പറയാൻ പോലും പറ്റാതെ നിശ്ചലരായി നിൽക്കേണ്ടി വന്നു.

നാം ധരിക്കുന്ന വസ്ത്രം വൃത്തിയുള്ളതായിരിക്കണം. വേഷം സ്വച്ഛമായിരിക്കണം. നമുക്ക് ഇണങ്ങുന്നതാവണം. മാന്യമായിരിക്കണം. ആർക്കും അതൊരു വേഷം കെട്ടലായി തോന്നരുത് എന്നതാണ് മുഖ്യം. വസ്ത്രത്തിന്റെ വിലയും പളപളപ്പുമൊന്നുമല്ല പ്രധാനമാകേണ്ടത്. നടപ്പിലും, എടുപ്പിലും, വേഷധാരണത്തിലും, പെരുമാറ്റത്തിലുമെല്ലാം വേണ്ടത് കുലീനതയും മാന്യതയും തന്നെയാണ്.

പ്രശസ്ത സാഹിത്യകാരനായ വൈക്കം മുഹമ്മദ് ബഷീറിനെ കൂട്ടുകാർക്ക് അറിയുമല്ലോ ഇല്ലേ ഇമ്മിണി വല്യൊന്നിന്റെ ആള് ‘ബാല്യകാലസഖി’യും ‘പ്രേമലേഖന’വും ‘ന്റുപ്പാപ്പയ്ക്കൊരാനയിണ്ടാർന്നും’ ഒക്കെ അദ്ദേഹത്തിന്റെ കൃതികളാണ്. അദ്ദേഹം എഴുതിയ നീലവെളിച്ചം എന്ന ചെറുകഥയാണ് ‘ഭാർഗവീനിലയം’ എന്ന പേരിൽ സിനിമയായത്. ‘മതിലുകൾ’ എഴുതിയതും അദ്ദേഹം തന്നെ. അതും പിന്നീട് അതേ പേരിൽ അഭ്രപാളികളിലെത്തി.

വൈക്കം മുഹമ്മദ് ബഷീർ ഒരിക്കൽ ഒരു ചായക്കടയിൽ കയറി. മഴക്കാലമായിരുന്നതിനാൽ കൈയിലൊരു കുടയുമുണ്ട്. പുതിയ കുടയായതിനാലും കുട മോഷ്ടാക്കളുടെ എണ്ണം എവിടെയും പെരുകിവരുന്ന കാലമായതിനാലും അദ്ദേഹം താനിരിക്കുന്ന ബഞ്ചിനു നേരെയുള്ള ഒരു മൂലയിൽ കുടയും വച്ചാണ് ചായ കുടിക്കാൻ ഇരുന്നത്. അൽപനേരം കഴിഞ്ഞതേയുള്ളൂ പാന്റും ഷർട്ടും കൂളിംങ്ങ്ഗ്ലാസ്സും ധരിച്ച ഒരു യുവസുന്ദരൻ ചായകുടിയും കഴിഞ്ഞ് യാതൊരു ചാഞ്ചല്യവും കൂടാതെ ബഷീറിന്റെ കുടയുമെടുത്തു നടക്കാൻ തുടങ്ങി. ബഷീർ വേഗം എഴുന്നേറ്റു ചെന്ന് യുവാവിനോട് തിരക്കി. ‘നിങ്ങളുടെ പേര് വൈക്കം മുഹമ്മദ് ബഷീർ എന്നാ

ണോ? അല്ല' യുവാവ് പറഞ്ഞു. 'എങ്കിലേ ഈ കുട വൈക്കം മുഹമ്മദ്ബഷീറിന്റേതാണ്. അതു ഞാനാണ്. അതുകൊണ്ട് കുട അവിടെ വെച്ചിട്ടു പൊക്കോളൂ'.

ചായക്കടയിലും ക്ഷേത്രപരിസരത്തുമൊക്കെ ഇക്കൂട്ടർ പൊതുവെ കൂടുതലാണ്. എക്കാലവും ചെരിപ്പും കുടയുമൊക്കെ ചൂണ്ടുന്നവർ. വല്ലവന്റേയും സാധനങ്ങൾ അടിച്ചുമാറ്റാൻ ചിലർക്ക് വലിയ കമ്പമാണ്. മാന്യത വസ്ത്രധാരണത്തിൽ മാത്രം പോരാ പെരുമാറ്റത്തിലും വേണം. മാന്യമായ ശീലങ്ങൾ മക്കൾ ചെറുപ്രായം മുതൽ വളർത്തിക്കൊണ്ടുവരണം. കുടയായാലും ചെരുപ്പായാലും മറ്റു വസ്തുക്കളായാലും അന്യന്റെ മുതൽ കൈയ്ക്കലാക്കുന്നത് കുറ്റം തന്നെയാണ്. മറ്റാരും കണ്ടിട്ടില്ലെങ്കിൽ കുഴപ്പമില്ലെന്നു കരുതുന്ന ഇത്തരം ചെറിയ കുറ്റകൃത്യങ്ങൾ വലിയ കുറ്റങ്ങളിലേക്ക് ഒരാളെ കൊണ്ടെത്തിക്കും. അതുകൊണ്ട് അത്തരം പ്രവണതകൾക്കെതിരെ ജാഗ്രത പുലർത്തണം.

ബർനാഡ്ഷായുടെ പ്രശസ്തിയിൽ അസൂയാലുവായിരുന്ന ഒരാൾ ഒരിക്കൽ അദ്ദേഹത്തെ ഒന്ന് കൊച്ചാക്കുവാൻ തീരുമാനിച്ചു.

അയാൾ പറഞ്ഞു. 'വിഡ്ഢികൾക്കായി ഒരു മത്സരം നടത്തിയാൽ, യാതൊരു സംശയവുമില്ല ഷായ്ക്കുതന്നെ ഒന്നാം സമ്മാനം'.

ഷാ പ്രതിവചിച്ചു. 'പ്രിയസുഹൃത്തേ ഞാനും അങ്ങനെതന്നെയാണു കരുതിയിരുന്നതും പ്രതീക്ഷച്ചിരുന്നതും. എന്നാലിപ്പോൾ നിങ്ങളെ കണ്ടതുമുതൽ മാത്രമാണ് എനിക്കു രണ്ടാം സ്ഥാനമേ കിട്ടുകയുള്ളുവല്ലോ എന്നോർത്ത് ദുഖിക്കുന്നത്'. വടി കൊടുത്ത് അടി വാങ്ങിയ ആ അസൂയാലുവിന്റെ അവസ്ഥ എങ്ങനെയെന്ന് ഊഹിക്കാമല്ലോ

കളിയാക്കാനും പരിഹസിക്കാനും വരുന്നവരോട് കളിതമാശയിലൂടെത്തന്നെ കാര്യം പറയണം.

നിങ്ങളുടെ മനസ്സ് തകർന്നതായി ആർക്കും തോന്നരുത്. തകർന്ന വീടിന്റെ ഇഷ്ടികകൾ എടുത്തുമാറ്റാൻ തക്കം പാർത്തിരിക്കുന്നവരാണ് നമുക്കു ചുറ്റുമുള്ള ഏറെ പേരും. പുഞ്ചിരിക്കുന്നവരാണ് നമുക്കു ചുറ്റുമുള്ള ഏറെ പേരും. പുഞ്ചിരിക്കുക എപ്പോഴും, അതു നിങ്ങളുടെ ശത്രുവിന്റെ മനസമാധാനം കെടുത്തും.

സാധുവായൊരു സന്യാസിയുണ്ടായിരുന്നു. കുട്ടികളെ ഏറെ കാര്യമായിരുന്നു അദ്ദേഹത്തിന് സുഹൃത്തുക്കളെപ്പോലെയായിരുന്നു അദ്ദേഹം അവരെ കണ്ടിരുന്നത്. കളി തമാശകളിലൂടെ മഹത് കാര്യങ്ങൾ അവരെ മനസ്സിലാക്കുക എന്ന തത്ത്വമായിരുന്നു അദ്ദേഹം സ്വീകരിച്ചിരുന്നത്.

ഒരിക്കൽ അദ്ദേഹം കൊച്ചുകുട്ടികളോട് ചോദിച്ചു. 'അപ്പഴേ മക്കളെ അവൽ തിന്നാനാണോ കളവു പറയാനാണോ വിഷമം'. 'അവൽ തിന്നാൻ' നിഷ്ക്കളങ്കരായ കുട്ടികളുടെ മറുപടി കേട്ട് അദ്ദേഹം പൊട്ടിച്ചിരിച്ചു.

നിഷ്ക്കളങ്കത കുഞ്ഞുമക്കളുടെ മുഖമുദ്രയാണ്. വളരുന്തോറുമാണ് അത്തരം സാത്വികതകൾ കൈമോശം വരുന്നത്. പ്രായമെത്ര ഏറിയാലും വളർന്നു വലിയവരായാലും കൈമോശം വരാതെ കാത്തുസൂക്ഷിക്കണം മക്കളേ നിങ്ങൾ നിങ്ങളിലെ കുട്ടി മനസ്സ്.

വിൻസ്റ്റൻ ചർച്ചിൽ ഒരിക്കൽ തന്റെ സ്നേഹിതരുമൊത്ത് വെടി പറഞ്ഞിരിക്കയായിരുന്നു. ഇടയ്ക്ക് അദ്ദേഹം ഒന്നു മൂത്രമൊഴിക്കാൻ മൂത്രപ്പുരയിലേക്കു പോയി. പോകും മുമ്പ് ചർച്ചിൻ താൻ ഉപയോഗിച്ചിരുന്നു തുവാല തന്റെ ഇരിപ്പിടത്തിൽ ഇട്ടിട്ടാണു പോയത്. ചർച്ചിലിനെ ഒന്നു പറ്റിക്കണമെന്നു ചിന്തിച്ച് സ്നേഹിതരിൽ ഒരാൾ ആ തൂവാലയിൽ പെട്ടെന്ന് ഒരു കഴുതയുടെ ചിത്രം വരച്ചു വെച്ചു. തിരികെ എത്തിയ ചർച്ചിൽ അതുകണ്ടു. സ്നേഹിതർ അപ്പോഴേയ്ക്കും ചിരിച്ചുമറിയാൻ തുടങ്ങിയിരുന്നു.

യാതൊരു ഭാവവ്യത്യാസവും അവരെ കാണിക്കാതെ, ചർച്ചിൽ അവരോടായി പറഞ്ഞു.

'ആരാണു ഞാൻ മൂത്രമൊഴിക്കാൻ പോയ തക്കത്തിന് എന്റെ തൂവാലയെടുത്ത് മുഖം തുടച്ചത്'

ഈയൊരു രസികത്വം ജീവിതത്തിൽ ഉണ്ടായാൽ നന്ന്. ഇക്കാണുന്ന കാഴ്ചകൾക്കൊക്കെ ഇത്രയേ അർത്ഥം കൽപ്പിക്കേണ്ടതുള്ളൂ എന്നൊരു നിസ്സാരത്വം ചിന്തകളിൽ ചേർത്താൽ ജീവിതത്തിന്റെ പിരിമുറുക്കം ഒട്ടൊന്നഴഞ്ഞു തുടർയാത്രകൾ ലാഘവത്തോടാകാനാവും.

ഒരാൾ കടൽ കണ്ടു വന്നു.

'എങ്ങനെയുണ്ട്' മറ്റൊരാൾ ചോദിച്ചു.

'സമുദ്രമെന്തൊരത്ഭുതം' കണ്ടു വന്ന ആൾ പറഞ്ഞു. പണ്ട് ഒരു ഉപ്പുപാവ കടലിന്റെ ആഴം അളന്നു വരാമെന്നു പറഞ്ഞു തിരയിൽ മുങ്ങി. അലിഞ്ഞുപോയി.

വെണ്ണയുരുക്കുമ്പോൾ മൂക്കും വരെ ശീ ...ശീ...എന്ന് കേൾക്കും. മൂത്ത് നെയ്യായാൽ

പിന്നെ ഒച്ചയില്ല. തിളച്ച എണ്ണയിൽ പച്ചപപ്പടം ഇട്ടാൽ ശീ...ശീ.. കേൾപ്പിക്കും. പിന്നെ നിശ്ശബ്ദമാവും. വണ്ട് പൂവിൽ വന്നിരിക്കും വരെ മൂളുന്നു. തേൻ നുകർന്നാൽ പിന്നെ മൂളലില്ല. കുടത്തിൽ ജലം നിറയ്ക്കുമ്പോൾ ഭും....ഭും...കേൾക്കും കുടം നിറഞ്ഞാൽ ശാന്തം. എന്നാൽ മറ്റൊരു കുടത്തിലേക്കു ജലം പകരുമ്പോൾ വീണ്ടും ശബ്ദം വരും.

കപ്പലുകളെ കരപറ്റിക്കുന്ന മഹാസമുദ്രങ്ങൾ വിദൂര ഭൂഖണ്ഡങ്ങളുടെ അരികിൽ അലയടിക്കുന്നു. പാഴ്കല്ലുകളെ ഒഴുക്കി ഒഴുക്കി ഉരുളാക്കുന്നു പുഴ.

തിളച്ചവെള്ളത്തിൽ നിന്നേ ആവി ഉയരൂ. ഉത്സാഹമുള്ള മനസ്സിൽ നിന്നേ ആശയങ്ങൾ ഉണരൂ. മിന്നാമിനുങ്ങ് അന്ധകാരത്തോട് ചോദിച്ചു. 'ഞാൻ നിന്റെ മിത്രമോ അതോ ശത്രുവോ'?

അന്ധകാരം പറഞ്ഞു.

'നീ ചിറകുകൾ വിടർത്തുമ്പോൾ ഞാൻ നിന്റെ മിത്രം. നീ ചിറകുകൾ അടക്കുമ്പോൾ ഞാൻ നിന്റെ ശത്രു'.

പണ്ടൊരുറുമ്പ് പഞ്ചാരക്കുന്ന കണ്ടു. ഇഴഞ്ഞുചെന്ന് ഒരു ചെറുതരി തിന്നു. വയറു നിറഞ്ഞു. ഒരു തരി ചുണ്ടിലെടുത്ത് വീട്ടിലേക്കു തിരിക്കുമ്പോൾ ഉറുമ്പു വിചാരിച്ചു.

'ഇനി വരുമ്പോൾ ഈ മധുരമല മുഴുവൻ കൊണ്ടു പോകണം'.

ഇതേ അൽപത്വമാണ് മനുഷ്യനും.

മക്കൾ അറിവുകൊണ്ടുള്ളം നിറഞ്ഞവരാകണം. വലിയ മനസ്സിന്റെ ഉടമകളാകണം. വിശാല നീലാകാശം പോലെ വിരാജിക്കണം.

ചിരിക്കാനും തമാശ പറയാനും പഠിക്കുക. സന്തോഷത്തിൽ വിനയഭാവവും, ദുഖത്തിൽ ശാന്തതയും കൈവിടാതിരിക്കുക. സഹായിക്കാനും, സാഹചര്യങ്ങളെ മനസ്സിലാക്കി പെരുമാറാനും പഠിക്കുക. തിരിച്ചറിവുള്ളവരാകുക. സ്നേഹം പങ്കുവെയ്ക്കുക. പണത്തേക്കാളും മറ്റെന്തിനേക്കാളുമുപരി സ്നേഹം പങ്കിടാൻ കഴിയുന്നതാണ് ജീവിതത്തിന്റെ ഊഷ്മളത.

പ്രകൃതിയിലേക്ക് മടങ്ങിപ്പോവാനുള്ള പാത തുറക്കുന്ന താക്കോൽ എവിടെയാണെന്ന് കണ്ടെത്തുക. ചരിത്രം തിരിച്ചറിയുക. ചരിത്രം ആത്മധൈര്യം നൽകുന്നതും ദിശാബോധം നൽകുന്നതുമായ ഒരു വിഷയമാണ്. ചരിത്രമില്ലാതെ ഭാവിയില്ല. ഭാവിചരിത്രമെഴുതേണ്ടവർ നിങ്ങളാണ്. ജാഗരൂകരാകുക.

അറിവും ചുമന്നു നടക്കുന്ന അഹങ്കാരത്തിന് യാതൊരു വിലയുമില്ല. അനാവശ്യമായ ചിന്തകളാണ് മനുഷ്യമനസ്സുകളിൽ ഇന്ന് അധികം. ഏറെയും ഒരു പ്രയോജനവുമില്ലാത്ത ചിന്തകൾ. അത്തരം ചിന്തകളിൽ ചെന്നെത്താതെ വിവേകപൂർവ്വമായ തീരുമാനങ്ങളുമായി മുന്നോട്ടു പോവുക.

കലഹങ്ങൾ പെരുത്തകാലമാണിത്. കുട്ടികൾ തോക്കുകൊണ്ട് സുഹൃത്തുക്കളെ കൊന്നും കൂട്ടുകാരിയെ മാനം കെടുത്തിയും കളിക്കുന്ന കാലം. അപ്പോൾ മുതിർന്നവരുടെ കാര്യം പറയാനുണ്ടോ. പ്രസംഗിച്ചും ആനുകാലികങ്ങളിൽ പേജും കണക്കിലെഴുതി വിട്ടും. ലോകം നന്നാക്കാം എന്ന് ഇനിയും വിശ്വസിച്ചിരിക്കുന്നതിൽ അർത്ഥമില്ല. ഫലവത്തായ മേഖലകളെ തിരിച്ചു പിടിക്കാനുള്ള ശ്രമങ്ങളും ശ്രദ്ധയും വേണ്ടും വണ്ണം നടത്തേണ്ടതുണ്ട്. അതിനൊരു ആഹ്വാനമാവട്ടെ പറഞ്ഞുവന്നതിത്രയും.

# മറന്നുപോയ പ്രാർത്ഥന

ഒരിടത്ത് വേലു എന്നുപേരായ ഒരു കച്ചവടക്കാരനുണ്ടായിരുന്നു. നിത്യേന കച്ചവടാവശ്യങ്ങൾക്കായി അതിരാവിലെ വേലു വീട്ടിൽ നിന്ന് പുറത്തുപോകും. ചില ദിവസങ്ങളിൽ നേരം ഏറെ വൈകിയിട്ടാവും പിന്നെ അയാൾ വീട്ടിൽ തിരിച്ചെത്തുക.

അതിരാവിലെ അയാൾ തന്റെ പൂജാമുറിയിൽ കയറി പ്രാർത്ഥനാ പുസ്തകം തുറന്ന് അതിൽ നോക്കി പ്രാർത്ഥിക്കും. പോകുമ്പോൾ വേലു തന്റെ പ്രാർത്ഥനാ പുസ്തകം കയ്യിലെടുക്കും. വീട്ടിൽ മടങ്ങിയെത്താൻ വൈകുന്ന ദിവസങ്ങളിൽ, സന്ധ്യയ്ക്ക് വഴിയിലെവിടെയെങ്കിലും നിന്ന് പ്രാർത്ഥനാ പുസ്തകം നോക്കി അയാൾ പ്രാർത്ഥിക്കും. രാവിലെയും വൈകീട്ടുമുള്ള പ്രാർത്ഥന തുടങ്ങിയ കാലം തൊട്ട് അന്നുവരെ വേലു മുടക്കിയിട്ടില്ല.

പക്ഷേ അന്ന്, വൈകീട്ട് ചന്തയിൽ നിന്ന് മടങ്ങുമ്പോൾ, തന്റെ കൈയിൽ പ്രാർത്ഥനാ

പുസ്തകമില്ലെന്ന് അയാൾ അറിഞ്ഞു.

മറന്നതാണ്, വീട്ടിൽ വെച്ച്!

നേരം സന്ധ്യയോടടുക്കുന്നു. വേഗം വീട്ടിലെത്തണം. വേലു അതിവേഗം തന്റെ കാളവണ്ടി തെളിച്ചു. വഴിയിലൊരിടത്തു വെച്ച് വണ്ടി നിന്നു. കാളകളിലൊരണ്ണം ക്ഷീണിച്ച്, മുടന്തി നിന്നതാണ് കാര്യം.

'കുറച്ചൊന്നു വിശ്രമിച്ചെങ്കിലേ, ഇനി അവൻ വണ്ടി വലിക്കൂ'., വേലു കാളകളെ അഴിച്ച്, വിശ്രമിക്കാൻ അല്പം മാറ്റി നിർത്തി.

സന്ധ്യ വന്നതു തന്നെ

പ്രാർത്ഥിക്കാനാവാതെ ദിവസം കടന്നു പോകുന്നുവെന്ന ചിന്ത അയാളെ ദുഖിതനാക്കി. അതുകൊണ്ട് ഇപ്രകാരമായിരുന്നു, നി റമിഴികളോടെയുള്ള അയാളുടെ പ്രാർത്ഥന.

ദൈവമേ വലിയൊരു മണ്ടത്തരമെനിക്കിന്നു പറ്റി. പ്രാർത്ഥനാ പുസ്തകമെടുക്കാതെയാണ് ഞാനിന്ന് വെളുപ്പിന് വീട്ടിൽ നിന്നിറങ്ങി തിരിച്ചത്. ഒന്നും ഓർമ്മിച്ചു വെയ്ക്കാനാവാത്ത എനിക്ക് പുസ്തകം നോക്കാതെ ഒരു പ്രാർത്ഥന പോലും ചൊല്ലാൻ കഴിയില്ല. അതുകൊണ്ട് ഇങ്ങനെയാണ് ഞാൻ ഇന്ന് പ്രാർത്ഥിക്കുന്നത്. വളരെ പതുക്കെ ഞാൻ അഞ്ചു വട്ടം അക്ഷരമാല ഉരുവിടാം. എല്ലാ ഭാഷയും പ്രാർത്ഥനയും അറിയുന്ന അങ്ങ് ആ അക്ഷരങ്ങൾ ചേർത്തുവെച്ച് ഞാൻ മറന്നുപോയ പ്രാർത്ഥന കേൾക്കേണമേ!

ദൈവം അന്ന് സന്നിധിയിൽ ഇങ്ങനെ മൊഴിഞ്ഞു. ഞാൻ ഇന്നു കേട്ട് പ്രാർത്ഥനകളിൽ ഏറ്റവും നിഷ്കളങ്കമായത് ഇതുതന്നെയാണ്. വളരെ ലളിതവും ആത്മാർത്ഥവുമായ ഒരു ഹൃദയത്തിൽ നിന്നാണ് അതുവന്നത്.

*****


# തൃശ്ശൂർ ജില്ലയിൽ ഭൂമി വിൽപ്പനയ്ക്ക്

തൃശ്ശൂർ-മുളൻകുന്നത്ത് കാവ് മെഡിക്കൽ കോളേജിൽ നിന്നും 1- 1 1/2 KM ദൂരത്തിൽ തൃശ്ശൂർ അവണൂർ-കേച്ചേരി ബസ് റൂട്ടിൽ 1 - 1 1/2 ഏക്കർ വിസ്തൃതി ഉള്ള കര ഭൂമികൾ വിൽപ്പനയ്ക്ക്

# എറണാകുളം എം.ജി. റോഡിൽ സ്ഥലം വാടകയ്ക്ക്

എറണാകുളം എം.ജി. റോഡിൽ ജോസ് ജംഗ്ഷനും പള്ളിമുക്കിനും ഇടയിൽ QRS- നു സമീപം Ground & First ഫ്ളോറുകളിൽ 100 sq.ft മുറികളും 2nd ഫ്ളോറിൽ 1650 sq.ft ഓഫീസ് മുറിയും വാടകയ്ക്ക്

**Interest Persons may please message to Whatsapp No. 9745007187**

**e-mail:kunnathjana@gmail.com**

**No Broker**



# വാസ്തുശാസ്ത്രം

ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ
(ഫോൺ: 9447032434)


കഴിഞ്ഞ ആഴ്ച പോയ ഒരു വീടിന്റെ പ്ലാൻ ഇവിടെ കൊടുക്കുന്നു. അവിടെ ആർക്കും മനസ്സമാധാനമില്ല. ഈ പ്ലാൻ പരിശോധിച്ചതിൽ കാര്യമായ കുഴപ്പങ്ങൾ ഒന്നും തന്നെയില്ല. നല്ല വീടാണ്. തെക്കോട്ടാണ് വീടിന്റെ മുഖം. വീടിനു ചുറ്റും ദാരാളം തുറസായ സ്ഥവുമുണ്ട്. കിടപ്പുമുറികളെല്ലാം തന്നെ പടിഞ്ഞാരു വശത്താണ്. തെക്കു പടിഞ്ഞാറെ കിടപ്പുമുറിക്ക് തെക്കും പടിഞ്ഞാറും ജന്നലുകളുണ്ട്. വാതിൽ വടക്കും കിഴക്കെ മൂലയിലും ആണ്. വടക്കു പടിഞ്ഞാറുള്ള കിടപ്പുമുറിയ്ക്കു പടിഞ്ഞാറുന്ന് നല്ല ജനലുണ്ട്. അടുക്കള കിഴക്ക് മദ്ധ്യത്തിന്റെ വടക്കാണ്. അടുക്കളക്ക് കിഴക്കോട്ട് ജന്നലുണ്ട്. അടുക്കളയുടെ വടക്ക്, വീടിന്റെ വടക്കു കിഴക്കെ മൂലയിൽ വർക്ക് ഏരിയ ആണ്. വർക്ക് ഏരിയയ്ക്ക് വടക്കോട്ടാണ് വാതിലും, ജനലും. വീടന്റെ വടക്കുകിഴക്കെ മൂലയിൽ കിഴക്കോട്ട് ഒരു ജനൽ വേണം. അതുകൊണ്ട് വർക്ക് ഏരിയയുടെ കിഴക്ക് വടക്ക് ഒരു ജനൽ വേണം. എന്നാൽ മാത്രമാണ് ഉത്തരായനത്തിൽ ഉദയരശ്മികൾ വീടിനകത്തേക്ക് ധാരാളം വരികയുള്ളൂ. വീടിന്റെ തെക്ക് മദ്ധ്യത്തിലുള്ള വരാന്തയിൽ നിന്ന് ആണ് വീടിനകത്തുകടക്കുവാനുള്ള പ്രധാന വാതിൽ. പ്രധാനവാതിൽ കടന്നാൽ സാമാന്യം നല്ല ഒരു ഹാളാണ്. വീട്ടിലേയ്ക്കു കടക്കുന്ന പ്രധാനവാതിൽ ആ ഹോളിന്റെ തെക്കു പടിഞ്ഞാറുഭാഗത്താണ്. തന്നെയുമല്ല ഈ വാതിൽ വരുന്നത് വീടിന്റെ തെക്കു വശത്ത് മദ്ധ്യത്തിന് പടിഞ്ഞാറാണ്. തെക്കോട്ടു മുഖമുള്ള വീടായതുകൊണ്ട് പ്രധാന വാതിൽ വീടിന്റെ മദ്ധ്യത്തിന്റെ കിഴക്കു തന്നെ വേണം. ഇവിടെ പ്രധാനവാതിലിന്റെ സ്ഥാനം രണ്ടു തരത്തിൽ വീടിനു ദോഷം ചെയ്യുന്നു.

1. പ്രധാന വാതിൽ പ്രധാന ഹോളിന്റെ തെക്കു പടിഞ്ഞാറെ മൂലയിലാണ്.
2. തെക്കോട്ടു മുഖമുള്ള വീടായതുകൊണ്ട് ഇപ്പോൾ വാതിൽ നിൽക്കുന്നത് വീടിന്റെ തെക്കു വശത്ത് മദ്ധ്യത്തിനു പടിഞ്ഞാറാണ്. ആയതിനാൽ പ്രധാന വാതിൽ പ്രധാന ഹാളിന്റെ തെക്ക് കിഴക്കോട്ടു മാറ്റണം.

പറമ്പിലേയ്ക്കു കടന്നാൽ ഗേറ്റ് നിൽക്കുന്നത് പ്രധാനവാതിലിന്റെ തെക്ക് പടിഞ്ഞാറോട്ടു മാറിയാണ്. എപ്പോഴും പ്രധാന വാതിൽ കടന്നാൽ കിഴക്കോട്ടോ, വടക്കോട്ടോ പോകാൻ പാകത്തിന് ഗേറ്റ് വയ്ക്കണം.ഇവിടെ പ്രധാന വാതിൽ കടന്നാൽ ഗേറ്റിലേയ്ക്ക് തെക്ക് പടിഞ്ഞാറോട്ടാണ് പോകുന്നത്. വീടിന്റെ തെക്കു ഭാഗത്ത് ഇപ്പോഴുള്ള ഗേറ്റിന്റെ കിഴക്കോട്ടു മാറ്റി ചെറിയ ഗേറ്റുവയ്ക്കുകയോ, ഇപ്പോഴുള്ള ഗേറ്റ് വീടിന്റെ മദ്ധ്യത്തിൽ നിന്ന് കിഴക്കോട്ടു മാറ്റുകയോ ചെയ്യാവുന്നതാണ്.

വീടിന്റെ തുറന്ന സ്ഥലം കിഴക്കുള്ളതിനെക്കാൾ കൂടുതൽ പടിഞ്ഞാറുവശത്തുണ്ട്. കിഴക്ക് 910 സെ.മീ. ആണുള്ളത്. പടിഞ്ഞാറ് അതിനെക്കാൾ കൂടുതലുള്ളതുകൊണ്ട് വീട്ടിൽ നിന്നും 700 സെ.മീ. മാറ്റി വീടിനു സമാന്തരമായി ഒരു ചെറിയ മതിൽ കെട്ടുകയോ (24 സെ.മീ. ഉയരം), മണ്ണുകൊണ്ട് ഒരു വരമ്പു പോലെ അതിരിടണം.

വീടിന്റെ മുഖം തെക്കോട്ടാണെങ്കിൽ പ്രധാന വാതിലും, അകത്തേക്കുകയറുന്ന ചവിട്ടുപടിയും തെക്കു നിന്നു തന്നെ വേണം. പ്രധാന വാതിൽ വീടിന്റെ തെക്കുവശത്ത് മദ്ധ്യത്തിന്റെ കിഴക്കു വേണം. ഗേറ്റ് എപ്പോഴും തെക്കു വശത്ത് കിഴക്കു ഭാഗത്തുവേണം. പ്രധാനവാതിലും, ഗേറ്റും വയ്ക്കുന്നത് ഏതു വീടു പണിയുമ്പോഴും ശ്രദ്ധിക്കേണ്ടകാര്യമാണ്.




**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10–ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻകൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

ക്ഷേത്രങ്ങളിലൂടെ

# തുറവൂർ ശ്രീ നരസിംഹമൂർത്തി ക്ഷേത്രം



ഇന്ദിരാഭായി ഫോൺ : 8078552892

ഭാരതീയ സംസ്ക്കാരത്തിന്റെ കലവറക ളാണ് നമ്മുടെ പുരാണങ്ങൾ. നമുക്ക് ഭഗവാ നിലേക്കടുക്കുവാൻ പുരാണപാരായണത്തോ ളം സുഗമമായ മറ്റൊരു മാർഗ്ഗവുമില്ല. സാധാ രണമനുഷ്യരെ കഥാഖ്യാനങ്ങളിലൂടെ ധർമ്മ ത്തിന്റെയും ഭക്തിയുടേയും മാർഗ്ഗത്തിലേ ക്കു നയിക്കുന്നവയാണ് പുരാണങ്ങളെല്ലാം. പ്രപഞ്ചത്തിനാധാരം ഭഗവാൻ ശ്രീ മഹാ വിഷ്ണുവാണ്. വിഷ്ണു എന്ന വാക്കിന് സർവ്വവ്യാപകത്വം എന്ന് ശബ്ദാർത്ഥം കല് പിക്കുന്നു. ഗ്രഹങ്ങളുടേയും സൗരയൂഥങ്ങളു ടേയും നിരന്തരമായ ചലനാത്മകതത്ത്വത്തിൽ കാലവും പ്രപഞ്ചപ്രതിഭാസങ്ങളും സൃഷ്ടിക്ക പ്പെടുന്നു, നിലനിർത്തപ്പെടുന്നു. ചലനമില്ല എങ്കിൽ കാലവുമില്ല, ഭൗതികവസ്തുക്കളു ടെ ആവിഷ്കാരവുമില്ല. ചലനാത്മക ശക്തി യുടെ പ്രതീകമെന്നു വിശ്വസിക്കുന്ന ഗരുഢ ഭഗവാൻ ശ്രീ മഹാവിഷ്ണുവിന്റെ വാഹന മാണ്. എല്ലാ വിഷ്ണുക്ഷേത്രങ്ങളിലേയും ക്ഷേത്രധ്വജങ്ങളുടെ ശിരസ്സിൽ തന്നെ വിഷ് ണുവാഹനവും ചലനാത്മക ശക്തി പ്രതീക വുമായ ഗരുഡനെ കാണാം. പഞ്ചഭൂതങ്ങളും പഞ്ചതന്മാത്രകളും മനസ്സും ഇന്ദ്രിയങ്ങളും എല്ലാം വിഷ്ണുഭഗവാൻ തന്നെയാകുന്നു.

കാലവും കാലത്തെ ഹനിക്കുന്നവനും കാലത്തെ സംവത്സരങ്ങളായും ഋതുക്കളാ യും അയനങ്ങളായും തരം തിരിക്കുന്നതും വിഷ്ണുഭഗവാൻ തന്നെ. ഭഗവാന്റെ ചൂണ്ടാ ണിവിരലിൽ സദാ കറങ്ങിക്കൊണ്ടിരിക്കുന്ന സുദർശനചക്രം ദുഷ്ടൻമാർക്ക് ഭയാനകവും ശിഷ്ടന്മാർക്ക് സുദർശനവുമാണ്. വിശ്വകർ മ്മാവ് സൂര്യതേജസ്സിനാൽ നിർമ്മിച്ച് വിഷ് ണുഭഗവാനു നൽകിയതാണ് സുദർശനച ക്രം. ഭഗവാൻ ദുഷ്ടനിഗ്രഹണം നടത്തുന്ന ദിവ്യായുധമാണ് സുദർശനചക്രം. ഈ ദി വ്യായുധത്തിന് വജ്രനാദം എന്നും പേരുണ്ട്. മനുഷ്യമനസ്സുകൾക്ക് പരമമായ ഈശ്വരചൈ തന്യവുമായി ബന്ധപ്പെടുവാനുള്ള വാതായന ങ്ങളാണ് ദേവഭാവങ്ങൾ. ദേവഭാവങ്ങളെയറി ഞ്ഞ് ഈശ്വരചൈതന്യത്തോടടുക്കുവാനുള്ള പാലമാണ് ഭക്തി.

ഭഗവാനെ അറിഞ്ഞ് ഭക്തിയെന്ന പാല ത്തിലൂടെ ഭഗവാനിലേക്കെത്താൻ ശ്രമിക്കു ന്നവരെ ഭഗവാൻ അനുഗ്രഹിക്കുന്നു. ഈശ്വ രാനുഗ്രഹം കൂടാതെ പ്രപഞ്ചത്തിലെ ഒരു ജീവിക്കും കഴിയുവാനാവില്ല. ഭഗവാനോടു ഭക്തനുള്ള ദൃഢമായ ഭക്തിമൂലം തന്റെ ഭക്ത നെ രക്ഷിക്കുവാൻ ക്ഷിപ്രാവതാരമെടുത്ത വിഷ്ണുഭഗവാന്റെ നരസിംഹാവതാരകഥ അതു വ്യക്തമാക്കുന്നു. ഹരിഭക്തിയായിരു ന്നു പ്രഹ്ളാദന്റെ രക്ഷാകവചം നരസിംഹ മൂർത്തി ദേശനാഥനായി വിരാജിക്കുന്ന ഒരു മഹാക്ഷേത്രമാണ് തുറവൂർ ശ്രീനരസിംഹ മൂർത്തി ക്ഷേത്രം. പ്രഹ്ളാദൻ ഭക്തിപൂർവ്വം സ്തുതിക്കുന്നതുകേട്ട് ക്രോധം വെടിഞ്ഞ് ശാന്തനാകുന്ന നരസിംഹമൂർത്തിഭഗവാനാ ണ് തുറവൂരപ്പൻ.

ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂ ക്കിൽ തുറവൂർ എന്ന ഗ്രാമത്തിൽ സ്ഥിതിചെ യ്യുന്ന പുരാതനമായ മഹാവിഷ്ണുക്ഷേത്രമാ ണ് തുറവൂർ ശ്രീനരസിംഹമൂർത്തിക്ഷേത്രം. ശ്രീമഹാവിഷ്ണുഭഗവാൻ രണ്ടു ഭാവങ്ങളിൽ തുല്യപ്രാധാന്യത്തോടെ രണ്ടു ശ്രീകോവിലു കളിലായി വിരാജിക്കുന്ന ഒരു മഹാക്ഷേത്ര മാണിത്. അസുരനിഗ്രഹണത്തിനായി ക്ഷി പ്രാവതാരം ചെയ്ത വിഷ്ണുഭഗവാന്റെ മനു ഷ്യരൂപിയോ മൃഗരൂപിയോ അല്ലാത്ത അതിഭ യാനകമായ ഘോരരൂപാവതാരമായ നരസിം

ഹമൂർത്തി ചൈതന്യവും അധർമ്മത്തെ നിഗ്രഹിച്ച് ധർമ്മത്തെ രക്ഷിക്കുവാൻ തയ്യാറായി നില്ക്കുന്ന വിഷ്ണുഭഗവാന്റെ സുദർശന മൂർത്തി ചൈതന്യവും കുടികൊള്ളുന്ന മഹാവിഷ്ണു ക്ഷേത്രമാണിത്.

തുറവൂർ ക്ഷേത്രം സ്ഥാപിതമായത് എന്നാണ് എന്നതിനെപ്പറ്റി ലിഖിതമായ രേഖകളൊന്നും ലഭ്യമല്ല. ആഴ്വാർമാരുടെ കാലത്തായിരിക്കാം ഇന്ന കാണുന്നരീതിയിലുള്ള നിർമ്മിതികൾ നടന്നിട്ടുള്ളത് എന്നാണ് കരുതുന്നത്. ആയിരത്തിലേറെ വർഷങ്ങളുടെ പഴക്കമുള്ള ക്ഷേത്രമാണിത്. നരസിംഹമൂർത്തി പ്രതിഷ്ഠ നടത്തുന്നതിനു മുമ്പ് ഇതൊരു സുദർശനമൂർത്തി ക്ഷേത്രമായിരുന്നു. പെരുമാൾ ഭരണകാലത്ത് കേരളേന്ദ്രിയൻ എന്നും അറിയപ്പെട്ടിരുന്ന ചേരമാൻപെരുമാൾ രാജ്യം ഭരിച്ചിരുന്നപ്പോൾ അദ്ദേഹത്തിന് ദിവ്യജ്ഞാനിയായ ഒരു ഗുരു ഉണ്ടായിരുന്നു. ഒരിക്കൽ ഒരു തീർത്ഥാടനവേളയിൽ രാജഗുരു ഒരു ക്ഷേത്രത്തിലെ അന്നദാനത്തിൽ പങ്കാളിയായി. അവിടെ നടന്ന അന്നദാനം പിതൃക്രിയയുമായി ബന്ധപ്പെട്ടുള്ള നമസ്ക്കാരഊട്ടായിരുന്നു എന്ന് പിന്നീടാണ് അദ്ദേഹം അറിഞ്ഞത്. ഉത്തമ ബ്രാഹ്മണർക്ക് നിഷിദ്ധമായ ഈ ചടങ്ങിൽ പങ്കാളിയായതിനാൽ അടുത്ത ജന്മം താനൊരു ശ്വാനനായി ജനിക്കും എന്നു മനസ്സിലാക്കിയ അദ്ദേഹം വളരെയധികം ദുഖിച്ചു. അദ്ദേഹം കൊട്ടാരത്തിലെത്തി രാജാവിനെ കണ്ട് തന്റെ ദു:ഖകാരണം അറിയിച്ചു. നായയായി പുനർജനിച്ചാൽ തനിക്കുണ്ടാകുന്ന അശുദ്ധികളിൽ നിന്നും തന്നെ രക്ഷിക്കണമെന്നും പെരുമാളിനോടപേക്ഷിച്ചു. താൻ ശ്വാനനായി ജനിച്ചാലുടൻ മുലപ്പാൽ പോലും കുടിക്കുന്നതിനു മുമ്പ് തന്നെ അവിടെനിന്നും മാറ്റി നിഷിദ്ധവസ്തുക്കളൊന്നും ഭക്ഷിക്കാൻ ഇടവരാതെ വളർത്തിയാൽ തനിക്കു മോക്ഷം ലഭിക്കും എന്നും നായക്കുട്ടിയായി ജനിക്കുന്ന സ്ഥലവും രാജഗുരു പെരുമാളിനെ അറിയിച്ചു. പെരുമാൾ ഗുരുവിന്റെ ആഗ്രഹം നിറവേറ്റാം എന്നു വാക്കുനൽകുകയും ചെയ്തു. രാജഗുരുവിന്റെ പ്രവചനം പോലെ തന്നെ നാളുകൾക്കകം അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. പിന്നീട് രാജഗുരു പറഞ്ഞസ്ഥലത്തു തന്നെ നായക്കുട്ടിയായി പുനർജ്ജനിക്കുകയും ജനിച്ച ഉടൻ തന്നെ രാജാവ് നായക്കുട്ടിയെ കൊട്ടാരത്തിൽ കൊണ്ടുവന്ന് വളർത്തുകയും ചെയ്തു.

ഒരിക്കൽ രാജാവ് നായാട്ടിനായി പോകുമ്പോൾ നായക്കുട്ടിയേയും കൂടെ കൊണ്ടുപോയി. നായാട്ടിനിടയിൽ നായക്കുട്ടി നായ്ക്കൾക്കു സഹജമായ നിന്ദ്യപ്രവൃത്തിയിലേർപ്പെടാൻ തുടങ്ങുമ്പോൾ അതിനെ അതിൽ നിന്നും പിൻതിരിപ്പിക്കുവാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല. അഭക്ഷ്യവസ്തു അന്നനാളത്തിലെത്തും മുമ്പ് രാജാവ് നായ്ക്കുട്ടിയെ വാളെടുത്ത് കഴുത്തുവെട്ടികൊന്നു. അങ്ങനെ നായ്ക്കുട്ടിയായി പുനർജ്ജനിച്ച രാജ ഗുരു മോക്ഷപ്രാപ്തി നേടി. എന്നാൽ രാജാവ് താൻ ചെയ്തത് ഗുരുഹത്യയാണല്ലോ എന്നോർത്ത് ദുഖിതനായി. കൊട്ടാരത്തിൽ തിരിച്ചെത്തിയ രാജാവ് ഗുരുഹത്യാപാപപരിഹാരമാർഗ്ഗങ്ങളെപ്പറ്റി ചിന്തിച്ചു. ദേവജ്ഞരുടെ ഉപദേശപ്രകാരം ഗുരുഹത്യാപാപപരിഹാരത്തിനായി നായയെ വധിച്ച സ്ഥലം ശുദ്ധമാക്കി അവിടെ ഒരു ക്ഷേത്രം പണികഴിപ്പിച്ചു. ഈ സ്ഥലം നായത്തോട് എന്നറിയപ്പെടുകയും ചെയ്തു. പാപപരിഹാരാർത്ഥം പരമശിവനെയും ഗുരുവിന്റെ സായൂജ്യപ്രാപ്തിക്കായി മഹാവിഷ്ണുവിനേയും ആ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചു. അക്കാലത്തെ പ്രസിദ്ധനായ തന്ത്രി മുരിങ്ങോത്തടികളാണ് പ്രതിഷ്ഠാ കർമ്മങ്ങൾ നിർവ്വഹിച്ചത്. അങ്ങനെ ചേരമാൻ പെരുമാൾ ഗുരുഹത്യാ പാപപരിഹാരാർത്ഥം സ്ഥാപിച്ച ക്ഷേത്രമാണ് അങ്കമാലിക്കടുത്ത് ഇന്നു കാണുന്ന നായത്തോട് ശിവനാരായണക്ഷേത്രം. ക്ഷേത്രപ്രതിഷ്ഠാകർമ്മങ്ങൾ നിർവ്വഹിച്ച തന്ത്രിമുഖ്യനായിരുന്ന മുരിങ്ങോത്തടികൾ സ്വർണ്ണം കൈകൊണ്ടു തൊടുകയില്ല എന്ന് ദൃഢപ്രതിജ്ഞചെയ്തിട്ടുള്ള ഒരു യോഗിവര്യാനായിരുന്നു. പ്രതിഷ്ഠാനന്തരം

രാജാവ് അദ്ദേഹത്തിന് വെള്ളിത്തളികയിൽ ദക്ഷിണ നൽകി. ഈ തളികയിൽ സ്വർണ്ണനാണയങ്ങളായിരുന്നു.

രാജാവിൽ നിന്നും അദ്ദേഹം ദക്ഷിണ വാങ്ങിയെങ്കിലും തന്റെ പ്രതിജ്ഞക്കു ദോഷമാകുമല്ലോ എന്നോർത്ത് തത്ക്കാലം ദക്ഷിണ ദ്രവ്യം രാജാവിനെ തന്നെ തിരികെ ഏല്പിച്ചു. താൻ തീർത്ഥാടനത്തിനു പോവുകയാണെന്നും മടങ്ങിവന്നശേഷം ദക്ഷിണ സ്വീകരിച്ചുകൊള്ളാം എന്നും രാജാവിനെ അറിയിച്ചു. അടികൾ തീർത്ഥാടനത്തിനായി വാരാണസിയിലേക്കു യാത്ര തിരിച്ചു. സത്യഭംഗപരിഹാരാർത്ഥം കാശിയിലെത്തിയ അടികൾ നരസിംഹഘട്ടിൽ തപസ്സനുഷ്ഠിച്ചു. കുറെക്കാലത്തെ തപസ്സിനൊടുവിൽ ഒരു ദിവസം അദ്ദേഹത്തിന് ഒരു അരുളപ്പാട് കേൾക്കാനിടയായി. നിങ്ങൾ തപസ്സു മതിയാക്കി മടങ്ങിപ്പൊയ്ക്കൊള്ളുക. ഒരു ജ്യോതിസ്സു നിങ്ങൾക്കു കാണാനാകും ആ ജ്യോതിസ്സിനെ പി ൻതുടർന്നുകൊള്ളുക. ജ്യോതിസ്സ് ഭൂമിയിൽ എവിടെ വിലയം പ്രാപിക്കുന്നുവോ അവിടെനിന്നും നിങ്ങൾക്ക് ഒരു വിഗ്രഹം ലഭിക്കും. ആ വിഗ്രഹം അവിടനിന്നും എടുത്ത് അടുത്തുള്ള ഒരു വിശിഷ്ടസങ്കേതത്തിൽ സുദർശനമൂർത്തിക്ഷേത്രത്തിനു സമീപത്തു തന്നെ പ്രതിഷ്ഠിക്കുക. തപസ്സനുഷ്ഠിച്ചിരുന്ന ആ ഭക്തൻ ഭഗവാനെ പ്രാർത്ഥിച്ചുകൊണ്ട് അരുളപ്പാടനുസരിച്ച് തനിക്കു പ്രത്യക്ഷമായ ജ്യോതിസ്സിനെ പിൻതുടർന്ന് യാത്ര ചെയ്തു.

ജ്യോതിസ്സ് ഒരു സ്ഥലത്തു വിലയം പ്രാപിക്കുകയും ആ സ്ഥലത്തു നിന്നും അതിമനോഹരമായ അഞ്ജനശിലയിൽ തീർത്ത ഒരു നരസിംഹവിഗ്രഹം കണ്ടെടുക്കുകയും ചെയ്തു. വിഗ്രഹം പൂണ്ട സ്ഥലം പൂണ്ടനിലം എന്നും പിന്നീട് പൂതനിലം എന്നും അറിയപ്പെട്ടു. അടികൾ വിഗ്രഹം രാജാവിനു മുന്നിലെത്തിക്കുകയും അദ്ദേഹം പറഞ്ഞിരുന്നതു പോലെ ദക്ഷിണദ്രവ്യം തിരികെ സ്വീകരിക്കുകയും ചെയ്തു. പിന്നീട് സുദർശന മൂർത്തി ക്ഷേത്രത്തിന്റെ ഇടതു ഭാഗത്തായി ക്ഷേത്രം നിർമ്മിച്ച് വിഗ്രഹം അവിടെ പ്രതിഷ്ഠിക്കുകയും ചെയ്തു. ഭഗവാന്റെ രൗദ്രഭാവത്തെ കുറക്കുവാൻ വേണ്ടിയായിരിക്കാം സുദർശനമൂർത്തിക്ഷേത്രത്തോടു ചേർന്ന് നൃസിംഹ പ്രതിഷ്ഠനടത്തിയിരിക്കുന്നത്. കേരളത്തിൽ സുദർശനമൂർത്തി പ്രധാന പ്രതിഷ്ഠയായുള്ള മഹാവിഷ്ണുക്ഷേത്രങ്ങൾ വിരളമാണ്. വിഗ്രഹം പൂണ്ടനിലത്തുനിന്നും (പൂതനിലം) വിഗ്രഹം കുഴിച്ചെടുക്കുമ്പോൾ ശ്രീമഹാവിഷ്ണു ഭഗവാന്റെ നരസിംഹാവതാരസമയത്തെ അനുസ്മരിപ്പിക്കും വിധം ഘോരശബ്ദം ഉണ്ടായി. ആ സന്ദർഭത്തെ ഓർമ്മപ്പെടുത്തും വിധം ഇന്നും ക്ഷേത്രത്തിൽ വെടി ശബ്ദം മുഴങ്ങി കേൾക്കാം. നരസിംഹഭഗവാന് ഏറെ പ്രിയമുള്ള ശബ്ദം, അതാണ് തുറവൂരപ്പന്റെ വെടിവഴിപാട്. ഭഗവാനു പ്രിയപ്പെട്ട ആ ശബ്ദം ഇന്നും കൃത്യതമയങ്ങളിൽ നിമിഷങ്ങൾ പോലും തെറ്റാതെ ഈ ക്ഷേത്രപരിസരങ്ങളിൽ മുഴങ്ങി കേൾക്കുന്നു. ഹിരണ്യകശിപുവിന്റെ നിഗ്രഹണ ശേഷം പ്രഹ്ലാദന്റെ ഭഗവൽ സ്തുതികേട്ട് ശാന്തനാകുന്ന ഭാവത്തിലാണ് ഭഗവാൻ വടക്കിനകത്തപ്പനായി ഇവിടെ കുടികൊള്ളുന്നത്.

തുറവൂർ ശ്രീനരസിംഹമൂർത്തിക്ഷേത്രത്തിൽ നരസിംഹപ്രതിഷ്ഠനടത്തുന്നതിനു മുമ്പ് സുദർശനമൂർത്തിക്ഷേത്രമായിരുന്നു. സുദർശനമൂർത്തി ക്ഷേത്രത്തിന്റെ അരികിൽ തന്നെയുള്ള ശ്രീകോവിലിൽ ഭഗവതിയെയായിരുന്നു പ്രതിഷ്ഠിച്ചിരുന്നത്. ദേവിയെ അവിടെ നിന്നും പടിഞ്ഞാറുഭാഗത്തേക്കു മാറ്റി മറ്റൊരു ശ്രീകോവിലിൽ പ്രതിഷ്ഠിച്ചു. ദേവി ഇരുന്ന സ്ഥലത്ത് പുതിയ ക്ഷേത്രം പണികഴിപ്പിച്ചാണ് നരസിംഹമൂർത്തിയെ പ്രതി, ഷ്ഠിച്ചത്. നരസിംഹമൂർത്തിയുടെ ശ്രീകോവിലിനു മുന്നിലെ ദീപസ്തംഭത്തിനു മുകളിൽ ഭഗവതിയുടെ വാഹനമായ സിംഹത്തിന്റെ രൂപമാണ് കാണുന്നത്. സുദർശനമൂർത്തി പ്രതിഷ്ഠയുള്ള ശ്രീകോവിലിനു മുന്നിലെ ദീപസ്തംഭത്തിനു മുകളിൽ ഗരുഢവാഹനവുമാണ്. വിളക്കിനു മുകളിലെ ഈ സിംഹരൂപം

ഇവിടെ ദേവീപ്രതിഷ്ഠയായിരുന്നു, പിന്നീട് മാറ്റി പ്രതിഷ്ഠിച്ചതാണ് എന്നതിന്റെ ഒരു തെളിവായി കണക്കാക്കാം.

ധാരാളം ദേവീദേവന്മാരുടെ സാന്നിദ്ധ്യം കൊണ്ട് പവിത്രമായ സ്ഥലമായിരുന്നു തുറവൂർ. അതിനാൽ ഈ സ്ഥലം സുരപുരി എന്നറിയപ്പെട്ടിരുന്നു എന്ന് ചരിത്രത്താളുകളിൽ കാണപ്പെടുന്നുണ്ട്.

തുറകളുടെ ഊരിൽ സ്ഥിതിചെയ്യുന്ന ക്ഷേത്രം തുറവൂർ ക്ഷേത്രം എന്നറിയപ്പെട്ടു. തുറ എന്ന വാക്കിന് കുളിക്കാനിറങ്ങുന്ന പുഴക്കടവ്, കപ്പലുകൾക്കും വഞ്ചികൾക്കും ചരക്കിറക്കാൻ സൗകര്യമുള്ള സ്ഥലം, കുളം നീരുറവ എന്നിങ്ങിനെയെല്ലാം അർത്ഥങ്ങളുണ്ട്. ധാരാളം കുളങ്ങളും നീരുറവകളും ഉള്ള സ്ഥലത്തിന് നീരുറവകളുടെ നാടെന്ന അർത്ഥത്തിലുമാകാം തുറവൂർ എന്നസ്ഥലനാമം ഉണ്ടായത്. ഈ പ്രദേശങ്ങളിലെ പല കുളങ്ങളും നികത്തുകയും നീരുറവുകളുടെ വിസ്തൃതി കുറയുകയും ചെയ്തു എങ്കിലും തുറവൂർ ദേശത്ത് ഇന്നും ധാരാളം കുളങ്ങളും നീരുറവകളും ഉണ്ട്. നീരുറവകളുടെ നാടായ തുറവൂർ ഭൂമിശാസ്ത്രപരമായി കൊച്ചിയുടെ ഭാഗമായിരുന്നു. എന്നാൽ ചില രാഷ്ട്രീയ തീരുമാനങ്ങളുടെ ഫലമായി ഈ പ്രദേശം തിരുവിതാംകൂറിനോടു ചേർക്കപ്പെട്ടു. തുറവൂരിനെ തിരുവിതാകൂറിന്റെ ഭാഗമാക്കി ചേർത്തപ്പോൾ ഇരുകൂട്ടരും തമ്മിൽ ചില നിബന്ധനകളും നിശ്ചയിച്ചു. അതിലൊരു പ്രധാന തീരുമാനമായിരുന്നു തിരുവിതാംകൂർ രാജാക്കന്മാർ തുറവൂർ ദേശത്ത് കാലുകുത്തരുത് എന്നത്. തിരുവിതാംകൂർ രാജാവ് എന്ന് ഈ മണ്ണിൽ കാലുകുത്തുന്നുവോ അന്ന് തുറവൂർ ദേശം കൊച്ചിയുടെ ഭാഗമാകും എന്നായിരുന്നു നിബന്ധന. ഇങ്ങനെയൊരു നിബന്ധന നിലനിന്നുരന്നതിനാൽ തുറവൂർ ക്ഷേത്രത്തിലേക്കു വേണ്ട എല്ലാ സഹായങ്ങളും ചെയ്യുകയും ഉത്തരവാദിത്വങ്ങൾ നിറവേറ്റുകയും ചെയ്തിരുന്നു എങ്കിലും തിരുവിതാംകൂർ രാജാവ് തുറവൂരിന്റെ മണ്ണിൽ കാലുകുത്തിയിരുന്നില്ല. തിരുക്കൊച്ചി സംയോജനം നടന്നു കഴിഞ്ഞശ്ശേഷം ഒരു ചിരകാലാഭിലാഷസാക്ഷാത്ക്കാരത്തിനായി കാത്തിരുന്നതു പോലെ ശ്രീചിത്തിര തിരുനാൾ മഹാരാജാവ് തുറവൂർ ക്ഷേത്രത്തിരുനടയിലെത്തി. പക്ഷെ ഈ മണ്ണിൽ കാലുകുത്തിരുത് എന്ന പഴയ തീരുമാനത്തെ മറികടക്കാൻ അദ്ദേഹം തുനിഞ്ഞില്ല. തുറവൂരപ്പന്റെ മണ്ണിനോടുള്ള ബഹുമാനവും ഭാഗവാനോടുള്ള ഭക്തിയും മൂലം ശ്രീപത്മനാഭ ദാസനായ ശ്രീചിത്തിര തിരുനാൾ മഹാരാജാവ് മണ്ണിൽ ചവിട്ടാതെ പരവതാനിവിരിച്ച് അതിലൂടെ നടന്നു ചെന്ന് നരസിംഹമൂർത്തി ഭഗവാനെയും സുദർശനമൂർത്തി ഭാവമാർന്ന വിഷ്ണുഭഗവാനേയും വണങ്ങി സായൂജ്യം നേടി എന്നതും ഒരു ചരിത്രസത്യം. രാജഭരണകാലത്ത് പണികഴിപ്പിക്കുകയും പുതുക്കിപ്പണിയുകയും ചെയ്തിട്ടുള്ള ധാരാളം ക്ഷേത്രങ്ങളുണ്ട്. അവയിൽ പല ക്ഷേത്രങ്ങളും ദുഷ്ടശക്തികൾ തല്ലിത്തകർത്തു എങ്കിലും ചില ക്ഷേത്രങ്ങൾ രാജകീയ പ്രൗഢി പാടെ ഉപേക്ഷിക്കാതെ ഇന്നും തലയുയർത്തിനിലകൊള്ളുന്നുണ്ട്. തുറവൂർ ശ്രീനരസിംഹമൂർത്തി ക്ഷേത്രം ആ ഗണത്തിൽപ്പെടുന്നു. ഭൂമിയിലെ ചില സ്ഥലങ്ങൾക്ക് ചില പ്രത്യേകതകളുണ്ട്. നമ്മുടെ മനസ്സിന് പ്രത്യേക ശാന്തിയും ശക്തിയും നൽകുന്ന സൂക്ഷ്മശക്തിപ്രസരണങ്ങൾ മറ്റു സ്ഥലങ്ങളിലേക്കാൾ ആ സ്ഥലങ്ങളിൽ കൂടുതലാണ്. അങ്ങനെയുള്ള സ്ഥലങ്ങളിലാണ് നമ്മുടെ പ്രാചീന ക്ഷേത്രങ്ങളെല്ലാം ഋഷിവര്യന്മാർ സ്ഥാപിച്ചിട്ടുള്ളത്.

മഹാവിഷ്ണുഭഗവാന്റെ നരസിംഹമൂർത്തി ചൈതന്യപ്രഭാവത്താൽ അനുഗ്രഹീതമായ ദേശമാണ് തുറവൂർ. ധർമ്മരക്ഷക്കായി ക്ഷിപ്രാവതാരം ചെയ്ത രജോഗുണമൂർത്തീ ഭാവമാർന്ന നരസിംഹമൂർത്തിയെ ഉപാസിച്ചാൽ ശാരീരികമോ മാനസികമോ ശത്രുദോഷങ്ങളോ എന്തുതന്നെയായാലും നിഷ്പ്രയാസം അവയിൽ നിന്നും മുക്തി നേടാം എന്ന് നരസിംഹമൂർത്തി ഉപാസകർ ഉറച്ചു വിശ്വസി

ക്കുന്നു. ഭഗവാൻ തൂണിലും തുരുമ്പിലും നിറഞ്ഞു നില്ക്കുന്നു എന്ന ഭക്തവിശ്വാസത്തെ സത്യമാക്കുവാൻ സ്തംഭം പിളർന്നവതരിച്ച ശ്രീ നരസിംഹമൂർത്തി ഭഗവാൻ ഭക്തർക്ക് ക്ഷിപ്രപ്രസാദിയും ആശ്രിതവത്സലനുമാണ്. രൗദ്രരൂപിയായ ഭഗവാന്റെ പൂജകൾക്കും പ്രത്യേകതകളുണ്ട്. പുറപ്പെടാശാന്തി സമ്പ്രദായമാണ് തുറവൂർ ശ്രീനരസിംഹമൂർത്തി ക്ഷേത്രത്തിലെ കീഴ്വഴക്കം. മേടമാസത്തിലെ വിഷുദിവസം മുതൽ അടുത്ത വിഷുദിനം വരെയാണ് പൂജാരിമാരുടെ കാലാവധി. മേൽശാന്തിയുടേയും കീഴ്ശാന്തിയുടേയും പദവികൾ വിഷുദിവസം പരസ്പരം കൈമാറുന്നു എന്നതും ഇവിടുത്തെ ഒരു പ്രത്യേകതയാണ്.

ആദ്യം സുദർശനമൂർത്തിയുടെ പൂജകളാണ് നടക്കുന്നത്. പിന്നീട് നരസിംഹമൂർത്തിയുടേയും പൂജകൾ നടത്തുന്നു. നിത്യേന അഞ്ചു പൂജകളും മൂന്നു ശീവേലിയും ഉള്ള ഒരു മഹാക്ഷേത്രമാണിത്. തളിക്കോട്ട യുദ്ധത്തിൽ വിജയനഗര സാമ്രാജ്യം തകർത്തപ്പോൾ ധാരാളം ക്ഷേത്രങ്ങളും തകർക്കപ്പെട്ടു. ധാരാളം ആളുകൾ അവിടെ നിന്നും മറ്റു പല സ്ഥലങ്ങളിലേക്കും പോവുകയുണ്ടായി കർണ്ണാടകത്തിൽ നിന്നും തുളുബ്രാഹ്മണ വിഭാഗത്തിൽപ്പെട്ട ആളുകൾ അവരുടെ ആരാധനാവിഗ്രഹങ്ങളുമായി നേത്രാവതി നദി കടന്ന് കാസർകോട്ടെത്തുകയും അവിടെ വാസമുറപ്പിക്കുകയും അവരുടെ പൂജാവിഗ്രഹങ്ങളെ പല സ്ഥലങ്ങളിലായി ക്ഷേത്രങ്ങൾ നിർമ്മിച്ച് അവിടവിടെ പ്രതിഷ്ഠിക്കുകയും ചെയ്തു. കാസർകോട്ടെത്തിയ തുളുബ്രാഹ്മണ പൂജാരിമാർ ഇന്ന് കേരളത്തിലെ പല ക്ഷേത്രങ്ങളിലും പൂജകൾ നടത്തുന്നുണ്ട്. തുറവൂർ ശ്രീനരസിംഹമൂർത്തി ക്ഷേത്രത്തിലും കാസർകോടു നിവാസികളായ ബ്രഹ്മണരാണ് പൂജാരികൾ.

ഏറ്റവും വലിയ ആനക്കൊട്ടിലും നല്ല ഉയരമുള്ള ഇരട്ടക്കൊടിമരങ്ങളും ഉള്ള ഈ മഹാക്ഷേത്രത്തിൽ ഇരുനിലകളുള്ള വലിയ വട്ടശ്രീകോവിലിൽ അഞ്ചടിയോളം ഉയരമുള്ള ചതുർബാഹുവായ അഞ്ജനശിലാവിഗ്രഹത്തിൽ നരസിംഹമൂർത്തിഭാവത്തിൽ ശ്രീമഹാവിഷ്ണുഭഗവാൻ കുടികൊള്ളുന്നു. രണ്ടുശ്രീകോവിലുകളും രണ്ടു സ്വർണ്ണക്കൊടിമരങ്ങളും രണ്ടു ബലിക്കല്ലുകളും ബലിക്കൽപ്പുരകളും ഉള്ള ഈ ക്ഷേത്രത്തിൽ തെക്കുവശത്തെശ്രീകോവിലിൽ സുദർശനമൂർത്തിയും വടക്കുവശത്തെ ശ്രീകോവിലിൽ നരസിംഹമൂർത്തിയും ഭക്തരുടെ തെക്കനപ്പനും വടക്കനപ്പനുമായി ഇവിടെ പരിലസിക്കുന്നു. ശ്രീകോവിലിന്റെ ചുമരുകൾ ശില്പകലാവൈഭവങ്ങളുടെ ഒരു ദൃശ്യവിരുന്നു തന്നെയാണ്. നമസ്ക്കാരമണ്ഡപത്തിന്റെ തൂണുകളും മനോഹരമായ ശില്പ വേലകളാൽ അലംകൃതമാണ്. നമസ്ക്കാരമണ്ഡപത്തിന്റെ മേൽത്തട്ടിൽ അഷ്ടദിക്പാലകരുടേയും ബ്രഹ്മാവിന്റേയും ശില്പങ്ങൾ കാണാം. ചെമ്പു മേഞ്ഞ ശ്രീകോവിലുകളും സ്വർണ്ണക്കൊടിമരങ്ങളും പ്രൗഢഗംഭീരമായ ആനക്കൊട്ടിലും മറ്റ് അനു ബന്ധനിർമ്മിതികളും അതിവിശാലമായ ക്ഷേത്രാങ്കണവും വിസ്തൃതമായ ക്ഷേത്രക്കുളവും ഉപദേവതാസ്ഥാനങ്ങളും എല്ലാം ചേർന്നുള്ള കാഴ്ചകൾ ഭക്തിയുടേയും വിശുദ്ധിയുടേയും പ്രൗഢിയുടേയും പ്രതാപത്തിന്റേയും നേർകാഴ്ചകൾ തന്നെയാണ്. ദീപാവലി ആഘോഷമായിക്കൊണ്ടാടുന്ന കേരളത്തിലെ അപൂർവ്വം ക്ഷേത്രങ്ങളിലൊന്നാണിത്. നരകാസുരനിഗ്രഹശ്ശേഷം ദ്വാരകാപുരിയിലേക്കെത്തുന്ന ശ്രീകൃഷ്ണനെ ദീപാലങ്കാരങ്ങളോടെ സ്വീകരിക്കുന്നു എന്ന സങ്കല്പത്തിൽ ദീപാവലി ആഘോഷിക്കുന്നു. വിജയശ്രീലാളിതനായി എത്തുന്ന ഭഗവാനെ ദീപാരാധനയോടെ സ്വീകരിക്കുന്നു. നരകാസുരനെ വധിക്കുവാനായി ചക്രായുധം പ്രയോഗിക്കുവാൻ തയ്യാറായി നില്ക്കുന്ന ശ്രീകൃഷ്ണഭഗവാനാണ് തെക്കിനകത്തപ്പൻ. ശ്രീകൃഷ്ണൻെറ പീലിക്കിരീടമാണ് തെക്കിനകത്തപ്പന്റെ തിരുവാഭരണത്തിൽ കാണപ്പെടുന്നത്. ദീപാവലിയും നരസിംഹജയന്തിയും ഇവിടെ വിപുലമായി ആഘോഷിക്കുന്നു. തുലാമാസത്തിൽ

പത്തുദിവസം നീണ്ട ഉത്സവമാണ് ദീപാവലി ഉത്സവം. ചിത്തിര ആറാട്ടായിട്ടാണ് ഉത്സവം സമാപിക്കുന്നത്.

വടക്കിനകത്ത് മുഖമണ്ഡപത്തിൽ ശിവനും പുറത്ത് വലതുവശത്ത് ഗണപതിയും നാലമ്പലത്തിനു പുറത്ത് തെക്കുപടിഞ്ഞാറുഭാഗത്ത് ശാസ്താവും പടിഞ്ഞാറുഭാഗത്ത് നാഗദേവതകളും പ്രദക്ഷിണവീഥിയുടെ പടിഞ്ഞാറുഭാഗത്തായി ബ്രഹ്മരക്ഷസ്സും അതിനു വടക്കുവശത്തായി ഭഗവതിയും വടക്കെ അറ്റത്തായി യക്ഷിയമ്മയും കുടികൊള്ളുന്നു.

ശ്രീമഹാവിഷ്ണുഭഗവാൻ ഭക്തരക്ഷക്കായി നരസിംഹരൂപിയായി അവതരിച്ചദിനം നരസിംഹജയന്തിയായി ആഘോഷിക്കുന്നു. ശത്രുദോഷം അകലുവാനും മനസ്സിൽ നിന്നും ഭയം അകലുവാനും ആത്മീയത കൈവരുവാനും ഐശ്വര്യ വർദ്ധനവിനും നരസിംഹ ജയന്തി ദിനത്തിൽ ക്ഷേത്രദർശനം നടത്തുന്നതും ഭാഗവതത്തിലെ പ്രഹ്ലാദസ്തുതി പാരായണം ചെയ്യുന്നതും ശ്രേയസ്ക്കരമാണ്. ദേശത്തിന്റെ ഐശ്വര്യവും അഭിവൃദ്ധിയും സംസ്കാരവും ശാന്തിയും സമാധാനവും നിലനിർത്തുന്നതിൽ ക്ഷേത്രങ്ങൾ പ്രധാന പങ്കുവഹിക്കുന്നു. നാം വസിക്കുന്ന വീട് എത്രകണ്ട് നമ്മെ സ്വാധീനിക്കുന്നുവോ അതുപോലെ ക്ഷേത്രങ്ങൾ ദേശവാസികളേയും സ്വാധീനിക്കുന്നു. ആ സ്വാധീനം തന്നെയാണ് പ്രദേശവാസികളുടെ സർവ്വൈശ്വര്യത്തിനും നിദാനമാകുന്നത്. ദേവതകളെ നാം അറിയുമ്പോൾ ദേവതാനുഗ്രഹം നമ്മിലെത്തുന്നതും നമുക്കറിയാനാകും. എവിടെ നാമജപമുണ്ടോ അവിടെ ഭഗവാനുമുണ്ട്. പ്രഹ്ളാദന്റെ നിസ്വാർത്ഥ ഭക്തികൊണ്ടാണ് പ്രഹ്ലാദന് ഭഗവാനിലേക്കടുക്കുവാൻ സാധിച്ചത്. അളവില്ലാത്ത പ്രഹ്ലാദ ഭക്തിയുടെ ഒരു കണികയെങ്കിലും നമ്മുടെ മനസ്സിലും ഉദിപ്പിക്കേണമേ എന്നു നമുക്കു പ്രാർത്ഥിക്കാം. പാപങ്ങളുടേയും പാപപരിഹാരങ്ങളുടേയും കഥകളുമായി ഇഴചേർന്ന ഐതിഹ്യങ്ങളുള്ള ശ്രീനരസിംഹമൂർത്തിക്ഷേത്രത്തിൽ ഭഗവാന്റെ ഇഷ്ട വഴിപാടായ വെടിവഴിപാടു നടത്തി ഭക്തിപൂർവ്വം പ്രാർത്ഥിച്ച് നമുക്കും പാപമുക്തരാകാം. തുറവൂരിന്റെ പുണ്യമായ തുറവൂരപ്പന്റെ തൂമയെഴും ദിവ്യരൂപം നേരിൽ കണ്ടുവണങ്ങുവാൻ ഏവർക്കും അവസരമുണ്ടാകട്ടെ.

*****

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക്
## 2022 ജൂൺ മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1 | ഡോ. ഗിരിജാനന്ദൻ, ദീപം, 30/1296 C, വൈറ്റില RSAC റോഡ്, വൈറ്റില | 25,000/ |
| 2. | നന്ദകുമാർ ജി. 4 B, സൂര്യകാന്തി അപ്പാർട്ട്മെന്റ് 62/ 3743, ഇയ്യാട്ടിൽ. കൊച്ചി | 20,000/- |
| 3. | ജെ. രാജശേഖരൻ നായർ, വിശാഖം, 32/1386 A1, പൈപ്പ്ലൈയിൻ റോഡ്, പാലാരിവട്ടം, കൊച്ചി - 682025 | 10,000/- |

മിനിക്കഥ

## ഒതുക്കി വെയ്പ്പ്

ഉണ്ണിവാരിയത്ത്

അയാളുടെ മുഖത്ത് എപ്പോഴും പുഞ്ചിരിയാണ്. അയാൾക്ക് ഒരു സങ്കടവുമില്ലേ എന്ന് ആരായാലും സംശയിച്ചുപോകും.

സങ്കടങ്ങളെല്ലാം പുഞ്ചിരിയുടെ മറവിൽ അയാൾ ഒതുക്കിവെയ്ക്കുകയാണോ എന്തോ സങ്കടങ്ങൾ പങ്കിട്ടാൽ അയാൾക്ക് സാന്ത്വനം ലഭിച്ചേക്കാം. പക്ഷേ, ചിലരെയെങ്കിലും അത് കുറച്ചെങ്കിലും സങ്കടപ്പെടുത്തുമല്ലോ. അതുകൊണ്ട് വേണ്ടെന്നുവെച്ചതാണത്രെ!. എത്ര നല്ല മനുഷ്യൻ!



# ശ്രീമഹാഭാഗവതം

## ഭാഗവതം ദശമസ്കന്ധം

ഡോ: രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009

ഭാഗവതത്തിലെ ഏറ്റവും വലിയ സ്കന്ധമാണ് ദശമസ്കന്ധമെന്നു പറയാം. ഇതിൽ 90 അദ്ധ്യായങ്ങളും രണ്ടു ഭാഗവുമായിട്ടാണ് വർണ്ണന. ഇവിടെ ശ്രീകൃഷ്ണ ലീല വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. സംഹാരങ്ങൾ, തത്ത്വചിന്തകൾ, ഇങ്ങനെ ആകെ സംഭവബഹുലമായ ആ അവതാരോദ്ദേശവും പ്രവർത്തികളും വിശദമാക്കുന്നു. പരീക്ഷിത് മഹാരാജാവ് ശ്രീശുകനോട് പറഞ്ഞു ചന്ദ്രവംശവും സൂര്യവംശവുമൊക്കെ അങ്ങ് സവിസ്തരം പറഞ്ഞു. അവിടെയാണ് ശ്രീകൃഷ്ണനും ബലഭദ്രനും അവതരിച്ചത്. കുരുക്ഷേത്രയുദ്ധം ജയിച്ചതും ഭഗവാന്റെ അനുഗ്രഹത്താലാണ്. എല്ലാവർക്കും മോക്ഷം കൊടുക്കുന്നത് ഭഗവാനാണ്. അതുകൊണ്ട് ഭഗവാന്റെ ദുഷ്ടനിഗ്രഹവും ശിഷ്ടരക്ഷയും വിശദമായി പറഞ്ഞുതരണം. പരീക്ഷിത്ത് അപേക്ഷിച്ചു. മരണഭയം ഇല്ലാതാക്കുന്നത് ഭഗവാനാണ്. ജനനം മുതൽ കംസനെ കൊന്നത് ഇങ്ങനെ വലുതും ചെറുതുമായ എല്ലാ വിവരങ്ങളും ശ്രീശുകൻ പരീക്ഷിത്തിനു മനസ്സിലാക്കിക്കൊടുക്കുന്നു. ശ്രീശുകൻ പറഞ്ഞു, ഉത്തമനായ രാജാവിന് ഭക്തിയും ശ്രദ്ധയുമുണ്ട്. ഭഗവാന്റെ കഥ കേൾക്കുന്നവരും കഥ പറയുന്നവരും പരിശുദ്ധരായി തീരുന്നു. ഒമ്പതാം സ്കന്ധത്തിന്റെ അവസാനം പറയുന്നുണ്ട്:

കൃഷ്ണഗീതികൾ ഗാനം ചെയ്യുന്ന ജനത്തിന്
തൃഷ്ണയും വിട്ടു മുക്തി കൈവരും
നിസ്സംശയം

ഈ അവതാരം എങ്ങനെ ഉണ്ടായിയെന്നു നോക്കാം. ദുഷ്ടന്മാരായ രാജാക്കന്മാരുടെ ഹീന പ്രവർത്തികൾ മൂലം ഭൂമിദേവിക്കു ഭാരം താങ്ങാൻ വയ്യാതായി. ഭൂമിദേവി ബ്രഹ്മാവിനെ സമീപിച്ചു. മനുഷ്യദുഃഖം തീർക്കാനുള്ള ചുമതല ശ്രീഹരിക്കാണ്. ബ്രഹ്മാവിന്റെ ദുഃഖം തീർക്കേണ്ടത് ശ്രീഹരിയുടെ ചുമതലയാണ്. ബ്രഹ്മാവിന് സങ്കടം എപ്പോഴുണ്ടാകുന്നുവോ അപ്പോഴെല്ലാം ശ്രീഹരി അവതാരങ്ങളെടുക്കുന്നു. അക്കാലത്ത് മഥുരാപുരിയിലെ ശൂരസേനന്റെ മകൻ വാസുദേവൻ വാസുകിയെ വിവാഹം കഴിച്ചു. ഉഗ്രസേനന്റെ പുത്രനായ കംസൻ ചെറിയച്ഛനായ ദേവന്റെ മകളായ ദേവകിയുടെ വിവാഹഘോഷയാത്രയിൽ രഥത്തിൽ കയറി. അപ്പോൾ കേട്ട അശരീരി കംസനെ തിരായിരുന്നു. അങ്ങനെ ദേവകിയെ വധിക്കാൻ ഒരുങ്ങി. കാരണം ദേവകിയുടെ എട്ടാമത്തെ പുത്രൻ കംസനെ വധിക്കും എന്നായിരുന്നു അശരീരി. കംസനും വാസുദേവരും തമ്മിലുണ്ടാക്കിയ ഒരു കരാറിൽ ദേവകിയെ കൊല്ലാതെ രണ്ടുപേരേയും ജയിലിലടക്കുകയും കുട്ടികളെ പ്രസവിച്ചാലുടൻ കംസനു കൊടുക്കാമെന്നും ഉറപ്പിച്ചു. 7 കുഞ്ഞുങ്ങളേയും കംസൻ വധിച്ചു. എട്ടാമത്തെ കുട്ടിയെ വസുദേവർ അമ്പാടിയിലെത്തിച്ചു രക്ഷപ്പെടുത്തിയെന്നുള്ളതും എല്ലാവർക്കും അറിയാവുന്ന കഥകളാണ്. പൂതനാമോക്ഷം, കംസവധം, ശകടാസുരവധം, അമ്പാടിയിൽ വളർന്നതും, ബകാസുരവധം, അഘാസുരമോക്ഷം എല്ലാംതന്നെ ഇവിടെ വിശദമായി വിവരിക്കുന്നുണ്ട്. കൃഷ്ണന്റെ ബാലലീലകളെല്ലാം തന്നെ ശ്രീശുകൻ വിവരിക്കുന്നുണ്ട്. ഈ വിവരണങ്ങൾക്കിടയിൽ പരീക്ഷിത്ത് രാജാവ് ചില ചോദ്യങ്ങളൊക്കെ ചോദിക്കുന്നുമുണ്ട്. അദ്ദേഹം ചോദിച്ചു, ശിവൻ ഒരിടത്ത് ഇരിക്കയാണ് ഭസ്മമൊക്കെയിട്ട്. ഭക്തന്മാർക്ക് വലിയ ഐശ്വര്യവും നല്കികൊണ്ട്. ലക്ഷ്മീപതിക്ക് ഭക്തന്മാർ കുറവാണ്. എന്താണ് കാര്യം. ശ്രീശുകൻ പറഞ്ഞു, ശിവൻ ക്ഷിപ്രപ്രസാദിയാണ്. വിഷ്ണു അങ്ങനെയല്ല. ഭക്തന്മാരെ പരീക്ഷിക്കും. അവനിൽ ഭക്തി വളർത്തിമാത്രമേ കൃപ ചൊരിയൂ. ഭസ്മാസുരനു പോലും ശിവൻ വരം കൊടുത്തു. പെട്ടെന്നു വരം കിട്ടിയ ഭസ്മാസുരന്റ കഥ പ്രസിദ്ധമാണല്ലോ. അർജ്ജുനന്റെ സ്വഭാവ രൂപീകരണത്തിനു വേണ്ടി ഭഗവാൻ പല കാര്യങ്ങളും ചെയ്യുന്നു. ഇവയെല്ലാം തന്നെ മഹാഭാരതത്തിന്റെ താളുകളിൽ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്.

ദശമസ്കന്ധത്തിലെ അവസാന ഭാഗം ഭഗവാന്റെ ലീലകളാണ്. ശ്രീശുകൻ യദുവംശ സന്തതി പരമ്പരയും വിവരിച്ചുകൊടുക്കുന്നുണ്ട്. ഭൂമിഭാരം തീർക്കാൻ യദുവംശത്തിൽ ശ്രീകൃഷ്ണൻ ജനിച്ചുവെന്നും അതു ഭഗവാന്റെ ഇച്ഛയായിരുന്നുവെന്നും പറയുന്നു. ഇങ്ങനെ സർവ്വവ്യാപിയായ ശ്രീകൃഷ്ണൻ എല്ലാവരുടേയും ആശ്രയമാണ്. അദ്ദേഹത്തിന്റെ കർമ്മങ്ങളുടെയും ലീലകളുടെയും ശ്രവണം മനുഷ്യനെ ഭക്തിയിലേക്ക് അടുപ്പിക്കുകയും പരമപദം പ്രാപിക്കുകയും ചെയ്യും.

ഗർവ്വ ജഗല്പതി തൻ കഥയിത്തരം
ആവോളവും കേട്ടുകൊൾകിലവർക്കെല്ലാം
സമ്പൽസമൃദ്ധി സൗഖ്യങ്ങൾ രിപുജയം
കമ്പമെന്യെ കീർത്തി സന്തതി സൗഭാഗ്യം
നാനാവിധം വിഭവങ്ങൾ ബലം ബഹു-
മാനവും വീര്യ വിദ്യായുരാരോഗ്യവും
സർവ ജനബഹുമാനമതി ശുദ്ധി
സർവവേദിത്വം മഹാജനപൂജ്യത്വം
ജന്മജന്മാന്തരലാർജ്ജിത പാപങ്ങൾ
കല്മഷമുൻമൂല നാശനം ക്ഷാന്തിയും
ബ്രഹ്മഹത്യാദി മഹാപാപവുംപോകും
നിർമ്മല വിഷ്ണു പാദഭക്തി വാഞ്ചയും
സർവദാ ഭക്തിയും മുക്തിയും സിദ്ധിക്കും.

*****

# എറണാകുളം കരയോഗം

## ടി.ഡി.എം ഹാളിൽ നടത്തുന്ന പ്രതിമാസ കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ

## ജൂലൈ - ഓഗസ്റ്റ് 2022

| | | | | |
|---|---|---|---|---|
| 1 | 11-07-2022 | തിങ്കൾ | വിമൻസ് ഫോറം | 3.30 pm |
| 2. | 09-07-2022 | ശനി | വേദാന്ത പഠന ക്ലാസ്സ് - ശ്രീമദ് ഭഗവത്ഗീത - ആചാര്യൻ കെ.ആർ. നമ്പ്യാർ | 10.a.m. - 11.30 a.m. |
| | 16-07-2022 | | | |
| | 23-07-2022 | | | |
| | 30-07-2022 | | | |
| | 06-08-2022 | | | |
| 3. | 13-07-2022 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് - വത്സല.പി.പി | 3.00 p.m - 4.00 p.m. |
| | 20-07-2022 | | | |
| | 27-07-2022 | | | |
| | 03-08-2022 | | | |
| | 10-08-2022 | | | |
| 4. | 14-07-2022 | വ്യാഴം | എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| | 21-07-2022 | | | |
| | 28-07-2022 | | ഇ.സി.എഫ് വാർഷികം | 10.00 a.m. - 4.00 p.m. |
| | 04-08-2022 | | എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| | 11-08-2022 | | | |
| 5. | 30-07-2022 | ശനി | ബീം - കഥകളി പദം ശ്രീ. കോട്ടയ്ക്കൽ മധു | 6.15 pm |
| 6. | 31-07-2022 | ഞായർ | സമ്പൂർണ്ണ രാമായണ പാരായണം | 6.30 am |

# എറണാകുളം കരയോഗത്തിൽ

## സമ്പൂർണ്ണ രാമായണ പാരായണം

**ശ്രീ. എൻ.ടി. കാർത്തികേയന്റെ നേതൃത്വത്തിൽ**

**2022 ജൂലൈ മാസം 31- ാം തീയതി ഞായറാഴ്ച രാവിലെ 6.30മുതൽ**

*** *** *** ***



# രവിപുരം ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ

**രാമായണ മാസാചരണം**

17-7-2022 മുതൽ 16-08-2022 വരെ ദിവസവും രാവിലെ 10.30ന്

**സമ്പൂർണ്ണ രാമായണപാരായണം**

23-7-2022 (കർക്കിടകം 7) രാവിലെ 6 മുതൽ വൈകിട്ട് 6 വരെ

# ഒരു യൂറോപ്യൻ യാത്രാ വിവരണം

പി. ആർ. വി. മേലങ്ങത്ത്




യാത്രകൾ എന്നും മനുഷ്യന് സന്തോഷം മാത്രമല്ല ധാരാളം അറിവുകളും അനുഭവങ്ങളും നൽകും. അത് ഒരു വിദ്യാർത്ഥിയെ പോലെ പഠിക്കുവാനും മറ്റുള്ളവർക്ക് പകരുവാനും ഉള്ള നിമിഷങ്ങളുമാണ്. നാം കാണുന്ന ഓരോ കാഴ്ചയും ജീവിതകാലം മുഴുവൻ ഓർത്തുവെയ്ക്കുവാൻ നമുക്ക് കഴിയണം.

എറണാകുളം കരയോഗം കഴിഞ്ഞ കുറേ വർഷങ്ങളായി ഇൻഡ്യക്ക് അകത്തും പുറത്തും യാത്രകൾ സംഘടിപ്പിക്കുക പതിവാണ് അതു വഴി ധാരാളം അനുഭവങ്ങൾ പങ്കുവെക്കുവാനും അതിൽ ഒരു ചെറിയ ശതമാനം പ്രായോഗിക തലത്തിൽ കൊണ്ടുവരുവാനും കഴിയുന്നത്ര പരിശ്രമം നടത്തിവരുന്നുണ്ട്. എന്തു കൊണ്ട് ഇത്തരം യാത്രകൾ കരയോഗം പോലുള്ള ഒരു സാമുദായിക സാംസ്ക്കാരിക സംഘടന സംഘടിപ്പിക്കുന്നുവെന്ന് സംശയം ആർക്കെങ്കിലും തോന്നിയാൽ അതിനുള്ള ഉത്തരമാണ് മേൽ സൂചിപ്പിച്ചത്.

2022 മെയ് 12 മുതൽ 25 വരെ 14 ദിവസം നീണ്ടുനിന്ന ഒരു യുറോപ്യൻ പര്യടനം നടത്തിയതിന്റെ അനുഭവങ്ങൾ പങ്കുവെയ്ക്കുകയാണ് ഈ ഒരു ചെറിയ കുറിപ്പ് കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിലെ ഭാഷാസാഹിത്യശൈലികളിലെ കുറവുകൾ വായനക്കാർ സദയം ക്ഷമിക്കുമല്ലോ.

ഫ്രാൻസ്, നെതർലാന്റ്സ്, ബെൽജിയം, ജർമ്മനി, സ്വിറ്റ്സർലാന്റ്, ഇറ്റലി - വത്തിക്കാൻ, റോം എന്നീ രാജ്യങ്ങളിലാണ് സന്ദർശനം നടത്തിയത്. 2020 ഏപ്രിൽ മാസം മേൽപറഞ്ഞ രാജ്യങ്ങളിലേക്ക് യാത്രക്കുള്ള തയ്യാറെടുപ്പും വിസയും എല്ലാം ഞങ്ങൾ 54 പേർ അടങ്ങുന്ന സംഘം പൂർത്തിയാക്കി കാത്തിരിക്കുമ്പോളാണ് കോവിഡ് -19 എന്ന മഹാമാരി 2020 മാർച്ച് 24-ാം തീയതി മുതൽ ലോകത്തിലെ മനുഷ്യരുടെ സഞ്ചാര സ്വാതന്ത്ര്യം താത്ക്കാലികമായി തടഞ്ഞത്.

തുടർന്ന് 2 വർഷം യാത്ര ചെയ്യുവാൻ കഴിഞ്ഞില്ല. മുടങ്ങിയ യാത്ര വീണ്ടും കോവിഡ് മഹാമാരിയുടെ കാഠിന്യം കുറഞ്ഞ മുറക്കാണ് ഈ വർഷം സംഘടിപ്പിച്ചത്. 34 പേർ അടങ്ങുന്ന സംഘമായിരുന്നു ഞങ്ങളുടേത്. യുറോപ്യൻ യാത്രക്കായി മെയ് 12-ാം തീയതി വൈകുന്നേരം 4 മണിയോടുകൂടി ഞങ്ങൾ എല്ലാവരും കൊച്ചിൻ ഇന്റർനാഷണൽ എയർപ്പോർട്ടിൽ എത്തി. സെക്യൂരിറ്റി പരിശോധനയും എമിഗ്രേഷനും പൂർത്തിയാക്കി. 7.40 നുള്ള സൗദി എയർലൈൻസിന്റെ കൊച്ചിൻ - റിയാദ് വിമാനം യാത്രയ്ക്ക് തയ്യാറായിരുന്നു. സത്യത്തിൽ എല്ലാവരുടേയും മനസ്സിൽ ആകാംക്ഷയും അതോടൊപ്പം കുറേക്കാലത്തിനു ശേഷം ഒരു സ്വതന്ത്രയാത്ര ചെയ്യുന്നതിലുള്ള സന്തോഷവുമുണ്ടായിരുന്നു.യാത്രാംഗങ്ങൾ കൂടുതൽ പരസ്പരം പരിചയപ്പെട്ടും സുഹൃദ്ബന്ധം ദൃഢമാക്കിയും ലോബിയിൽ ഏകദ്ദേശം 2 മണിക്കൂർ കാത്തിരുന്നു. 7.40 നു തന്നെ കൊച്ചിയിൽ നിന്നും യാത്രപുറപ്പെട്ട് രാത്രി 10.15 ന് റിയാദ് എയർപ്പോർട്ടിൽ എത്തിച്ചേർന്നു. അവിടെ നിന്നും പാരീസിലേയ്ക്കുള്ള കണക്ഷൻ ഫ്ളൈറ്റിനു വേണ്ടി അടുത്ത ടെർമിനലിൽ ഞങ്ങൾ എത്തിച്ചേർന്നു. രാത്രി 1 മണിയോടുകൂടി റിയാദ് - പാരീസ് ഫ്ളൈറ്റിൽ യാത്ര തുടർന്നു.

13-ാം തീയതി രാവിലെ 7.15 മണിയോടുകൂടി പാരീസ് നഗരത്തിൽ ഞങ്ങൾ എത്തിച്ചേർന്നു. തികച്ചും വ്യത്യസ്തമായ കാലാവസ്ഥ, ഏകദ്ദേശം 20 ഡിഗ്രി താപനില മാത്രമുള്ള പാരീസിലെ പ്രഭാതം ഞങ്ങൾക്ക് ഒരു പ്രത്യേക അനുഭൂതിയാണ് സമ്മാനിച്ചത്. 7998 കിലോമീറ്റർ യാത്ര ചെയ്താണ് കൊച്ചിയിൽ നിന്ന് പാരീസ് നഗരത്തിൽ എത്തിയത്. പാരീസ് എന്ന് കേൾക്കുമ്പോൾ തന്നെ മോബ് - ജനക്കൂട്ട പ്രക്ഷോഭങ്ങൾക്ക് ഖ്യാതി കേട്ട സ്ഥലം എന്ന് പല



വായനകളിൽ നിന്നും പത്രദൃശ്യമാദ്ധ്യമങ്ങളിൽ നിന്നും അറിഞ്ഞിട്ടുള്ളത് കൊണ്ട് ഞങ്ങളുടെ മനസ്സിൽ ചെറിയൊരു ഭയം ഉണ്ടായിരുന്നു. ഫ്രഞ്ച് ഭാഷ സംസാരിക്കുന്ന,- ഇംഗ്ലീഷ് ഭാഷ സംസാരിക്കാൻ വിമുഖത കാണിക്കുന്ന പ്രകൃതമാണ് ഇവരുടേത് ക്രിസ്തു മതം സ്വീകരിച്ചിട്ടുള്ള, 67 ബില്യൺ ജനസാന്ദ്രതയുള്ള, ഏകദേശം രണ്ടര ലക്ഷം ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള പാരീസ് നഗരത്തിൽ എയർപോർട്ടിനടുത്തുള്ള Novatel Paris Nord Expo AulNay എന്ന ഹോട്ടലിൽ 2 ദിവസത്തെ താമസത്തിനു വേണ്ടി ഞങ്ങൾക്ക് റൂമുകൾ ബുക്ക് ചെയ്തിരുന്നു. യുറോപ്യൻ അച്ചടക്കവും വളരെ ശാന്തവും പ്രകൃതിരമണീയവും പച്ചപ്പുമുള്ള ഭൂപ്രകൃതിയും അന്തരീക്ഷവും വളരെ ഹൃദ്യമായിരുന്നു. ഫ്രഞ്ച് സമയം രാവിലെ 9.30 മണിയോടുകൂടി ഞങ്ങൾ ഹോട്ടലിൽ എത്തി റൂമിൽ പ്രവേശിച്ചു. ഫ്രഷായതിനു ശേഷം പ്രാതൽ കഴിക്കുവാൻ എല്ലാവരും ഒത്തുകൂടി. ആദ്യമേ ഒരു കാര്യം സൂചിപ്പിക്കട്ടെ. യൂറോപ്യൻ യാത്രകളിൽ കണ്ട ഒരു പ്രത്യേകത അവിടുത്തെ എത്ര വലിയ ഹോട്ടലുകളിൽ ആണ് താമസ സൗകര്യം സജ്ജമാക്കിയിട്ടുള്ളതെങ്കിലും അതിലെല്ലാം റൂമുകളിലെ സൗകര്യങ്ങൾ വളരെ പരിമിതമായി ക്രമീകരിച്ചും, ബാത്ത്റൂമും, ടോയ്ലറ്റും എത്രത്തോളം ചെറുതാക്കാമോ അത്രയും ചെറുതും 4 പേർക്ക് മാത്രം കയറാവുന്ന ലിഫ്റ്റുകളും ഒരു ന്യൂനത തന്നെയാണ്. എന്നാൽ ഒരാഴ്ചകൊണ്ട് ഞങ്ങൾക്ക് ആ സൗകര്യങ്ങൾ ശീലമാക്കേണ്ടി വന്നു എന്ന് പറയട്ടെ.

ഉച്ചയ്ക്ക് 12.30 മണിയോടുകൂടി ഞങ്ങൾ ഹോട്ടൽ ലോബിയിൽ എത്തിച്ചേർന്നു. യുറോപ്പിലെ ബസ്സ് യാത്ര അവിടെ നിന്നും ആരംഭിക്കുകയായിരുന്നു. ഒരു റസ്റ്റോറന്റിൽ എത്തി





ഉച്ചഭക്ഷണത്തിനു ശേഷം നഗരക്കാഴ്ചകൾ ബസ്സിലിരുന്നു കണ്ട് ആസ്വദിച്ചു. നഗരം ഈ സമയത്ത് വളരെ സജീവമായിരുന്നു. കോവിഡിന്റെ പിടിമുറുക്കത്തിൽ നിന്നും ജനങ്ങൾ പുറത്തിറങ്ങി തുടങ്ങിയിരിക്കുന്നു. Opera Garnier, The Champs Elysees, Alexander Bridge, Concords square, Invalids and up to the Arc de Triumph എന്നീ സ്ഥലങ്ങൾ കണ്ട് ആസ്വദിക്കുവാൻ കഴിഞ്ഞു. തുടർന്ന് EIFFEL Tower സന്ദർശനമായിരുന്നു. ഇവിടെ എടുത്തു പറയാനുള്ളത് EIFFEL Tower ന്റെ മൂന്നാമത്തെ ലെവൽ വരെ ഞങ്ങൾ കയറുകയും ഏകദേശം മുഴുവനായി തന്നെ പാരീസ് നഗരം കാണുകയും ചെയ്തു.



EIFFEL Tower ന്റെ നിർമ്മാണം 1887 ൽ ആരംഭിച്ച് 1889 മാർച്ച് 31 ന് പൂർത്തികരിച്ച് ജനങ്ങൾക്കായി തുറന്നു കൊടുത്തു. 133 കൊല്ലം പഴക്കമുള്ള EIFFEL Tower ഒരു അത്ഭുതം തന്നെയാണ്. 300 മീറ്റർ ഉയരമുള്ള, പൂർണ്ണമായും സ്റ്റീലിൽ നിർമ്മിച്ചിട്ടുള്ള EIFFEL Tower ന്റെ ഭൂരിഭാഗം സ്റ്റീലും ഇൻഡ്യയിൽ നിന്നുമാണ് എത്തിച്ചിട്ടുള്ളത് എന്ന് ഞങ്ങളുടെ ഗൈഡ് പറഞ്ഞു. EIFFEL Tower ൽ നിന്നുള്ള കാഴ്ചകൾ വളരെ ഹൃദ്യവും നയനമനോഹരങ്ങളുമായിരുന്നുവെന്ന് പറയേണ്ടതില്ലല്ലോ. ആധുനിക രീതിയിലുള്ള ലിഫ്റ്റ് സംവിധാനത്തിലൂടെ സന്ദർശകരെ ഒന്നാം ലെവലിലും മൂന്നാം ലെവലിലും എത്തിക്കുകയും അവിടെ സന്ദർശകർക്ക് ഫോട്ടോയെടുക്കുവാനുള്ള സൗകര്യങ്ങൾ ഒരിക്കിയിരുന്നത് മുഴുവനായി തന്നെ നമ്മുടെ സഹയാത്രികർ പ്രയോജനപ്പെടുത്തുകയും ചെയ്തു.

വൈകുന്നേരം 6 മണിയോടു കൂടി അവിടെ നിന്നും മടക്കയാത്ര ആരംഭിച്ച് വെൽക്കം ഇൻഡ്യ റസ്റ്റോറന്റിൽ അത്താഴം കഴിച്ചു നമ്മുടെ സഹയാത്രികർ ഭൂരിഭാഗവും പ്രായമായവരും വെജിറ്റേറിയൻ ഭക്ഷണത്തോട് താത്പര്യമുള്ളവരുമായതിനാൽ ആവുന്നത്ര ഇൻഡ്യൻ റസ്റ്റോറന്റുകളുമായി ബന്ധപ്പെടുത്തിയാണ് ഭക്ഷണം ഏർപ്പാട് ചെയ്തിരുന്നത്. ഇൻഡ്യൻ ഭക്ഷണത്തിന്റെ രുചിയെപ്പറ്റി വിവരിക്കിന്നില്ല. സസ്യാഹാരത്തിന് യുറോപ്പിലെ റസ്റ്റോറന്റുകൾക്ക് നൈപുണ്യം ഇല്ലയെന്ന് തന്നെ പറയണം അത്താഴം കഴിഞ്ഞ് 9 മണിയോടുകൂടി താമസിക്കുന്ന ഹോട്ടലിൽ തിരിച്ചെത്തി.

മൂന്നാം ദിവസം 14-ാം തീയതി രാവിലെ 7.30 മുതൽ പ്രാതൽ ഹോട്ടലിൽ തന്നെ ഏർപ്പാടാക്കിയിരുന്നു. യുറോപ്യൻ ഭക്ഷണ ശൈലിയോടൊപ്പം സസ്യാഹാരവും ലഭ്യമായിരുന്നു.





പ്രാതലിനു ശേഷം രാവിലെ 8.30 മണിയോടുകൂടി യാത്ര ആരംഭിച്ചു. Lourve Museum ഒരു അനുഭവം തന്നെ പ്രദാനം ചെയ്തു. മോണാലിസ, മാർവൽ തുടങ്ങി ആയിരക്കണക്കിനു പെയ്ന്റിംങ്ങുകളുടെ ഒരു മഹാത്ഭുതം തന്നെ. പുരാവസ്തു പ്രധാനമായ പ്രതിമകൾ, പല മ്യൂസിയങ്ങളിലും അംഗഭംഗം വന്നതും വികലമായതുമായ മാർബിൾ ശില്പങ്ങൾ, വിശാലവും വിപുലവുമായ ക്യാൻവാസുകളിലും കാർപെറ്റുകളിലും ഉള്ള ആയിരക്കണക്കിനു കലാസൃഷ്ടികൾ - എല്ലാം തികച്ചും ആശ്ചര്യം തന്നെ. 1848 കാലഘട്ടത്തെ ഓർമ്മിപ്പിച്ചുകൊണ്ട് അന്നത്തേ സംസ്ക്കാരവും മനുഷ്യന്റെ രൂപവും ആകൃതിയും ജീവിതശൈലികളും പ്രതിഫലിക്കുന്നവയാണ് ഈ കലാസൃഷ്ടികൾ. ഏകദേശം 4 മണിക്കൂർ മ്യൂസിയം മുഴുവൻ ചുറ്റി നടന്നു കാണുവാൻ ഞങ്ങൾ സമയം ചെലവഴിച്ചുവെങ്കിലും അത് തികച്ചും ആപര്യാപ്തമായിരുന്നു എന്ന് തോന്നി.

പുരാതന ഫ്രാൻസിന്റെ ഒരു പരിച്ഛേദം ദർശിക്കുവാൻ ആദ്യദിവസം കഴിഞ്ഞു. ശില്പകലാകാരന്മാർക്ക് കാണുവാനും പഠിക്കുവാനുമുള്ള കലാസൃഷ്ടിയുടെ ഒരു യൂണിവേഴ്സിറ്റിയായി Lourve Museum ത്തെ വിശേഷിപ്പിക്കാം. ഞങ്ങൾ വളരെ ആസ്വദിച്ചു എന്ന് ഇവിടെ കുറിക്കട്ടെ. തുടർന്ന് വൈകുന്നേരം ചെറിയ ഷോപ്പിംഗ് നടത്തി രാത്രി ഭക്ഷണം കഴിഞ്ഞ് ഹോട്ടലിൽ തിരിച്ചെത്തി. അടുത്ത ദിവസം ഞങ്ങൾക്ക് യാത്രപുറപ്പെടേണ്ടതും ഈ ഹോട്ടലിലെ താമസം അവസാനിപ്പിക്കേണ്ടതുമായിരുന്നു. യാത്രയുടെ മൂന്നാം ദിവസം എല്ലാവരും തമ്മിൽ ശുഭരാത്രി നേർന്നു കൊണ്ട് പിരിഞ്ഞു.

(തുടരും...)

# വിജ്ഞാനത്തിന്റെ സൂര്യോദയം

**സി. രാമചന്ദ്രൻ - 9995820684**

**നാ**ടുവാഴിത്ത-പൗരോഹിത്യത്തിന്റേതായ ഫ്യൂഡൽ സമൂഹം യൂറോപ്പിൽ ആയിരത്തോളം വർഷങ്ങൾ പതിനഞ്ച് - പതിനാറു നൂറ്റാണ്ടുവരെ നിലനിന്നിരുന്നു. ആഫ്രിക്കയും ഏഷ്യയും പോലുള്ള പിന്നോക്ക ഭൂഖണ്ഡങ്ങളിൽ അത് തുടർന്നും നിലനിന്നു എങ്കിലും വിജ്ഞാനത്തിന്റെ പ്രഭാതകിരണങ്ങൾ പടിഞ്ഞാറാണുദിച്ചുയർന്നത്. നാടുവാഴിത്തത്തിൽ നിന്ന് മുതലാളിത്തത്തിലേയ്ക്കുള്ള ചുവടുവയ്പായും കാലം അത് അടയാളപ്പെടുത്തുന്നു. പഴയ സമൂഹം പുതിയതൊന്നിനെ ഗർഭത്തിൽ വഹിക്കുന്നു. ചരക്കുല്പാദന സമ്പ്രദായം പാടേ മാറുന്നു. കമ്പോളങ്ങൾ ചീർത്തുവീർത്തു വികസിച്ചു. നഗരങ്ങൾ വ്യാവസായിക - രാഷ്ട്രീയ - സാംസ്കാരിക കേന്ദ്രങ്ങളായി വളരുന്ന കാലം. കലാപരവും ബൗദ്ധികവുമായ ഒരു പുതിയ സംസ്കാരം സമൂഹത്തിൽ വളരുവാനുള്ള പശ്ചാത്തലം ഒരുങ്ങിവന്നു. പലയിടങ്ങളിലും മതസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള മുറവിളികളുയർന്നുചെറിയതോതിൽ കലാപങ്ങളുമുയർന്നു. അതേ സമയം തന്നെ കപ്പൽനിർമ്മാണത്തിലും സമുദ്രയാത്രയിലുമുണ്ടായ നവീകരണം നഗരങ്ങളെ, തുടർന്നും സമ്പന്നമാക്കിക്കൊണ്ടിരുന്നു. ഇത് കരവഴിയുള്ള വൻ ചരക്കുനീക്കങ്ങളെ, ചിലവേറുകയാൽ മന്ദീഭവിപ്പിച്ചു. അമേരിക്കൻ വൻകര കണ്ടു പിടിക്കപ്പെടുകയും വാസ്കോഡിഗാമ ഇന്ത്യയിലേക്കു പുതിയ ഗതാഗതമാർഗം കണ്ടെത്തുകയും ചെയ്തതോടെ ഇറ്റലിയേക്കാളും, ജർമ്മനിയേക്കാളും മുന്നേ, മറ്റു യൂറോപ്യൻ രാജ്യങ്ങൾ ഓടിയെത്തി. അതിൽത്തന്നെ പോർച്ചുഗൽ, സ്പെയിൻ, പോളണ്ട്, ഇംഗ്ലണ്ട് എന്നിവയായിരുന്നു മുൻനിരയിൽ. കാലത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് അറിവുകളിലും വീക്ഷണങ്ങളിലും പരിഷ്കരണങ്ങളും ശുദ്ധീകരണങ്ങളും വരുത്തേണ്ടതായിട്ടുണ്ടായിരുന്നു. അതിന് അവർ തല്ക്കാലം ആശ്രയിച്ചത് അറബികളുടെ ആധുനികതയേക്കാൾ ഗ്രീക്കു-റോമൻ പൗരാണിക ചിന്തകളെയായിരുന്നു. പ്ലേറ്റോയും അരിസ്റ്റോട്ടിലും ദമോക്രീറ്റസും ആർക്കമിഡീസും മറ്റും യൂറോപ്പിൽ പുനരവതരിച്ചു. ദൈവികചിന്തകളുടെ സ്ഥാനത്ത് മാനവികതയുടെ ഒരു മനോനില സംജാതമായി. 'ഇഷ്ടപ്പെട്ടതു ചെയ്യുക' എന്ന പുതിയൊരു മുദ്രാവാക്യമുയർന്നു. ഭൂമിക്കു പകരം സൂര്യനും ദൈവത്തിനുപകരം മനുഷ്യനും ബൗദ്ധിക മനനകേന്ദ്രങ്ങളിൽ സ്ഥാനം പിടിച്ചു. കുരിശുയുദ്ധങ്ങളുടെ പരാജയങ്ങൾ ഒരു ദൈവത്തിന്റെ വിജയവും മറ്റൊന്നിന്റെ പരാജയവുമായി വ്യാഖ്യാനിക്കപ്പെട്ടു. ഏതു ദൈവം, കാലഘട്ടത്തിന്റെ കലകളിൽ, അത് ചിത്രകലയായാലും ശില്പകലയായാലും, മനുഷ്യരൂപങ്ങൾക്കു മിഴിവേറി വന്നു. ദൈവങ്ങൾപോലും സുഭഗസൗഷ്ഠവ മനുഷ്യരൂപങ്ങളിൽ സൃഷ്ടിക്കപ്പെട്ടു.

നവോത്ഥാനം തുടങ്ങിയത് 1452 ഏപ്രിൽ 15-നാണ് എന്നു പറയാറുണ്ട്. അന്നാണ് ലിയർനാർഡോ ഡാവഞ്ചി ജനിച്ചത്.

പ്രതീകാത്മാകമായ ഒരു വിവക്ഷയാണിതെന്നു പറയേണ്ടതില്ല. അതിന്റെ ഔചിത്യം, കിടയറ്റ ഒരു കലാകാരനും കഴിവുറ്റ എഞ്ചിനീയറും വൈഭവശാലിയായ ഒരു ശാസ്ത്രജ്ഞനുമായിരുന്നു അദ്ദേഹം എന്നതുതന്നെയാണ്. ആധുനികമായ ലോകവീക്ഷണത്തിലൂടെ പ്രപഞ്ചത്തെ വീക്ഷിച്ച ആദ്യത്തെ മനുഷ്യൻ എന്ന പ്രശസ്തി അദ്ദേഹത്തിനു സ്വന്തമാണ്. ശവശരീരങ്ങൾ കീറിമുറിച്ച് അവയവങ്ങളുടെ ചിത്രങ്ങൾ രേഖപ്പെടുത്തിയും, വിശ്വവിഖ്യാതമായ ചിത്രങ്ങൾ രചിച്ചും വെള്ളം ഉയരങ്ങളിലേയ്ക്ക് തിരിച്ചുകയറ്റുവാനുള്ള യന്ത്രം കണ്ടുപിടിച്ചും അദ്ദേഹം കഴിവുതെളിയിച്ചു. പറക്കുന്ന യന്ത്രമുണ്ടാക്കുന്നതിന് അദ്ദേഹത്തിനു കഴിയാതെ പോയത് വായുഗതിയുടെ സിദ്ധാന്തങ്ങളെക്കുറിച്ചുള്ള അന്നത്തെ അറിവ് തികച്ചും അപര്യാപ്തമായിരുന്നു എന്നതിനാലാണ്. ഏതാണ്ടതേ കാലത്തിറങ്ങിയ രണ്ടു ശാസ്ത്ര ഗ്രന്ഥങ്ങളാണ് ബിറിൻ ഗുച്ചിയോ എഴുതിയ 'പൈറോടെക്നിക്ക്' എന്നതും ജോർജ്ജ് ബോവർ എഴുതിയ

'ദി റെമൈറ്റാലിക്ക' എന്നതും. ഇതു രണ്ടും തന്നെ രാസപ്രവർത്തനങ്ങളെക്കുറിച്ചും ധാതുശുദ്ധീകരണങ്ങളെക്കുറിച്ചുമുള്ളതായിരുന്നു. ടൈക്കോബ്രാഹേ എന്ന ഡാനിഷ് ജ്യോതിശാസ്ത്രജ്ഞനും അദ്ദേഹത്തിന്റെ ശിഷ്യൻ യോഹന്നസ് കെപ്ലറും സൗരയൂഥഗ്രഹങ്ങളെക്കുറിച്ചും പുതിയ പഠനങ്ങൾ നടത്തിവന്നിരുന്നു. പരമ്പരാഗതമായി വിശ്വസിച്ചു പോന്ന ഗ്രഹനില ഗണിതങ്ങളിലെ പല പിശകുകളും ടൈക്കോബ്രാഹേക്കു പരിഹരിക്കാനായി. ഗ്രഹങ്ങൾ സൂര്യനെയാണ് വലംവയ്ക്കുന്നതെന്ന് അദ്ദേഹത്തിനു തോന്നിയിരുന്നു. എന്നാൽ ഭൂമിയെ കേന്ദ്രസ്ഥാനത്തിൽ നിന്നു മാറ്റി പ്രതിഷ്ഠിക്കുക എന്ന പാപകർമ്മത്തിലേയ്ക്ക് അദ്ദേഹം കടന്നില്ല. അതിനാൽ സൂര്യനെ ഗ്രഹങ്ങൾ വലംവയ്ക്കുന്നതോടൊപ്പം അതെല്ലാം ചേർന്ന് അവസാനം ഭൂമിയെ വലംവയ്ക്കുന്നു എന്ന ഒത്തുതീർപ്പു ഫോർമുലയാണ് അദ്ദേഹം മുന്നോട്ടുവച്ചത്. പക്ഷെ അദ്ദേഹത്തിന്റെ മരണശേഷം ശിഷ്യൻ കെപ്ലർ സ്വതന്ത്രമായി രംഗത്തുവരുമ്പോഴേയ്ക്കും സൂര്യകേന്ദ്രിത പ്രപഞ്ചചിത്രം വിജ്ഞർക്കിടയിൽ അംഗീകരിക്കപ്പെട്ടുകഴിഞ്ഞിരുന്നു.

പോളണ്ടിലെ പോമറേനിയ എന്ന സ്ഥലത്തു ജനിച്ചു വളർന്നു വലുതായ നിക്കോളാസ് കോപ്പർനിക്കസ്സ്, ഗണിതവും നിയമവും ധനശാസ്ത്രവും വൈദ്യശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ച തിനുശേഷമാണ് ഇഷ്ടവിഷയമായ ജ്യോതിശാസ്ത്രം അഭ്യസിച്ചത്. ബൊളോണോ യൂണിവേഴ്സിറ്റിയിലെ പഠനശേഷം അമ്മാവന്റെ ഇടവക പള്ളിയിലെ കാനൺ ആയി നിയമിക്കപ്പെടുന്നു. അതോടൊപ്പം ബിഷപ്പിന്റെ ആസ്ഥാന വൈദ്യനുമായിത്തീർന്നു. അവിടെവച്ച് അദ്ദേഹം ജ്യോതിശാസ്ത്രത്തിൽ കൂടുതൽ ഗവേഷണം നടത്തുകയും കടന്നു ചിന്തിക്കുവാൻ പ്രാപ്തനാവുകയും ചെയ്തു.

കോപ്പർ നിക്കസ്സിനെ അലട്ടിയ ചില ചിന്തകൾ ഇവയായിരുന്നു. ബുധൻ, ശുക്രൻ എന്നീ ഗ്രഹങ്ങൾ എന്തുകൊണ്ട് സന്ധ്യാവേളകളിലോ അല്ലെങ്കിൽ ഉദയത്തിനുമുമ്പോ മാത്രം കാണുന്നു. എന്തുകൊണ്ട് രാത്രിയുടെ മധ്യയാമങ്ങളിൽ കാണുന്നില്ല. എന്തുകൊണ്ടാണ് ഗ്രഹങ്ങൾക്ക്വക്രഗതി(നക്ഷത്രങ്ങളെഅപേക്ഷിച്ച് പിറകോട്ട്) ഉണ്ടാകുന്നു. സൂര്യനെ കേന്ദ്രത്തിൽ പ്രതിഷ്ഠിക്കുകയാണെങ്കിൽ പ്രശ്നം ലളിതമായി പരിഹരിക്കാമെന്ന് അദ്ദേഹം കണ്ടു. അതിനനുസരിച്ച് ഗ്രഹനില കണക്കാക്കാൻ കഴിയുന്ന ഒരു മാതൃകയും അദ്ദേഹം വികസിപ്പിച്ചെടുത്തു. പക്ഷെ ഇത്തരത്തിൽ വിപ്ലവകരമായ ഒരാശയം മുന്നോട്ടുവച്ചാൽ പള്ളിയുടേയും മഠങ്ങളുടേയും ഭാഗത്തുനിന്ന് എന്തായിരിക്കാം പ്രതികരണമെന്നറിയുവാൻ അദ്ദേഹത്തിന് ഗ്രഹനില നോക്കേണ്ടതുമില്ലായിരുന്നു. പക്ഷെ ഉയർന്നുവന്നേക്കാവുന്ന ചില ചോദ്യങ്ങൾക്ക് മറുപടി തേടേണ്ടതുമുണ്ടായിരുന്നു. ഭൂമി അതിവേഗത്തിൽ ചുറ്റിത്തിരിയുമ്പോൾ കാറ്റടിക്കാത്തതെന്തുകൊണ്ട്? ഭൂമിയെ കറക്കുവാൻ ആവശ്യമായ ബലം എവിടെനിന്നുവരുന്നു? ഭൂമിയുടെ നിലനില്പിന്റെ ആലംബം എവിടെയാണ്? പിന്നീട് ഗലീലിയോയും മതവിചാരണാസമയത്ത് നേരിടേണ്ടിവന്ന ചോദ്യങ്ങളാണിവ.

പുസ്തകം പ്രസിദ്ധീകരിക്കാതെ അദ്ദേഹം അത് പതിറ്റാണ്ടുകളോളം കൈവശം വയ്ക്കുകതന്നെയാണുണ്ടായത്. എന്നാൽ അതിന്റെ ഒരു ചുരുക്ക വിവരണം പരിശോധനയ്ക്കായി നൽകുകയും ചെയ്തിരുന്നു. ഇതു വായിക്കാനിടയായ റെറ്റിക്കസ് എന്ന ഒരു ഗണിത

പ്രൊഫസർ കോപ്പർ നിക്കസ്സിനെ തേടിവരികയും, മൂലഗ്രന്ഥം വായിക്കുകയും, അത് അക്ഷരാർത്ഥത്തിൽ ഭൂമിയെ കുലുക്കാൻ സാധ്യതയുള്ള ഒന്നാണെന്ന് തിരിച്ചറിയുകയും ചെയ്തു. അദ്ദേഹത്തിന്റെ കുടി ഉത്തരവാദിത്വത്തിൽ പുസ്തകം അച്ചടിക്കുവാൻ തീരുമാനിച്ചു. അപ്പോഴേയ്ക്കും കോപ്പർ നിക്കസ്സ് അന്ത്യകാലത്തോടടുക്കുകയും ചെയ്തിരുന്നു. റെറ്റിക്കസ്സ് പ്രൊഫസർ പദവി ഏറ്റെടുക്കുവാൻ ലിപ്സിംഗ് സർവകലാശാലയിലേക്ക് സ്ഥലം മാറിപ്പോകുമ്പോൾ അച്ചടിയുടെ ചുമതല ഒസിയാണ്ടർ എന്ന ഒരു ലൂഥറൻ പാതിരിയെ ഏല്പിക്കുകയായിരുന്നു. പക്ഷെ ആ മാന്യൻ ഗ്രന്ഥത്തിന്റെ മുഖവുരയിൽ ഇങ്ങനെ ഒരു കാര്യം എഴുതിചേർത്തു: "ഈ ഗ്രന്ഥത്തിലുള്ളത് യഥാർത്ഥത്തിലുള്ള പ്രപഞ്ചചിത്രമല്ല. ഗ്രഹനിലകൾ കണക്കു കൂട്ടുന്നത് ലഘൂകരിക്കാൻ സഹായിക്കുന്ന ഒരു ഗണിതമാതൃക മാത്രമാണിത്." മരണശയ്യയിൽ കിടന്നുകൊണ്ട് കോപ്പർനിക്കസ്സ് ആദ്യ പ്രതി വായിക്കുമ്പോൾ

ഇതുകണ്ടാണ് പെട്ടെന്ന് മരിച്ചതെന്ന് നർമോക്തിയോടെ പറയാറുണ്ട്.

ജിയോർഡാനോ ബ്രൂണോ എന്ന വൈദിക വിദ്യാർത്ഥി യാദൃശ്ചികമായാണ് കോപ്പർനിക്കസ്സിന്റെ പ്രബന്ധം വായിക്കാനിടയായത്. സൂര്യകേന്ദ്രീതമായ പുതിയ പ്രപഞ്ചചിത്രം കണ്ട് അദ്ദേഹം ആവേശഭരിതനായി. മറ്റു നക്ഷത്രങ്ങൾ സൂര്യന്മാരാണെന്നും അതിനെ ചുറ്റുന്ന ഗ്രഹങ്ങൾ കണ്ടേക്കാമെന്നും അതിലേതെങ്കിലുമൊന്നിൽ ജീവനും ജീവികളും കണ്ടേക്കാമെന്നും അദ്ദേഹം പറഞ്ഞു. ഇതെല്ലാം പറഞ്ഞുകൊണ്ടു നടക്കാവുന്ന ഒരു സ്ഥാനത്തല്ല താനിരിക്കുന്നതെന്ന തിരിച്ചറിവിൽ അദ്ദേഹം പള്ളിയുമായുള്ള ബന്ധം വിച്ഛേദിച്ച്, പുതിയ ആശയത്തിന്റെ പ്രവാചകനായി യൂറോപ്പിലാകെ കൊടുങ്കാറ്റുപോലെ അലഞ്ഞു. കത്തോലിക്കരും പ്രൊട്ടസ്റ്റന്റുകാരും അദ്ദേഹത്തെ ഒരുപോലെ പകയോടെ കണ്ടു. ഇറ്റലിയിൽ അദ്ദേഹത്തിന് ഒരു ജോലി വാഗ്ദാനം ചെയ്യപ്പെട്ടതു സ്വീകരിക്കുവാൻ എത്തിയപ്പോൾ അത് തടവിലാക്കി വിചാരണ ചെയ്യുവാനുള്ള ചതിയാണെന്നു മനസ്സിലായി. കുമ്പസാരിക്കുവാൻ വിസമ്മതിച്ച അദ്ദേഹത്തെ ഇൻക്വിസിറ്റേഴ്സ് ജീവനോടെ ചുട്ടെരിച്ചു.

ഈ പശ്ചാത്തലത്തിലാണ് ഗലീലിയോ രംഗത്തു വരുന്നത്; നവോത്ഥാനത്തിന്റെ കേന്ദ്ര പുരുഷനായി മാറുന്നത്. കണ്ടുപിടുത്തങ്ങൾ മാത്രമല്ല, കണ്ടുപിടിത്തങ്ങൾ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ആധികാരികമായി തെളിയിക്കേണ്ടതെങ്ങനെയെന്നും അദ്ദേഹം ബോധിപ്പിച്ചു. ബ്രൂണോ ജീവനോടെ ചിതയിൽ എരിയുമ്പോൾ, ഗലീലിയോ പിസാ സർവ്വകലാ ശാലയിലെ ഒരു യുവ അദ്ധ്യാപകനായിരുന്നു. അവിടെ അദ്ദേഹത്തിന് അരിസ്റ്റോട്ടലിന്റെ സിദ്ധാന്തങ്ങളും പഠിപ്പിക്കേണ്ടിയിരുന്നു. പക്ഷെ പഠിപ്പിച്ചു വരുമ്പോഴാണ് പിഴവുകൾ മുഴച്ചുവരുന്നത്. വെളിപാടുകളല്ല വസ്തുതകളാണ് ഒരു സംഗതിക്ക് അംഗീകാരം നൽകേണ്ടതെന്ന ആശയം ഗലീലിയോ പ്രകടമാക്കി. തെളിവുകളാണ് വസ്തുതകളെ വസ്തുതകളാക്കുന്നത്. വിജ്ഞാനശാസ്ത്രത്തിന്റെ തന്നെ ഒരു ഗതിമാറ്റത്തിനു ഹേതുവായ ചിന്തയാണിത്. ദോളനം ചെയ്യുന്ന പെന്റുലം, ചരിവിലൂടെ ഇഴുകിവീഴുന്ന വസ്തു, മുകളിൽ നിന്നു താഴേയ്ക്കു വീഴുന്ന ഗോളം എന്നിങ്ങനെ അദ്ദേഹം പരീക്ഷണവിധേയമാക്കിയ വിഷയങ്ങൾ അനവധിയാണ്. ഇത്തരത്തിലുള്ള പരീക്ഷണനിരീക്ഷണങ്ങളുടെ തുടർച്ചയായാണ്അതിന്റെഫലങ്ങൾസ്ഫുടംചെയ്ത്, ന്യൂട്ടൻ ചലന നിയമങ്ങളും ഐൻസ്റ്റൈൻ ആപേക്ഷിക നിയമങ്ങളും മുന്നോട്ടുവയ്ക്കാനിടയാക്കിയത്.

വിശ്വാസികളും യാഥാസ്ഥിതികരും നോക്കിനിന്നില്ല. ഗലീലിയോയ്ക്കെതിരെ ഉപജാപങ്ങളുയർന്നു. ഇതിനിടെ ഗലീലിയോ പദുവാ യൂണിവേഴ്സിറ്റിയിലെ ഉന്നതസ്ഥാനത്തെത്തി. മാത്രമല്ല ടെലസ്കോപ്പ് സ്വന്തമായിട്ടുണ്ടാക്കി ആകാശത്തേയ്ക്കു തിരിച്ചുവച്ച് പ്രപഞ്ചത്തിന്റെ പുതിയ കാഴ്ചകൾ നോക്കിക്കണ്ടു. ടെലസ്കോപ്പിലൂടെ നോക്കുവാൻ അദ്ദേഹം മതാധികാരികളെ ക്ഷണിച്ചു. സാത്താന്റെ കുഴൽ എന്ന് ആക്രോശിച്ചുകൊണ്ട് അവരത് നിരസിക്കുകയാണ് ചെയ്തത്. സ്ഥൂലപ്രപഞ്ചത്തിന്റെ ചിത്രത്തിന്റെ മറ്റൊരു ദൃശ്യം തെളിഞ്ഞതുപോലെ മൈക്രോസ്കോപ്പിലൂടെ സൂക്ഷ്മ പ്രപഞ്ചത്തിന്റെ മറ്റൊരു ദൃശ്യവും സമകാലീനമായി തെളിഞ്ഞുവന്നു.

ടൈക്കോ ബ്രാഹേയുടെ മരണശേഷം ശിഷ്യത്വത്തിൽ നിന്ന് കെപ്ലർ സ്വതന്ത്രമായതോടെ അദ്ദേഹത്തിന്റെ ചിന്തകളുടെ കെട്ടഴിയുവാനും ഇതിടയാക്കി. സൂര്യകേന്ദ്രിതസിദ്ധാന്തം വിജ്ഞർക്കിടയിൽ അംഗീകരിക്കപ്പെട്ടതോടെ ഗ്രഹനിലകളിൽ അദ്ദേഹം കൂടുതൽ വ്യക്തത വരുത്തി. ഓരോഗ്രഹത്തിനും സൂര്യനിൽ നിന്നുള്ള അകലത്തിന്റെ അനുപാതം കണ്ടുപിടിച്ചതിലൂടെയും, ഗ്രഹങ്ങളുടെ സഞ്ചാരപഥം ദീർഘവൃത്താകൃതിയിലാണെന്നു മനസ്സിലാക്കിയതിലൂടെയും വേഗത അതിനു സൂര്യനിൽ നിന്ന് അകലുമ്പോഴും അടുക്കുമ്പോഴും വ്യത്യസ്തമായിരിക്കുമെന്നു ഗണിച്ചതിലൂടെയും ജ്യോതിശാസ്ത്രത്തിന് അദ്ദേഹം മുതൽക്കൂട്ടുകളുണ്ടാക്കി. കെപ്ലറുടെ കണ്ടെത്തലുകൾ ന്യൂട്ടൻ അംഗീകരിക്കുകയും മിഴിവുറ്റതാക്കുകയും ചെയ്തതോടെ അദ്ദേഹം കൂടുതൽ സ്വീകാര്യനായി. കണ്ണിന്റെ കാഴ്ചയിൽ ദൃശ്യബിംബങ്ങൾ എങ്ങനെ രൂപപ്പെടുന്നു എന്നതിനു വിശദീകരണം നൽകിയത് കെപ്ലറായിരുന്നു.

ഹ്രസ്വദൃഷ്ടിക്കും ദീർഘദൃഷ്ടിക്കും ലെൻസുകൾ എങ്ങിനെ പരിഹാരമാകുമെന്നു വിശദീകരിച്ചതും കെപ്ലറാണ്. ഗലീലിയോയുടെ ടെലസ്കോ

പ്പും അദ്ദേഹം പരിഷ്കരിച്ചു. എന്നാൽ ലെൻസിനുപകരം ലോഹക്കണ്ണാടി കൊണ്ട് സമൂലമായ ഒരു മാറ്റം വരുത്തിയത് ന്യൂട്ടനാണ്. ടെലസ്കോപ്പിന്റെ പ്രത്യേകത അത് മനുഷ്യന്റെ കാഴ്ചയിലും കാഴ്ചപ്പാടിലും ഉജ്ജ്വലമായ ഒരു തുറവിയ്ക്കു തുടക്കമിട്ടു. ഇതുകണ്ട് യാഥാസ്ഥിതികർ സ്തബ്ധരായി. നിലനിന്നിരുന്ന ധാരണകൾ പലതും അബദ്ധങ്ങളും അസംബന്ധങ്ങളുമായിരുന്നു എന്ന് അംഗീകരിക്കുവാൻപഴമനസ്സുകൾക്കാവില്ല. ഇന്നും അത് അങ്ങിനെതന്നെ.

ചുരുക്കിപ്പറഞ്ഞാൽ 16–17 നൂറ്റാണ്ടുകളുടെ ദശാസന്ധിയിൽ, യൂറോപ്പിൽ വരാനിരിക്കുന്ന ഒരു സാംസ്കാരിക വിപ്ലവത്തിന്റെ നുരകൾ പതഞ്ഞുപൊങ്ങി. അന്ധവിശ്വാസങ്ങളുടെ ഇരുളിൽ പുതിയൊരു പ്രകാശം പരന്നു. ഇതിഹാസകഥകൾക്കുമപ്പുറമുള്ള യാഥാർത്ഥ്യങ്ങളിലേയ്ക്ക് മനുഷ്യന്റെ അന്വേഷണത്വര തുരന്നിരങ്ങി. മതനിന്ദയുടെ ഉമ്മാക്കി ഫലിക്കാതായി. പുതിയ അറിവുകൾ മാതൃഭാഷയിലൂടെ ജനഹൃദയങ്ങളിലേയ്ക്ക് കിനിഞ്ഞിറങ്ങി. സൗരകേന്ദ്രിത പ്രപഞ്ചചിത്രം വിജ്ഞാനലോകം സർവ്വാത്മനാ അംഗീകരിച്ചു. ശാസ്ത്രത്തിന്റെയും

പ്രായോഗികശാസ്ത്രത്തിന്റെയും സാങ്കേതികശാസ്ത്രത്തിന്റെയും വരവറിയിച്ചുകൊണ്ടുള്ള

പുതിയൊരു കാഹളം മുഴങ്ങി.

*****

# അറിയിപ്പ് /കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**കരയോഗ നിയമാവലി 7(iii) പ്രകാരം എല്ലാ കരയോഗാംഗങ്ങളും ചാരിറ്റി ഫണ്ടിലേക്ക് പ്രതിവർഷം 120 രൂപ നൽകേണ്ടതാണ്. മുൻവർഷങ്ങളിൽ തുക അടക്കാത്തവർ കുടിശ്ശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. 2000 രൂപ ഒറ്റത്തവണയായി അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. അതുപോലെ തന്നെ ഏതെങ്കിലും ഇനത്തിൽ കരയോഗത്തിലേക്ക് അടയ്ക്കേണ്ടതായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയതുകൂടി നല്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.**

***ജനറൽ സെക്രട്ടറി***

# 2022 ജൂൺ മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**ഉണ്ണികൃഷ്ണൻ പി.**
L/3102 പന്തിയിൽ,
എം.പി. കുമാരൻ ലെയിൻ,
കടവന്ത്ര – 20



**കെ. സുരേന്ദ്രൻ നായർ**
L/2813 പാവന ഹൗസ്,
എരുവേലി, ചോററാനിക്കര



**പി.ജി. കൃഷ്ണൻ നായർ**
L/4277, ദ്വാരക, പച്ചാളം
കൊച്ചി – 12



**ജയ കെ. മേനോൻ**
L/3551, സ്ക്കൈലൈൻ ഫ്ളാറ്റ്,
മാണിക്കത്ത് റോഡ്,
കൊച്ചി – 16



**വനജ നമ്പ്യാർ**
L/1267 മാണിക്കത്ത് ഹൗസ്
Opp. BEML Water Tank, Brook field,
Bangalore - 560066

# കൈകേയി

**അംബുജാക്ഷി. പി. – 9447577652**

(തുടർച്ച)

**മ**ന്ഥര വിടാൻ ഭാവമില്ല. 'നാളെയാണ് അഭിഷേകം. പൂയം നക്ഷത്രത്തിൽ, രാമൻ യുവരാജ പദവിയിൽ അഭിഷിക്തനാകും. ഒരുക്കങ്ങൾ തുടങ്ങിയതൊന്നും അറിഞ്ഞില്ല, അല്ലേ? രാജാവിന്റെ ഹൃദയം സൂക്ഷിപ്പുകാരിയല്ലേ ഇതൊക്കെ രഹസ്യമാക്കിവയ്ക്കണമായിരുന്നുവോ'?

വീണ്ടും വീണ്ടും മനസ്സ് കീറിമുറിക്കുന്നു, മൂർച്ചയേറിയ വാക്ശരങ്ങൾകൊണ്ട് നിരാശ മറച്ചുവെച്ചുകൊണ്ട് ഞാൻ പറഞ്ഞു.

'എന്റെ കൂനി മുത്തശ്ശീ, രാമൻ എത്രയോ മാന്യനാണ്, യോഗ്യനാണ്. രാമൻ രാജാവായാൽ ത്തന്നെ എല്ലാ അനുജന്മാരും യുവരാജാക്കന്മാരായി കുമാരന് ജീവനേക്കാൾ സ്നേഹമാണ് അനുജന്മോരോട്'. എന്റെ ശബ്ദം പതറുന്നതായി ഞാനറിഞ്ഞു.

'ദേവീ' എന്റെ മനസ്സുവായിച്ചറിഞ്ഞ മന്ഥര തുടർന്നു. 'ഭരതൻ കേകയത്തിൽ, ഈ അവസരത്തിൽ കുമാരനെ അങ്ങോട്ടയച്ചത് ശരിയായില്ല, അകലെ താമസിക്കുമ്പോൾ അടുപ്പം കുറയുമെന്നറിയില്ലേ? ലക്ഷ്മണനെ രാമൻ രക്ഷിക്കും. പക്ഷെ ഭരതനെ രക്ഷിക്കുമെന്നുറപ്പുണ്ടോ? ഈ ഉണ്ണി എന്നും മാതൃഭവനത്തിൽ അല്ലേ?' ഒന്നു നിർത്തിയശേഷം മന്ഥര പറഞ്ഞു തുടങ്ങി.

'ദേവീ, ഒരു കാര്യം ഓർമ്മിച്ചാലും രാജ്യം ശപഥവഴിയിൽ ഭരതന് നല്കട്ടെ. അപ്പോൾ ദേവിക്കും ബന്ധുക്കൾക്കും ഐശ്വര്യം ഉണ്ടാകും. ഉണ്ണി സാമന്തപദവിയിൽ നിന്ന് ചക്രവർത്തി പദവിയിലേക്ക് ഉയരും. ഞാൻ വന്നത് അവിടുത്തെ രക്ഷിക്കാനാണ്. കേകയരാജ്യത്തോടാണ് എന്റെ കൂറ്. ഭരതകുമാരൻ രാജാവായാലേ എന്റെ ലക്ഷ്യം സഫലമാവൂ. ഈ ഭൂമി മുഴുവൻ നമ്മുടെ കുമാരൻ അടക്കിവാഴണം. അതിനുള്ള ഉപായമാണ് ഞാൻ ചിന്തിക്കുന്നത്. ദേവീ ഞാൻ പറയുന്നതുപോലെ ചെയ്താൽ മാത്രം മതി'.

എന്റെ മനസ്സാകെ കലങ്ങി മറിഞ്ഞു. മന്ഥരയുടെ വാക്കുകൾ എന്നെ അടിമയാക്കുന്നുവോ? എന്നിൽ മാറ്റങ്ങൾ ഉണ്ടായിത്തുടങ്ങിയോ?

എന്റെ സംശയങ്ങൾ എണ്ണിയും അളന്നും കൂട്ടിയും കിഴിച്ചും ഞാൻ കുറെ നേരം കണ്ണടച്ചിരുന്നു. എന്റെ മനസ്സും മാറിമറിഞ്ഞു. ഞാൻ മന്ഥരയെ നോക്കി.

'മന്ഥരേ, നീ പറഞ്ഞതിൽ കാര്യമുണ്ട്. സത്യമുണ്ട്. പക്ഷെ, ഭരതനെ എങ്ങനെ യുവരാജാവാക്കും'.

'ദേവീ, ഇപ്പോൾ എനിക്ക് ആശ്വാസമായി. ദേവി എന്റെ വഴിയിൽ ചിന്തിക്കാൻ തുടങ്ങിയല്ലോ. ഞാൻ ഒരു കൗശലം പറഞ്ഞുതരാം. ഭരതൻ നാടുവാഴാൻ വേണ്ടി രാമനെ നാടുകടത്തേണ്ടിവരും. അത് രാമൻ സ്വമേധയാ ചെയ്തില്ലെങ്കിൽ പ്രജകൾ ഒരിക്കലും നമ്മളോട് പൊറുക്കില്ല. കൂനി കൗശലം തുടങ്ങി.

'മന്ഥരേ, നീയെന്താണ് പറയുന്നത്?. ഭരതനെ നാടുവാഴിക്കാൻ വേണ്ടി എന്റെ രാമനുണ്ണിയെ നാടുകടത്തുകയോ? അതിന് എനിക്ക് സാധിക്കുമോ? രാജാവിന് സാധിക്കുമോ? പ്രജകൾ സമ്മതിക്കുമോ' ഞാൻ ആരാഞ്ഞു.

'ദേവീ, മന്ഥരയുടെ ശബ്ദത്തിന് കനമേറി സ്വന്തം സൗന്ദര്യത്തിൽ മതിമറന്ന്. അഹങ്കരിച്ച് ദേവി സപത്നിമാരെ പലതവണ അപമാനിച്ചിട്ടുണ്ട്. അവസരം കിട്ടുമ്പോൾ അവർ പകരം വീട്ടാതിരിക്കില്ല. അതിനാൽ സ്വന്തം നിലനിൽപ്പിനുവേണ്ടി ദേവി ഇപ്പോൾത്തന്നെ ഒരുപായം സ്വീകരിക്കേണ്ടി വരും. ഞാൻ പറയുന്നതുപോലെ ചെയ്യുക. യാതൊരു വിട്ടുവീഴ്ച്ചക്കും ഒരുങ്ങരുത്'.

'അതെങ്ങനെ'

'ദേവീ മറന്നുപോയോ അതോ മറന്നതായി നടിക്കുന്നുതോ? ദേവിയുടെ സ്ത്രീശുല്കം എന്തായിരുന്നു? പുത്രനെ രാജാവാക്കാം എന്ന് അല്ലേ? ശംബരനുമായുള്ള യുദ്ധം മറന്നോ? ആ മായാവിയുമായുള്ള യുദ്ധത്തിൽ രാജാവ് രക്ഷപ്പെട്ടത് ദേവിയുടെ സാമർത്ഥ്യംകൊണ്ടല്ലേ? ഇങ്ങനെ എത്ര തവണ രാജാവിനെ സന്തോഷിപ്പിച്ച് വരങ്ങൾ ഓർമ്മപ്പെടുത്തിയിട്ടുണ്ട്? അതൊക്കെ അവസരം വരുമ്പോൾ ആവശ്യപ്പെടാമെന്ന് പറഞ്ഞിട്ടുമുണ്ടല്ലോ? ഇപ്പോഴാണ് അവസരം ഇപ്പോൾത്തന്നെ ആവശ്യപ്പെടൂ. ഈയവസരം പാഴാക്കരുതേ'.

'മന്ഥരേ അതുകൊണ്ടെന്തു ഫലം'? എന്റെ സംശയം തീർന്നില്ല.

ദേവീ എന്തിനു സംശയിക്കണം. ആ വൃദ്ധ രാജാവ് ദേവിക്കുവേണ്ടി തീയിൽച്ചാടാൻ പോലും

തയ്യാറാവും. ദേവി ചൊടിച്ചൊന്നു നോക്കിയാൽ നേരെ നോക്കാൻ പോലും ശക്തിയുണ്ടാവില്ല. ദേവിയുടെ സൗന്ദര്യത്തിന്റെ കരുത്ത് ഇന്നുതന്നെ തിരിച്ചറിയൂ. മന്ഥരയുടെ പ്രേരണ തീർന്നില്ല.

'ഞാനെന്തുചെയ്യണം, മന്ഥരേ'?

'ദേവീ ഇന്നുതന്നെ രാജാവിനോട് അന്ന് നിക്ഷേപിച്ച വരങ്ങൾ ആവശ്യപ്പെടൂ. അതിൽ ഒന്ന് ഭരതകുമാരനെ രാജാവാക്കുക, രണ്ടാമത്തേത് രാമനെ പതിനാലുവർഷം കാട്ടിലേക്ക് അയക്കുക. ആദ്യം രണ്ടാമത്തേത്. പിന്നെ ആദ്യത്തേതും'.

കൂനിത്തള്ളേ എന്താണ് നിന്റെ ഭാവം.? ഭരതനെ രാജാവാക്കാൻ വേണ്ടി രാമനെ കാട്ടിലയക്കണമെന്നോ അതെന്തിനാണ്? അതിന് രാജാവും അയോധ്യയിലെ ജനങ്ങളും സമ്മതിക്കുമോ?

എന്റെ കുമാരി, ദേവിക്ക് അഴകേയുള്ളൂ അറിവും കൗശലവും കുറവാണ്. ഈ സൗന്ദര്യംകൊണ്ട് ലോകം മുഴുവൻ കീഴടക്കാനുള്ള കഴിവുണ്ടല്ലോ.? ആനയുടെ ശക്തി ആനയ്ക്കറിയില്ലല്ലോ രാമനെ നാട്ടിൽ നിന്ന് അകറ്റണം എന്നാലേ നമ്മുടെ ഉണ്ണി ഭരതന് പെരുമാളാകാൻ പറ്റൂ. പതിന്നാലു കൊല്ലം കൊണ്ട് ജനങ്ങൾ രാമനെ മറക്കും. നമ്മുടെ ഉണ്ണി ജനമനസ്സിൽ സ്ഥാനം പിടിക്കുകയും ചെയ്യും. അതുകൊണ്ട് ഇപ്പോൾത്തന്നെ, ഇതാ ഈ നിമിഷം മുതൽ ദേവി തുടങ്ങിയാലും യാതൊരു കൂസലും വേണ്ട. നമ്മുടെ ആവശ്യം രാജാവിനെ അറിയിക്കൂ. ഒരു പ്രലോഭനത്തിനും വഴിപ്പെടരുത്. കുബ്ജയുടെ വാക്കുകൾ എന്നിൽ കത്തിപ്പടർന്നു. അവർ തുടർന്നു.

വെള്ളം വാർന്നുകഴിഞ്ഞാൽ ചിറ കൊണ്ടെന്തും പ്രയോജനം വേഗം എഴുന്നേല്ക്കൂ. വേഗം മംഗളകാര്യം ആരംഭിക്കൂ, രാജാവ് വഴങ്ങുന്നതുവരെ ദേവി പിന്മാററുത്.

ഞാൻ പെട്ടെന്നെഴുന്നേറ്റു കലിതുള്ളിക്കൊണ്ട് ക്രോപാലയത്തിന്റെ വാതിൽ തള്ളിത്തുറന്ന്. അവിടെച്ചെന്ന് വിലയേറിയ ആഭരണങ്ങൾ പൊട്ടിച്ചെറിഞ്ഞു. മുട്ടോളമെത്തുന്ന കാർകൂന്തൽ അഴിച്ചിട്ടു. മുഖലേപനങ്ങൾ തുടച്ചു വികൃതമാക്കി. ക്രോധത്തിന്റെ സ്ത്രീരൂപം വെറും നിലത്ത് കിടന്നുരുണ്ടു. ഇടക്ക് കരഞ്ഞു, ഇടക്ക് അലറി വിളിച്ചു. എന്റെ മനസ്സിലെ സൗമ്യഭാവം നഷ്ടപ്പെട്ടു. ഞാൻ ഒരു പിശാചിനിയായോ. ഞാൻ അലറിപ്പറഞ്ഞു.

മന്ഥരേ, ഞാൻ ഇവിടെ മരിക്കാറായി എന്ന് ആ രാജാവിനെ അറിയിക്കൂ. അഭിഷേകവും എന്റെ ശവസംസ്കാരകർമ്മവും ഒരുമിച്ചു നടത്തട്ടെ. ആ രാജാവ് ഇപ്പോൾ അഭിഷേകം സന്നാഹങ്ങളുമായി തിരക്കിലായിരിക്കും. ഇപ്പോഴൊന്നും വരാൻ ഇടയില്ല. ഞാൻ മരിച്ചുവെന്നോ മരിക്കാറായി എന്നോ രാജാവിനോടു പറയൂ. രാമൻ വനത്തിലേക്ക് പോയില്ലെങ്കിൽ ഞാൻ അന്തകാലയത്തിലേക്ക് പോകും. തീർച്ച വേഗം പോയി രാജാവിനോട് എന്റെ അന്ത്യാഭിലാഷം അറിയിക്കൂ.

കുമാരി ഭയപ്പെടേണ്ട ദേവിയുടെ സുഖ ജീവിതത്തിലേക്കുള്ള കവാടം തുറന്നുകിട്ടും. പക്ഷെ, ആവശ്യത്തിൽ നിന്ന് പിൻവാങ്ങരുത് മന്ഥര പ്രോത്സാഹിപ്പിച്ചു.

രാമാഭിഷേകത്തിനുള്ള നിർദ്ദേശങ്ങൾ കൊടുത്ത ശേഷം രാജാവ് ആ സന്തോഷവാർത്ത ആദ്യം എന്നെ അറിയിക്കാനാണ് ആഗ്രഹിച്ചത്. അന്തഃപുരത്തിൽ എന്നെ കാണാത്തതുകൊണ്ടാണ് മന്ഥരയുടെ നിർദ്ദേശപ്രകാരം ക്രോധാലയത്തിൽ എത്തിയത്. എന്നെ ആ അവസ്ഥയിൽ കണ്ടപ്പോൾത്തന്നെ രാജാവ് തളർന്നു എന്ന് ഞാൻ അറിഞ്ഞു.

മന്ദംമന്ദം എന്നെ സമീപിച്ച് എന്റെ അടുത്തിരുന്ന് പതുക്കെപ്പതുക്കെ എന്നെ തലോടിക്കൊണ്ട് രാജാവ് ചോദിച്ചു.

ആകാശത്തുനിന്നു വീണ ചന്ദ്രക്കലപോലെ മുറിച്ചിട്ട വള്ളിപോലെ ഇതെന്താണ് ദേവീ വെറും നിലത്ത്?

എന്താണ് ഇങ്ങനെ വെറും നിലത്ത് ആരാണ് എന്റെ പ്രിയതമയെ അപമാനിച്ചത്. എന്റെ പ്രാണപ്രിയതമയെ അപമാനിച്ചത് എന്റെ പ്രാണപ്രിയയെ വേദനിപ്പിച്ചത് ആരാണ്. സാധാരണക്കാരിയായ ഒരു ഭീരുവിനെപ്പോലെ ദേവി എന്തിനാണ് ദു:ഖിക്കുന്നത് ദേവിയുടെ എന്താഗ്രഹമാണ് സാധിക്കേണ്ടത്. ഈ അയോദ്ധ്യ മുഴുവൻ എന്റെ അധീനതയിലല്ലേ. ഞാനാണെങ്കിലോ ദേവിയുടെ അധീനതയിലും പറയൂ എന്തിനാണ് ദേവി ദു:ഖിക്കുന്നത്? ദേവിയുടെ എന്താഗ്രഹമാണ് സാധിക്കേണ്ടത്? പറയൂ എന്താണ് ദു:ഖകാരണം.

കാമതരളിതനായ രാജാവിന്റെ കൈകൾ തട്ടിമാറ്റിക്കൊണ്ട് ഞാൻ പറഞ്ഞു.

ദേവ, എന്നെ ആരും വേദനിപ്പിച്ചിട്ടില്ല. അങ്ങുമാത്രമാണ് എന്നെ നിരാശപ്പെടുത്തിയിട്ടുള്ളത്.

ഞാനോ കാമാന്ധനായ രാജാവ് വിധേയത്വത്തോടെ ചോദിച്ചു.

അതെ അതെ അങ്ങുമാത്രം അങ്ങ് വിവാഹസമയത്ത് എന്റെ അച്ഛനോട് ഒരു സത്യം ചെയ്തിട്ടുണ്ട്. ദണ്ഡകാരണ്യത്തിൽവെച്ച് എന്നോട് അത് ആവർത്തിച്ചിട്ടുമുണ്ട്. രസച്ചേർച്ചയില്ലാതെ ഞാൻ ഇവിടെ നിന്ന് കേകയത്തിലേക്ക് പോയപ്പോൾ രാജമാതാവ് ഇന്ദുമതീ ദേവി എന്നെ തിരിച്ചുകൊണ്ടുവന്നതും ആ പ്രതിജ്ഞയുടെ ബലത്തിലാ

ണ്. എന്നിട്ട് ഇപ്പോൾ അതെല്ലാം മറന്നു, അല്ലേ? എന്റെ ശബ്ദം ഉറച്ചതായിരുന്നു.

ദേവീ എന്റെ സകല പുണ്യങ്ങളുടെ പേരിൽ ഞാൻ സത്യം ചെയ്യുന്നു. ദേവിയുടെ ആവശ്യം ഞാൻ നിറവേറ്റും. പറയൂ എന്താണ് ദേവിക്ക് വേണ്ടത്. നിലത്തു ചിന്നിച്ചിതറിപ്പരന്നുകിടക്കുന്ന എന്റെ മുടിയെടുത്ത് പ്രേമപൂർവ്വം മടിയിൽ വെച്ച് തഴുകിക്കൊണ്ട് ചോദിച്ചു.

ഞാൻ ഗൗരവം വിട്ടില്ല. വാശിയോടെ ചോദിച്ചു. അങ്ങ് ചെയ്തസത്യം മറന്നതാണോ, അതോ മറവി നടിക്കുന്നതോ?

കാമിനീ രത്നങ്ങളിൽ എനിക്കേറ്റവും പ്രിയപ്പെട്ടവളാണ് ദേവി. പുരുഷന്മാരിൽ എന്റെ രാമനുണ്ണിയും. ഞാൻ എന്റെ രാമകുമാരന്റെ പേരിൽ പ്രതിജ്ഞ ചെയ്യുന്നു. ദേവിയുടെ ഏതാഗ്രഹവും ഞാൻ സാധിപ്പിച്ചു തരും. പറയൂ, എന്താണ് ഞാൻ ചെയ്യേണ്ടത്. രാജാവിന്റെ വാക്കുകൾ കേട്ട് ഞാൻ അമർഷം കൊണ്ട് പുളഞ്ഞുമറിഞ്ഞു. അതൊന്നും പ്രകടിപ്പിക്കാതെ ഞാൻ പറഞ്ഞു തുടങ്ങി. പ്രിയതമാ, അങ്ങയുടെ രാജവംശം മഹത്തരമാണ്. പൂർവികരുടെ യശസ്സിൽ അങ്ങ് കളങ്കം ചേർക്കരുത്.

ദേവീ, വളച്ചുകൊട്ടില്ലാതെ കാര്യം പറയൂ. ഏറെ കൊതിച്ച് ഞാൻ നേടിയ നാരീരത്നമാണ് ഭവതി. അതുപോലെ ഏറെയേറെ ആഗ്രഹിച്ച പുത്രനാണ് രാമൻ. ആ രാമന്റെ പേരിൽ ഞാൻ സത്യം ചെയ്തല്ലോ. ഇനിയും സംശയിക്കരുതേ രാജാവ് ദീനതയോടെ വിലപിച്ചു.

നന്മയോ തിന്മയോ ധർമ്മമോ അധർമ്മമോ എന്തുമാകട്ടെ, എന്നോടും എന്റെ പിതാവിനോടും ചെയ്ത പ്രതിജ്ഞ ഇപ്പോൾ, ഇതാ ഈ നിമിഷം തന്നെ നിറവേറ്റണം. ഇതാണ് എന്റെ ആവശ്യം. എന്റെ വാക്കുകൾ ആജ്ഞയുടേതായിരുന്നു. അപേക്ഷയുടേതല്ല. ഞാൻ തുടർന്നു.

രാമനെ അഭിഷേകം ചെയ്യാൻ അങ്ങ് കോപ്പു കൂട്ടുകയാണല്ലോ. ആ ഒരുക്കങ്ങൾ നമ്മുടെ ഭരതനുവേണ്ടിയാവട്ടെ. രാജാവിന്റെ മുഖത്തുനോക്കാതെ ഞാൻ പറഞ്ഞു. ജടയും വല്ക്കലവും ധരിച്ച് രാമൻ പതിന്നാലുകൊല്ലം ദണ്ഡകാരണ്യത്തിൽ പോയി താപസവൃത്തി സ്വീകരിക്കട്ടെ.

യമദൂതന്മാരുടെ അട്ടഹാസം പോലെയായിരിക്കാം രാജാവിന് തോന്നിയത്. അദ്ദേഹം ബോധരഹിതനായി വീണു. എന്നിട്ടും എന്റെ നിശ്ചയത്തിൽ നിന്ന് അണുവിട ഞാൻ പിന്മാറിയില്ല.

ഏറെ നേരം വേണ്ടിവന്നു, രാജാവിന് ബോധം വീണ്ടുകിട്ടാൻ. കോപാഗ്നികൊണ്ട് ജ്വലിക്കുന്ന കണ്ണുകളോടെ അദ്ദേഹം പറഞ്ഞു.

ദുഷ്ടേ നിന്നെപ്പോലെ ഒരു കുലനാശിനിയെയാണല്ലോ ഞാൻ ഈ അരമനയിലേക്ക് കൊണ്ടുവന്നത്. പിടിവാശിക്കാരിയായിരുന്ന നിന്റെ അമ്മയെപ്പറ്റി സുമന്ത്രൻ ഓർമ്മിപ്പിക്കാറുണ്ടായിരുന്നു. നിന്റെ മേനിയഴകിൽ മയങ്ങി ഞാൻ ആ വാക്കുകൾ അവഗണിച്ചു. അദിതീദേവിയെപ്പോലെയുള്ള കൗസല്യയേയും ഹിതഭാഷിണിയായ സുമിത്രയേയും ഞാൻ അകറ്റി നിർത്തി. ധർമ്മമൂർത്തിയായ രാമനോടാണോ നിന്റെ യുദ്ധം. ഭരതനേക്കാൾ പ്രിയപ്പെട്ടവനാണ് എന്റെ രാമൻ എന്ന് നീ പലപ്പോഴും പറയാറുണ്ടല്ലോ. എന്നിട്ടിപ്പോൾ....

രാമനെ കാണാഞ്ഞാൽ ഞാൻ മരിക്കും. നിന്റെ വൈധവ്യമോർത്തെങ്കിലും ഈ വാശി ഉപേക്ഷിക്കൂ. ഞാൻ നിന്റെ കാൽപിടിക്കാം. എന്റെ ഭരതകുമാൻ പോലും ഇത് സമ്മതിക്കില്ല. സ്വന്തം മകൻ പോലും എന്നെ വെറുക്കും. നമ്മുടെ വധൂജനങ്ങൾ വെറുക്കും. അയോധ്യയിലെ പ്രജകൾ മുഴുവനും നിന്നെ വെറുക്കും. ഈ പാപനിശ്ചയം പരിത്യജിക്കൂ, ദേവീ. ഇതാ ഞാൻ നിന്റെ കാൽക്കൽ അഭയം പ്രാപിക്കുന്നു.

ഹേ മഹാരാജാവേ, എനിക്കിപ്പോൾ കേഴ്വിരക്തിയില്ല. ഞാൻ പറഞ്ഞുകൊണ്ടേയിരിക്കും. ആദ്യം സത്യം പാലിക്കുക. ഏതൊരുവളുടെ കൈക്കരുത്താണോ അങ്ങയുടെ ജീവൻ പലതവണ രക്ഷിച്ചത്. ആ കാരുണ്യവതിയെയാണോ അങ്ങ് കലനാശിനിയെന്ന് അധിക്ഷേപിച്ചത്. അങ്ങ് ജീവിച്ചിരിക്കുന്നതുകൊണ്ടാണല്ലോ കുലവർധനയുണ്ടായത്. അപ്പോൾ ഞാൻ കുലനാരിനിയോ കുലവർധിനിയോ സത്യത്തിന്റെ കാര്യം വന്നപ്പോഴും ഇതേ വിപരീതഭവം. കൊള്ളാം അങ്ങ് ശിബിയുടെ വംശത്തിന് ഒരു തീരാകളങ്കം തന്നെ. പ്രതിജ്ഞ ലംഘിച്ച് രാജ്യം മുഴുവൻ രാമനു നല്കി അദിതീദേവിയെപ്പോലെയുള്ള കൈസല്യയുമായി രമിക്കുക. ഈ സാമന്തരാജ്ഞിയെ മറക്കുക. പക്ഷെ ഒരു ദിവസമെങ്കിലും രാജാമാതാവെന്നനിലക്ക് കൗസല്യയുടെ മുമ്പിൽ തൊഴുതുനില്ക്കാൻ എന്നെ കിട്ടില്ല. അതിലും ഭേദം മരണമാണ്.

ഞാൻ തുടർന്നു. അല്പം ഭീതിയോടെ എന്നാൽ പരമാവധി ദൃഢനിശ്ചയത്തോടെ എന്നെ സന്തോഷിപ്പിക്കണമെങ്കിൽ രാമനെ വനത്തിലേയ്ക്കുക. ഭരതനെ വരുത്തി ഉടനെ അഭിഷേകം നടത്തുക. പറഞ്ഞവസാനിപ്പിച്ച് ഞാൻ രാജാവിനെ നോക്കി.

ഒന്നും മിണ്ടാനാവാതെ കണ്ണൊന്ന് ഇമയനക്കാനാവാതെ രാജാവ് സ്തബ്ധനായി നിന്നു. പ്രാണപ്രിയയായ ദേവിയുടെ കോപം വജ്രകഠിനമായവാക്കുകൾ ഒന്നും താങ്ങാന

ാവാതെ രാമരാമ എന്ന് ദീനസ്വരത്തിൽ വിലപിച്ച് വെട്ടിയിട്ട മരം പോലെ രാജാവ് വീണു. പരസ്പര ബന്ധമില്ലാതെ എന്തൊക്കെയോ പുലമ്പുന്നുണ്ടായിരുന്നു. പ്രാണപ്രിയേ ദുഷ്ടേ രാമാ ഭരതാ സീതേ നിങ്ങൾ രണ്ടുകാര്യങ്ങൾ ഉടനെ കേൾക്കും.

എന്റെ മരണം, രാമന്റെ വനവാസം, രാമൻ കാട്ടിലേക്കുപോകുമ്പോൾ, കൗസല്യയുടെ വിലാപം, സീതയുടെ വിലാപം, ലക്ഷ്മണകുമാരന്റെ കോപം, രാജാവ് വീണ്ടും അബോധാവസ്ഥയിലേക്ക്

കൈകേയീ നീയൊരു കുലടയോ പാപിനിയായ നിന്നെ ഞാൻ ഇത്രകാലം എന്റെ ജീവനു തുല്യം സ്നേഹിച്ചല്ലോ. കരിമൂർഖനെ തൊട്ടപോലെയായല്ലോ ഞാൻ. ദശരഥൻ കാമഭ്രാന്തൻ പെണ്ണിന്റെ വാക്കുകേട്ട് ഓമനപുത്രനെ കാട്ടിലയച്ച് പെണ്ണിൽ മയങ്ങുന്ന വൃദ്ധൻ.

രാജാവ് ബോധാബോധങ്ങളിലേക്ക് ഊഞ്ഞാലാടിക്കൊണ്ടിരിക്കുന്നു. സത്യാസത്യങ്ങളിലേക്ക് എന്ന് പറയാനാണ് ഞാൻ ആഗ്രഹിച്ചത്.

മഹാരാജാവേ ഞാൻ തുടർന്നു. ഈ നാടകം നിർത്തൂ. അങ്ങ് സത്യപ്രതനാണെങ്കിൽ എന്നോട് ചെയ്ത സത്യം പാലിക്കൂ. ആ അബോധാവസ്ഥയിലും രാജാവ് പറഞ്ഞുകൊണ്ടേയിരുന്നു.

എന്റെ ജന്മശത്രുവായ ദുഷ്ടേ രാക്ഷസീ നിന്റെ അത്യാഗ്രഹ പ്രകാരം ഞാൻ യമാലയത്തിലേക്കും രാമൻ ദണ്ഡകാരണ്യത്തിലേക്കും പോകട്ടെ. നീ സന്തോഷത്തോടെ അയോദ്ധ്യാ മഹാറാണിയായി വാഴൂ. പക്ഷെ ഞാൻ സത്യം ചെയ്യുന്നു. ലോകം നിന്നെ വെറുക്കും. നിന്റെ പേരിനെപ്പോലും വെറുക്കും. കുറച്ചു കഴിഞ്ഞപ്പോൾ വീണ്ടും രാജാവ് കൈകൾ കൂപ്പിക്കൊണ്ട് പറയാൻ തുടങ്ങി.

ദേവീ കാലമടുത്ത ഈ വൃദ്ധനിൽ ദേവി പ്രസാദിക്കണേ. ഞാൻ ഭവതിയുടെ അധീനതയിലാണ് രാജത്വവും ഭവതിക്ക് അധീനം. ഭവതി ദാനം ചെയ്ത രാജ്യം രാമൻ പാലിക്കട്ടെ. ഈ ഒരൊറ്റക്കർമ്മം കൊണ്ട് ദേവിക്ക് സത്കീർത്തി യുണ്ടാകട്ടെ.

തുടരും

****

## ഇ.സി.എഫ് വാർഷികം 2022

**എറണാകുളം കരയോഗം എൽഡർ സിറ്റിസൺ ഫോറത്തിന്റെ 24-ാമത് വാർഷിക പൊതുയോഗം 28.07.2022 ഞായറാഴ്ച നടത്തപ്പെടുന്നു. എല്ലാ ഇ.സി.എഫ് അംഗങ്ങളും ഈ പരിപാടിയിൽ പങ്കെടുത്ത് വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.**

*കൺവീനർ*



എറണാകുളം കരയോഗം

മെഡിക്കൽ സെന്ററിൽ

**ഡോ. പി. മാലതി എം.ബി.ബി.എസിന്റെ**

സേവനം ഉണ്ടായിരിക്കുന്നതാണ്.

തിങ്കൾ മുതൽ വെള്ളിവരെ

പ്രവർത്തന്ന സമയം

**രാവിലെ 11 മുതൽ ഉച്ചയ്ക്ക് 12.30 വരെ**

# ജ്ഞാനപൊരുൾ

## ഡോ. കെ. ഹരിഹരൻ - 9847313322

(തുടർച്ച)

**അ**തുപോലെ നമ്മുടെ മനസ്സിന്റെ റിസപ്ഷൻ ഏരിയായാണ് ബോധമനസ്സ്. നിലവിൽ മനസ്സിനുള്ളിൽ സൂക്ഷിച്ചിരിക്കുന്ന അറിവുകളോടു അടുത്തു ബന്ധമുള്ള വിവരങ്ങൾ അവിടെ വന്നാൽ ഒട്ടും താമസിയാതെ സ്ക്രീനിംഗിന് വിധേയമാക്കി പ്രവേശനം ലഭിക്കും. അകത്തേക്ക് പ്രവേശിക്കുന്ന ഓരോ ഡാറ്റകളും സ്ക്രീനിംഗിനും പ്രോസ്സസിംഗിനും വിധേയമാക്കി അവയ്ക്ക് അർത്ഥവും ഘടനയും രൂപവും ഭാവവും നൽകി വിവരങ്ങളായി മനസ്സ് സ്വീകരിക്കും. അങ്ങനെ സ്വീകരിക്കപ്പെട്ട വിവരങ്ങളാകമാനം വീണ്ടും പ്രതിപ്രവർത്തനങ്ങൾക്കും താരതമ്യ പഠനത്തിനും വിധേയമാക്കി അവയ്ക്ക് മുൻപു പ്രസ്ഥാവിച്ചതുപോലെ മനസ്സിൽ സൂക്ഷിക്കപ്പെട്ടിരുന്ന അറിവുകളുമായുള്ള ബന്ധം ഉറപ്പിച്ച ശേഷം പുതിയ അറിവുകളെ മനസ്സിൽ സ്വീകരിച്ച് ജ്ഞാനമായി സ്റ്റോക്ക് ചെയ്യപ്പെടും. ജീവിതത്തിൽ എന്തെങ്കിലും പ്രാധാന്യം ഉള്ള അറിവുകളെയാണ് മനസ്സ് സ്വീകരിക്കുന്നത്. പ്രാധാന്യം ഒട്ടും തോന്നാത്ത അറിവുകളെയാണ് മനസ്സ് നിരാകരിക്കുന്നത് അഥവ മറക്കുന്നത്. ചിലപ്പോൾ പ്രാധാന്യം മനസ്സിലാക്കാതെയും ചില അറിവുകൾ തിരസ്കരിക്കപ്പെടാം.

ഡാറ്റായുടേയും വിവരങ്ങളുടേയും സ്ക്രീനിംഗ് നടത്തുന്നത് നമ്മുടെ ബുദ്ധിശക്തി ഉപയോഗിച്ചുകൊണ്ടാണ്. ബുദ്ധി എല്ലാവരിലും ഒരുപോലെയല്ലാത്തതുകൊണ്ട് സ്ക്രീനിംഗ് എല്ലാവരിലും ഒരേപോലെ നടക്കുന്നില്ല. പ്രത്യേകിച്ച് കുട്ടികൾക്ക് പ്രായമായവരേക്കാൾ ബുദ്ധിശക്തി കുറവായിരിക്കും. നാം കുട്ടികൾ ആയിരിക്കുമ്പോൾ നമ്മുടെ മനസ്സിലേക്ക് പറയത്തക്ക സ്ക്രീനിംഗ് നടക്കാത്ത വിവരങ്ങൾ അറിവായി നമ്മുടെ ഉള്ളിൽ കിടക്കുന്നുണ്ട്. മറ്റുള്ളവരിൽ നിന്നും ആ അറിവുകൾ നാം അറിയാതെ അതേ പടി നമ്മുടെ മനസ്സിൽ അലിഞ്ഞു ചേരുകയായിരുന്നു. അവ പ്രാധാന്യം ഉള്ളവയാണോ, വസ്തുതാപരമാണോ, വിശ്വാസ്യതയുള്ളവയാണോ എന്ന് ഉറപ്പുവരുത്താൻ അന്ന് നമുക്ക് കഴിഞ്ഞിരുന്നില്ല. അതിന്റെ ഫലമായി അപ്രധാനമായ പല അറിവുകളും നാം മനസ്സിൽ സ്വീകരിച്ചു സൂക്ഷിക്കുന്നു. പിൽക്കാലത്ത് ബുദ്ധി വികസിക്കുമ്പോൾ ചെറുപ്പത്തിൽ പഠിച്ച ധാരണകൾ തെറ്റെന്നു മനസ്സിലാക്കി തിരുത്താൻ ശ്രമിക്കുന്നു. എന്നിരുന്നാലും നമ്മുടെ ശ്രദ്ധയിൽപ്പെടാതെ പല അന്ധവിശ്വാസങ്ങളും അബന്ധധാരണകളും നമ്മുടെയൊക്കെ മനസ്സിൽ ഉണ്ടാകും. കുട്ടികളായിരിക്കുമ്പോൾ നമ്മുടെ ബുദ്ധിക്കനുസരിച്ചുള്ള മുത്തശ്ശിക്കഥകളിലൂടെയാണ് ഒരു ജീവിതവീക്ഷണം പോലെ പലതും മനുഷ്യർ സ്വായത്തമാക്കുന്നത്. ചെറുപ്പത്തിൽ നാം നേരിട്ടറിയുന്ന ഭാഷ, അനുഭവിക്കുന്ന സംസ്കാരം, ആഹാരരീതികൾ വസ്ത്രധാരണരീതികൾ, ജീവിത വീക്ഷണം ഇവയെല്ലാം നമ്മുടെ സ്വന്തമായി മാറുന്നു. അവ മിക്കതും നമ്മുടെ പൈതൃകമായി ലഭിക്കുന്നു. നമ്മുടെ മനസ്സിനോ ബുദ്ധിശക്തിക്കോ ഇതിൽ പറയത്തക്ക പങ്കൊന്നുമില്ല.

നമ്മുടെ ഉപബോധമനസ്സിൽ അങ്ങനെ എന്തെല്ലാം അറിവുകൾ അടിഞ്ഞുകൂടി കിടപ്പുണ്ടെന്ന് നമ്മൾക്കറിയാൻ സാധിക്കില്ല. എന്നാൽ അവിടെ കിടക്കുന്ന അറിവുകളുടെ അടിസ്ഥാനത്തിലാണ് നാം ചിന്തിക്കുന്നതും സംസാരിക്കുന്നതും പ്രവർത്തിക്കുന്നതും. നമ്മുടെ മനസ്സിനുള്ളിൽ കടന്നു കൂടിയിട്ടുള്ള ധാരണകളുടെയെല്ലാം ഉത്ത

രവാദിത്ത്വം നമുക്ക് ഏറ്റെടുക്കേണ്ട ആവശ്യമില്ല. നമ്മുടെ മനസ്സ് നമുക്ക് മലർക്കെ തുറന്നിടാം. വേണ്ടാത്ത ചില അബദ്ധ ധാരണകൾ പുറത്തേക്ക് പോകട്ടെ. പകരം നല്ല അറിവുകൾ അകത്തേക്ക് പ്രവേശിക്കട്ടെ. നാം ജീവിച്ചിരിക്കുന്നിടത്തോളം കാലം പഞ്ചേന്ദ്രിയങ്ങളിലൂടെ പുതിയ വിവരങ്ങൾ മനസ്സിലേക്ക് പ്രവേശിച്ചുകൊണ്ടിരിക്കും. ഇന്ന് എത്ര അറിവുണ്ടെങ്കിലും നാളെ ഇതിലും കൂടുതൽ അറിവുണ്ടാകും. അതുകൊണ്ട് എല്ലാവരുടേയും അറിവുകൾ എല്ലായ്പ്പോഴും പരിമിതമായിരിക്കും. അവ ആപേക്ഷികവുമാണ്. എല്ലാറ്റിനേയും കുറിച്ച് എല്ലാം അറിയുന്നവർ സർവ്വേശ്വരൻ മാത്രം.

ജീവികളുടെ മനസ്സ് ശിശുക്കളെപ്പോലെ ഏതു വഴിക്കു തിരിക്കുന്നുവോ ആ വഴിക്കു പോകും. ശുഭത്തിൽ നിന്നും തിരിച്ചാൽ അശുഭത്തിൽ, അശുഭത്തിൽ നിന്നു വിട്ടാൽ ശുഭത്തിൽ, ഇങ്ങനെയാണു പോക്ക്. അതുകൊണ്ട് ബലാല്ക്കാരേണ അതിനെ നേർവഴിക്കു തിരിക്കുക. പൂർവ്വജന്മാഭ്യാസത്തിലോ പൂർവ്വകാലാഭ്യാസത്തിലോ ദുർവാസനകൾ നീക്കി സദ്വാസന ഉദിക്കുന്നതെപ്പോഴോ അപ്പോൾ അഭ്യാസത്തിന് സാഫല്യം സിദ്ധിച്ചതായി വിചാരിക്കാം. ശുഭവാസന എത്രയധികമാണെങ്കിലും ശുഭത്തെയല്ലാതെ ദോഷത്തെ ചെയ്യുകയില്ല. അവ്യുല്പന്നമനസ്സായി ബ്രഹ്മപദം അറിയാതിരിക്കുന്ന കാലത്തോളം ഗുരുപദേശവും ശാസ്ത്രനിർദ്ദേശങ്ങളും അനുസരിക്കണം. മനോനിർവ്വിതിക്കായി സംസാരവാസനകളെ പിന്നീട് ആവർത്തിക്കാത്ത വിധത്തിൽ ഉപേക്ഷിക്കണം. ശമവും സന്തുഷ്ടിയും പൂർണ്ണമായി മനസ്സിൽ നിലനിർത്തണം. കർമ്മജ്ഞാനമാർഗ്ഗപ്രതിപാദകങ്ങളായ വൈദിക വാക്യങ്ങളുടെ അർത്ഥവിചാരം ചെയ്ത് ഗുരുശാസ്ത്രോപദേശങ്ങളേയും സ്വാനുഭവത്തെയും തട്ടിച്ചു നോക്കി മനസ്സിനെ സമരസമാക്കണം. എന്നിട്ട് ആ മനസ്സിനെ പരമാത്മാവിൽ അനുസന്ധാനം ചെയ്യുക.

ആത്മജ്ഞാനലബ്ധിക്കായി മോക്ഷക്കോട്ട തുറക്കണം. മോക്ഷക്കോട്ടയുടെ കാവൽക്കാരായി ശമം, വിചാരം, സന്തോഷം, സത്സംഗം എന്നിങ്ങനെ നാലാൾ ഉണ്ട്. ഇവരെയെല്ലാവരേയും അഥവ രണ്ടോ മൂന്നോ പേരെയെങ്കിലും സേവിച്ചു പ്രസാദിപ്പിക്കണം. എന്നാൽ മോക്ഷവാതിൽ തുറന്നു കിട്ടും. കൊട്ടാരത്തിൽ കടക്കണമെങ്കിൽ പാറാവുകാരെ സ്വാധീനിക്കപ്പെടാതെ കഴിയുമോ? അതുപോലെയാണ് സർവ്വവും ഉപേക്ഷിച്ച് സർവ്വത്മനാ ശ്രമിച്ച് കാവൽക്കാരിൽ ഒരുത്തനെയെങ്കിലും സ്വാധീനപ്പെടുത്തിയാൽ അവൻ മുഖേന മറ്റുള്ളവരേയും വശത്താക്കുക തന്നെ ചെയ്യും. ശാസ്ത്രപാഠം സജ്ജനസമ്പർക്കം, ദമം, തപം ഇവ ശീലിച്ച് സംസാരബന്ധമൊഴിക്കത്തക്കവണ്ണം ബുദ്ധിയെ വികസിപ്പിക്കണം. ഗുരുവാക്യവും ശാസ്ത്രവും സ്വാനുഭാവവും ഒന്നായിത്തന്നെ അഭ്യാസംകൊണ്ട് നിർണ്ണയിക്കാൻ സാധിക്കുന്നവന് ആത്മദർശനം സുലഭമായി ലഭിക്കും. അജ്ഞാനിയുടെ അവസ്ഥ മൺചട്ടിയും പിടിച്ചു തെരുവു നീളെ ഭിക്ഷയെടുക്കുന്നതിനേക്കാൾ കഷ്ടമാണ്. ആത്മജ്ഞാനലബ്ധിക്ക് ധനമോ, ബന്ധുക്കളോ, സ്നേഹിതന്മാരോ ഉപകരിക്കുന്നില്ല, ഉപവാസവും ക്ഷേത്രദർശനാദിയും പ്രയോജനപ്പെടുന്നില്ല. പിന്നെയെന്താണാവശ്യം. മനോജയം ഒന്നുമാത്രം. മേൽപ്പറഞ്ഞ കാവല്ക്കാർ ഓരോരുത്തരുടേയും മാഹാത്മ്യം അനുക്രമമായി താഴെ കൊടുക്കാം.

ശമം ശമത്തെ സ്വാധീനിക്കുന്ന സുകൃതികളെ ശാന്തന്മാരെന്നു പറയുന്നു. ദുഖം തൃഷ്ണ മുതലായ മനോദോഷങ്ങൾ ശമശീലന്മാരുടെ സമീപത്ത് അണയുന്നില്ല, സൂര്യനെ കണ്ട ഇരുട്ടുപോലെ മാഞ്ഞുപോകുന്നു. ശമം കൊണ്ട് മനസ്സിനുണ്ടാകുന്ന സുഖം ഒന്നു പ്രത്യേകമാണ്. സ്വർഗ്ഗത്തിലെത്തി അമൃത് കുടിച്ചാലും വൈകുണ്ഠത്തിൽ പോയി മഹാലക്ഷ്മിയുടെ ആലിംഗനമനുഭവിച്ചാലും ശമപ്രസിദ്ധമായ ആനന്ദാനുഭൂതി ഉണ്ടാകില്ല. ശുഭമാകട്ടെ, അശുഭമാകട്ടെ കേൾക്കുകയോ, കാണുകയോ ചെയ്താൽ തൊട്ടാൽ, തിന്നാൻ, മണത്താൽ എന്തായാലും മനസ്സിന് മോദ

മോ, ഖേദമോ ഉണ്ടാകാത്തവനാര് അവനെയാണ് ശാന്തനെന്ന് പറയേണ്ടത്. ആരുടെ ഹൃദയം സ്വച്ഛമായിരിക്കുന്നുവോ അവനാണ് ശാന്തൻ, തപസ്വികൾ, ശാസ്ത്രജ്ഞന്മാർ, ബലവാന്മാർ, ഗുണാഢ്യന്മാർ ഇവരിൽ തന്നെ ശാന്തന്മാരുണ്ടെങ്കിൽ അവരാണ് ഏറ്റവും ശോഭിക്കുന്നത്.

വിചാരം സ്വതേ വിരുദ്ധവും ശാസ്ത്രജ്ഞാനത്താൽ പരിഷ്കൃതവും കാര്യകാരണബോധത്തോടു കൂടിയതുമായ ബുദ്ധികൊണ്ട് എപ്പോഴും ആത്മവിചാരം ചെയ്യേണ്ടതാകുന്നു. വിചാരത്താൽ ബുദ്ധിക്ക് തൈഷ്ണ്യമുണ്ടായാൽ പരമപദം തുറന്നുകാണും. ദീർഘമായ സംസാരരോഗത്തിന് ഒരു സിദ്ധൗഷധമത്രെ വിചാരം. ഞാൻ ആര് ഈ സംസാരം ആർക്കുള്ളത് ഇത്യാദിയുക്തികൾ ആപത്തിൽ കൂടിയും നി ർവ്വിഘ്നമായി വിചാരിച്ച് കൊള്ളേണ്ടതാണ്. വിചാരമാകുന്ന കണ്ണ്, ഇരുട്ടിൽ പോലും തെളിഞ്ഞുകാണുന്നതും ഇടയ്ക്ക് മറവുണ്ടെങ്കിലും കാഴ്ചക്ക് തടസ്സമില്ലാത്തതുമാണ്. സന്തോഷം പരമമായ ശ്രേയസ്സും സുഖവുമാണ് സന്തോഷം. അവിചിത്തമായ വിശ്രാന്തിയെ ലഭിക്കുന്നതും സന്തോഷമാണ്. സന്തോഷാമൃതപാനത്താൽ സംതൃപ്തിയടഞ്ഞ ശാന്തന്മാർ ഇഹലോകഭോഗസൗഖ്യങ്ങളെ പ്രതികൂലവിഷം പോലെ കാണുന്നു. കിട്ടാത്തതിനെ ആഗ്രഹിക്കാതെ കിട്ടിയതിൽ തൃപ്തിയും ഭാവിക്കാതെ ഒന്നും കൊണ്ടും ദുഖിക്കുകയോ സന്തോഷിക്കുകയോ ചെയ്യാതെ ഇരിക്കുന്നവൻ സന്തുഷ്ടൻ ആശാവിവരവും സന്തോഷവർജ്ജിതവുമായ ഹൃദയത്തിൽ, ചെളിപറ്റിയ കണ്ണാടിയിൽ മുഖമെന്ന പോലെ ജ്ഞാനം പ്രതിബിംബിക്കുന്നില്ല. സന്തുഷ്ടഹൃദയന്മാർ കിട്ടാത്തതിൽ ആശവെയ്ക്കാതെ കിട്ടിയതിനെ ക്രമപ്രകാരം അനുഭവിച്ചുകൊണ്ട് സൗമ്യസമാചാരനായി വസിക്കുന്നു.

സാധുസംഗം നരന്മാർക്ക് സംസാരസമുദ്രം കടക്കുന്നതിനുള്ള ഒരു വിശേഷപ്പെട്ട തോണിയാണ് സാധുസംഗം. വിദ്വൽജ്ജനങ്ങളോട് സഹവസിക്കുമ്പോൾ ശൂന്യസ്ഥാനം ജനവിലസിതം പോലെ സുഖകരമായും മരണാദിദുഖങ്ങൾ ആനന്ദകരമായും ആപത്ത് സമ്പത്തായും തോന്നും. സർവ്വബന്ധങ്ങളിൽ നിന്നും മുക്തന്മാരും അഭിജ്ഞന്മാരുമായ സാധുക്കളെ എല്ലാ പ്രകാരത്തിലും സേവിക്കേണ്ടതാണ്.

മേൽ പറയപ്പെട്ട ശമം, സന്തോഷം, വിചാരം, സത്സംഗം ഇവ നാലും സംസാരഭേദത്തിനുള്ള ഉപായങ്ങളാണ്. കിട്ടുന്നതിനെ തൃപ്തി യോടെ അനുഭവിച്ചും ഇഷ്ടമോ അനിഷ്ടമോ വന്നാൽ ഭേദഭാവനയില്ലാതെയും വസിക്കുന്നു. സുഖാസനസ്ഥനായി ദൈവേച്ഛയാവന്നു ചേരുന്ന ഭോഗങ്ങളും ഭുജിച്ച്, സദാചാര വിരുദ്ധമായി പ്രവർത്തിക്കാതെ കാലദേശങ്ങൾ അനുവദിക്കുന്ന സാധുസംഗം ചെയ്ത് മോക്ഷശാസ്ത്രത്തെ ശ്രവിക്കുന്നവൻ സുഖിമാനായി വസിക്കും.

പൊയ്കകളും താമരപ്പൂക്കളും തമ്മിൽ എന്ന പോലെ ജ്ഞാനത്താൽ സമാദികളും ശമാദികളാൽ ജ്ഞാനവും അന്യോന്യം അഭിവൃദ്ധികരമായി വിളങ്ങുന്നു. ജ്ഞാനവും ശമാദികളും ഒരു പോലെ അഭ്യസിച്ചെങ്കിലല്ലാതെ ഫലമില്ല.

മനുഷ്യന്റെ ജീവിതലക്ഷ്യം ജ്ഞാനമാണ്, ഇന്ദ്രീയ സുഖമല്ല. ഭോഗങ്ങളും സുഖങ്ങളും ഒരിക്കൽ അവസാനിക്കും. ഭോഗമാണ് ജീവിതലക്ഷ്യമെന്നു വിചാരിക്കുന്നത് അബന്ധം. ജ്ഞാനം മനുഷ്യനിൽ സ്വതസിദ്ധമായുണ്ട്. ഒരു ജ്ഞാനവും വെളിയിൽ നിന്നും വരുന്നില്ല. എല്ലാം ഉള്ളിൽ ഭദ്രം ഒരു മനുഷ്യൻ അറിയുന്നു എന്ന് പറയാറുണ്ട്. മനശ്ശാസ്ത്രഭാഷയിൽ അതിനർത്ഥം മറനീക്കി കണ്ടെത്തുന്നു എന്നാണ്. മനുഷ്യാത്മാവ് അനന്തജ്ഞാനഖനിയാകുന്നു. അതിന്മേലുള്ള മറ നീക്കിക്കളഞ്ഞ് യഥാർത്ഥത്തിൽ കണ്ടെത്തുന്നതിനെയാണ് ഒരാൾ പഠിക്കുന്നു എന്നു പറയാറുള്ളത്. ന്യൂട്ടൺ ആകർഷണശക്തി കണ്ടു പിടിച്ചു എന്നു പറഞ്ഞാൽ അത് ന്യൂട്ടനെ കാത്ത് കൊണ്ട് വല്ലമൂലയിലും ഒളിച്ചിരിക്കുകയായിരുന്നു എന്നു കരുതാമോ ആ അറിവ് അദ്ദേഹത്തിന്റെ മനസ്സിൽ തന്നെ ഉണ്ടായിരുന്നു എന്നു വേണം കരുതാൻ. കാലം ചെന്നപ്പോൾ

അത് അദ്ദേഹത്തിന് ഗോചരമായി. ജ്ഞാനമെല്ലാം മനസ്സിൽ നിന്നും ഉളവായിട്ടുള്ളതാണ്. ജഗത്തിനെ സംബന്ധിച്ച് അനന്തമായ ജ്ഞാനമെല്ലാം നമ്മുടെ മനസ്സിലുണ്ട്. മനസ്സിനെ സ്വയം പഠിക്കാൻ ഒരു സൂചന നൽകുന്ന, സന്ദർഭം സൃഷ്ടിക്കുന്ന ഒന്നു മാത്രമാണ് ബാഹ്യപ്രപഞ്ചം. പഠനവിഷയം എപ്പോഴും മനസ്സുതന്നെ. ആപ്പിൾ പ്പഴത്തിന്റെ പതനം ന്യൂട്ടന് ഒരു സൂചനയായി, അതിനെ തുടർന്ന് അദ്ദേഹം സ്വന്തം മനസ്സിനെ പഠിച്ചു. മനസ്സിൽ മുമ്പുണ്ടായിരുന്ന അറിവിന്റെ കണികകളെ ഒരു പുതിയ ക്രമത്തിൽ അദ്ദേഹം അടുക്കി വെച്ചു. അപ്പോൾ അവിടെ ഒരു പുതിയ അറിവ് കണ്ടെത്തി, അതാണ് ആകർഷണ സിദ്ധാന്തം. ആ നിയമം ആ വീണ പഴത്തിലോ ഭൂമിയുടെ ഉപരിതലത്തിലോ ആയിരുന്നില്ല. അതിനാൽ ജ്ഞാനം മുഴുവൻ ലൗകികമായാലും ആദ്ധ്യാത്മീകമായാലും മനുഷ്യന്റെ മനസ്സിൽ ത്തന്നെയുണ്ട്. എന്നാൽ പലയാളുകളുടേയും കാര്യത്തിൽ അത് കണ്ടെത്തപ്പെടാതെ മൂടിക്കിടക്കുകയാണ്. ആ മൂടി അഥവ ആവരണം കുറേശ്ശെയായി നീക്കപ്പെടുന്ന അവസ്ഥയെയാണ് 'നാം പഠിക്കുന്നു' എന്ന് പറയുന്നത്. ആവരണം എത്രത്തോളം നീങ്ങുന്നുവോ അത്രത്തോളം ജ്ഞാനത്തിന് അഭിവൃദ്ധിയുണ്ടാകുന്നു. ഏതൊരാളിൽ നിന്ന് ഈ മറ മാറിത്തുടങ്ങിയിരിക്കുന്നുവോ അയാൾ കൂടുതൽ അറിവുള്ളവനായിത്തീരും. ആരിൽ നിന്നും ആ മറ നിശ്ശേഷം മാറിയിരിക്കുന്നുവോ അയാൾ എല്ലാം അറിയുന്നവൻ, സർവ്വജ്ഞൻ എന്ന് അറിയപ്പെടും. ആരിൽ ആ മറ കട്ടിയായിക്കിടക്കുന്നുവോ അയാൾ അജ്ഞനുമായി ഭവിക്കുന്നു.

***

# 1-ാം ചരമവാർഷികം

**31.07.2022**

# തങ്കം പണിക്കർ

കല്ല്യാൺ, പ്ലോട്ട് നമ്പർ 44
കൃഷ്ണവിഹാർ, കോളനി,
പനമ്പിള്ളി നഗർ,
കൊച്ചി - 682036

*സന്തപ്ത കുടുംബാംഗങ്ങൾ*



# ആത്മാനം ചേൽ വിജാനീയാത്

## സി. നാരായണൻ -

ഒന്നാം ഭാഗം

**ബൃ**ഹദാരണ്യകോപനിഷത്തിലെ ഒരു മന്ത്രത്തിന്റെ സാരം ചിന്തിക്കാനാണ് ഈ ലേഖനത്തിലൂടെ ഞാൻ ഉദ്യമിക്കുന്നത്.

അതിനു മുഖവുരയായി എന്താണ് ബ്രഹ്മവിദ്യയിൽ വേദത്തിന്റെയും പ്രത്യേകിച്ചു ഉപനിഷത്തുക്കളുടേയും സ്ഥാനമെന്നു ഒന്നു പരിശോധികാം.

പ്രത്യക്ഷം, അനുമാനം, അർത്ഥാപത്തി, ഉപമാനം, അനൂപലബ്ധി, ലൗകികശബ്ദം എന്നിവയൊക്കെ പോലെത്തന്നെ വേദവും ഒരു ജ്ഞാന സാധനമാണ്. അതായത്, ഈ അഞ്ചു തരത്തിലുള്ളവയെ പോലെ വേദവും ഒരു പ്രമാണമാണ്. പ്രമ അല്ലെങ്കിൽ അറിവു നൽകുന്നത് എന്നാണ് പ്രമാണത്തിന്റെ പദാർത്ഥം.

'മ' എന്നാൽ അറിവ്. അതിനോട് 'പ്ര' എന്ന ഉപസർഗം ചേരുമ്പോൾ പ്രമ എന്ന പദം നിഷ്പന്നമാകുന്നു. "പ്രമായാ കാരണഭൂതത്വാത്" പ്രമാണം.

ഓരോ പ്രമാണത്തിനും അതിന്റേതായ പ്രവർത്തന മേഖലയുണ്ട്. ഇന്ദ്രിയജ്ഞാനത്തെ പ്രത്യക്ഷജ്ഞാനമെന്നും പറയുന്നു. ഈ പ്രത്യക്ഷജ്ഞാനം അഞ്ചു ജ്ഞാനേന്ദ്രിയങ്ങളിലൂടെ അഞ്ചുതരത്തിലാണ് നമുക്ക് ലഭ്യമാകുന്നത്. അവ ഓരോന്നും വേറെ വേറെ പ്രമാണമാണെന്നു പറയാം. നേത്രം രൂപത്തിലും ചെവി ശ്രവണത്തിനുമെന്നിങ്ങനെ ഓരോ പ്രമാണത്തിനും പ്രത്യേക വിഷയമുണ്ട്.

ഒരു പ്രമാണത്തിലൂടെ ലഭ്യമാകുന്ന അറിവു വേറൊരു പ്രമാണത്തിലൂടെ വേദ്യമല്ല. അതുകൊണ്ട് അത് അനധിഗതം എന്നു പറയപ്പെടുന്നു. അതേ പോലെ ഒരു പ്രമാണത്തിലൂടെ കിട്ടുന്ന അറിവിനെ മറ്റൊരു പ്രമാണം എതിർക്കില്ല. ഉദാഹരണത്തിനു നാസിക ഒരു പുഷ്പത്തിന്റെ ഗന്ധം മുല്ലയുടേതാണെന്നു പറയുമ്പോൾ ആ ഗന്ധം മുല്ലയുടേതല്ല. സ്പർശിക്കുമ്പോൾ റോസിന്റേതു പോലെയാണിരിക്കുന്നത് എന്നു തിരുത്താൻ ത്വക്ക് ശ്രമിക്കാറില്ല. ഈ പറഞ്ഞ പ്രമാണങ്ങളെല്ലാം ഇന്ദ്രിയാധിഷ്ഠിതങ്ങളാണ്. അതായത് രൂപം ഗന്ധം, രസം മുതലായ അറിവുകൾ ഇന്ദ്രിയങ്ങളിലൂടെ നേരിട്ടും അനുമാനം, അർത്ഥാപത്തി മുതലായവ ഇന്ദ്രിയജന്യജ്ഞാനങ്ങളെ ആധാരമാക്കിയുള്ളവയുമാണ്. എന്നാൽ ഇന്ദ്രിയങ്ങൾക്ക് അപ്രാപ്യമായ പലതും നമുക്ക് അറിയേണ്ടതായിട്ടുണ്ട്. ഉദാഹരണത്തിനു, പുണ്യപാപങ്ങൾ. അങ്ങിനെ ചില തത്ത്വങ്ങളെ അറിയാൻ ഇന്ദ്രിയങ്ങൾ പര്യാപ്തങ്ങളല്ല. അതേ പോലെ സ്വർഗ്ഗത്തെക്കുറിച്ചുള്ള അറിവ്. അവർക്ക് വേദനം മാത്രമാണ് പ്രമാണം. അത് അനധിഗതമാണ്. എന്നു വെച്ചാൽ, സ്വർഗലബ്ധിക്ക് ഉപയോഗപ്രദമായ മാർഗങ്ങൾ പറഞ്ഞു തരാൻ വേദം മാത്രമേ പ്രാപ്തമായിട്ടുള്ളൂ.

സ്വർഗ്ഗത്തിന്റെ അസ്തിത്വത്തിനു തെളിവില്ല, യുക്തിമതിയായ താൻ അത് അംഗീകരിക്കില്ല എന്നു പറയുന്നതിൽ കാമ്പില്ല. കാരണം, സ്വർഗമെന്ന ആശയം മനുഷ്യരാശി ഏതു കാലത്തും ഏതു ദേശത്തും ഹൃദയത്തോടു ചേർത്തു വെച്ചിട്ടുള്ള ഒന്നാണ്. അതു ബുദ്ധിക്ക് പ്രാപ്തമല്ലാത്തതുകൊണ്ടുമാത്രം അതില്ല എന്നു പറയുന്നതിൽ യുക്തിയില്ല. എന്നാൽ വേദത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ളതിനാൽ അതിൽ വിശ്വസിക്കുന്നത് യുക്തിക്ക് നിരക്കുന്നതാണു താനും. വേദം അപൗരുഷേയ വിഷയങ്ങൾക്കുള്ള പ്രമാണമാണ്.

വേദം, മറ്റു ജ്ഞാനസാധനങ്ങളെ പോലെ, വേറെയൊന്നു കൊണ്ടും വെളിവാകാത്ത അറിവിനു മാത്രമാണ് പ്രമാണം. ഉദാഹരണത്തിനു വേദത്തിൽ ഒരിടത്തു 'ഘൃതേന ജുഹുയാത് ' എന്നു പറയുന്നുണ്ട്. അതിനർത്ഥം നറുനെയ്യ് ഹോമിക്കുക എന്നാണ്. പക്ഷേ, വേദം നറുനെയ്യിനെ വെളിപ്പെടുത്തുന്ന പ്രമാണമല്ല. എന്നാൽ ആ പ്രത്യേക യാഗത്തിൽ നറുനെയ്യാണ് ഇന്ന ദേവതക്ക് ഇത്ര തവണ ഹോമിക്കേണ്ടത് എന്ന കാര്യത്തിനു വേദം മാത്രമാണ് പ്രമാണം. അതുപോലെ വേദം ഇഷ്ടികയ്ക്ക് പ്രമാണമല്ല. എന്നാൽ

ഒരു പ്രത്യേകയജ്ഞത്തിന്റെ ഹോമകുണ്ഡത്തിനു എത്ര ഇഷ്ടിക എങ്ങിനെ വിന്യസിക്കണമെന്നതിനു പ്രമാണമായുള്ളത് വേദം മാത്രമാണ്.

ചിലർ പറയാറുണ്ട്,വേദം ശാസ്ത്രമാണെന്ന്, അതുകൊണ്ടു കെമിസ്ട്രി, ഫിസിക്സ് എന്നിവ പോലെയുള്ള ഒരു ശാസ്ത്രമാണ് വേദം എന്നാണ് ഉദ്ദേശിക്കുന്നതെങ്കിൽ അതബദ്ധമാണ്. അങ്ങിനെ പറയുന്ന പക്ഷം, ആധുനികശാസ്ത്രം വേദത്തിനേക്കാൾ മികച്ചതാണെന്നു പറയേണ്ടിവരും. വേദത്തിന്റെ കാലത്തിൽ ജീവിച്ചിരുന്നവർക്ക് ഇന്നത്തെ സങ്കീർണങ്ങളായ ഉപകരണങ്ങളുടെ സഹായമില്ലാതെതന്നെ പലതും അറിഞ്ഞിരിക്കുന്നു എന്ന വസ്തുത അത്ഭുതകരം തന്നെയാണെന്നിരിക്കാം. പക്ഷേ ആധുനികശാസ്ത്രജ്ഞനു തീർച്ചയായും അവരേക്കാൾ കൂടുതൽ രസതന്ത്രവും ബോട്ടണിയും അറിയാം. വേദം ശാസ്ത്രമല്ല, പ്രമാണമാണ്.

അത് വേറെയൊരു ജ്ഞാനസാധനത്താലും പ്രാപ്യമല്ലാത്ത അറിവിനുള്ള സാമഗ്രിയാണ്. എല്ലാ പ്രമാണത്തേയും പോലെ വേദത്തിനും അതിന്റേതായ മേഖലയുണ്ട്. അതു മറ്റൊരു പ്രമാണത്താൽ നിരാകരിക്കത്തക്കതുമല്ല എല്ലാത്തിനുമുപരിയായി, വേദത്തിലൂടെ മാത്രമേ നമുക്ക് ബ്രഹ്മത്തെക്കുറിച്ചറിയാനൊക്കൂ. ബ്രഹ്മം ഇന്ദ്രിയാതീതമാണ്. വേദത്തിന്റെ തത്ത്വങ്ങൾ പ്രതിപാദിക്കപ്പെടുന്ന,അതിന്റെ ഉത്തമഭാഗം എന്നർത്ഥം വരുന്ന വേദാന്തത്തിലാണ് ബ്രഹ്മത്തെക്കുറിച്ചുള്ള പ്രതിപാദ്യം. വേദാന്തത്തെ ഉപനിഷത്തുകൾ എന്നും പറയും.

'സദ്' എന്ന ധാതുവിനോട് 'ഉപ' എന്നും 'നി' എന്നുമുള്ള ഉപസർഗങ്ങൾ ചേരുമ്പോളാണ് ഉപനിഷദ് എന്ന വാക്കുണ്ടാവുന്നത്. സദ് നി വിസരണം ഗമനം അവസാദനം എന്നീ അർത്ഥങ്ങളുണ്ട്. വിസരണമെന്നാൽ ശോഷിപ്പിക്കുക എന്നും, ഗമനം എന്നാൽ എത്തിച്ചേരുക എന്നും അവസാദനം എന്നാൽ നശിപ്പിക്കുക എന്നും അർത്ഥം പറയാം.

'ഉപ' എന്ന വാക്കിനു സമീപം എന്നാണർത്ഥം. നമുക്ക് ഏറ്റവും അടുത്തു കിടക്കുന്നത് ഞാൻ എന്ന സത്തയാണല്ലോ. ബ്രഹ്മം എന്നു പറയുന്ന പരമോത്കൃഷ്ട സത്യം, എല്ലാവരുടേയും 'ഞാനാ'ണെന്നാണ് ഉപനിഷദ് ഉത്ഘോഷിക്കുന്നത്. ഉപനിഷദ് ഒരു പ്രമാണമായതിനാൽ നിരാകാരിക്കത്തക്കതല്ല. ഒരു വസ്തുവിന്റെ നിറം നീലയാണെന്നു കണ്ണുകൾ നി ർണ്ണയിക്കുമ്പോൾ നാമതിനെ ശരിയെന്നംഗീകരിക്കുന്നു.

'നി' എന്ന ഉപസർഗം നിശ്ചയാത്മകതയെ സൂചിപ്പിക്കുന്നു. അതായത് ഉപനിഷദിലൂടെ കിട്ടുന്ന ജ്ഞാനം നിശ്ചയതരമായിരിക്കണം. കാണുന്ന മാത്രയിൽ തന്നെ നാം നീല എന്ന നിറത്തിന്റെ സ്വരൂപം അറിയുന്നു. എന്നാൽ, ബ്രഹ്മം അങ്ങിനെയായ ഒന്നല്ല. ഉപനിഷദ്, ഞാൻ ബ്രഹ്മമാണെന്നു വെളിപ്പെടുത്തുമ്പോൾ ഞാൻ എന്റെ ഉള്ളിലേക്കു നോക്കി 'ഞാൻ' എന്ന സത്ത ഗോചരമാകുന്ന മാത്രയിൽ 'ഇതാണു ബ്രഹ്മം' എന്നറിയുന്നില്ല. ആ വസ്തുത പ്രകാശിതമാവാൻ എനിക്ക് ഉപനിഷദ് ഉപദേശിക്കുന്ന മാർഗ്ഗത്തിൽ വേദവാക്യങ്ങളെ അർത്ഥവിചാരം. ചെയ്യേണ്ടതുണ്ട്. അങ്ങിനെ ചിന്തനത്തിലൂടെ കിട്ടുന്ന വെളിപാട് നിശ്ചയരൂപത്തിലുള്ളതും സംശയാതീതവുമായിരിക്കും. അത് എനിക്ക് സ്വന്തമാക്കാൻ കഴിയും.

പാരമാർത്ഥികം, വ്യാവഹാരികം, പ്രാതിഭാസികം എന്നിങ്ങനെ സത്യം മൂന്നു തരത്തിൽ വേദ്യമാണ്. ഇവയിൽ ഉപനിഷദിന്റെ പ്രത്യാദവിഷയം പാരമാർത്ഥിക സത്യമാണ്. പ്രാതിഭാസികം എന്ന വാക്കിൽ നിന്നു തന്നെ, അതു വെറും തോന്നലുകളാണെന്നു വ്യക്തമാണല്ലോ. വ്യാവഹാരികവും അങ്ങിനെത്തന്നെ. അതിനും യഥാർത്ഥത്തിലുള്ള സത്തയില്ല. ലോകത്തിൽ വ്യവഹരിക്കാൻ, സൃഷ്ടമായ ലോകത്തിന്റെ ഭാഗമായ വസ്തുക്കൾ ഉണ്ടായേ പറ്റൂ. അതുകൊണ്ട് ജഗത്തിനേയും ജഗത്തിനെ നില നിർത്തുന്ന തത്ത്വങ്ങളേയുമാണ് വ്യാവഹാരിക സത്യമെന്നു പറയുന്നത്. അവയറിയാൻ വേറെ പ്രമാണമുള്ളതിനാൽ വേദം അവക്കു പ്രമാണമല്ല.

ഉപനിഷദ്പാരമാർത്ഥിക സത്യത്തെ വെളിപ്പെടുത്തുന്ന പ്രമാണമാണെന്നു പറഞ്ഞുവല്ലോ. അത് യഥാർത്ഥത്തിൽ ഞാനാരാണെന്നു എന്നെ ബോധിപ്പിക്കുന്നു എന്നതാണ് അതിന്റെ പരമപ്രാധാന്യം. സാങ്കേതിക പദമുപയോഗിച്ചാൽ അത് എന്റെ പരമാർത്ഥ സത്യം എനിക്കു വെളിപ്പെടുത്തി തരുന്നു. അതിനേക്കാൾ മഹത്തരമായി വേറെയെന്തുണ്ടാവാനാണ്.

ഞാൻ എത്ര നാൾ കരുതിയിരുന്ന നിസ്സാരത്വമല്ല എന്റെ സത്യാവസ്ഥ. ഞാൻ ആനന്ദസ്വരൂപനാണ് എന്നെനിക്ക് ബോധ്യമാവുമ്പോൾ അതുവരെ എനിക്കുണ്ടായിരുന്ന എല്ലാ പരിമിതികളും

*(ശേഷം പേജ് 40)*

# കേരളത്തിലെ കലകൾ

വിദ്വൽപ്രഭ. ജെ. എസ് – 9847537007

*(തുടർച്ച)*

സുന്ദരകലകളുടെ കലവറയാണ് കേരളം. പരശുരാമനാൽ നിർമ്മിതമായ കേരളത്തിന്റെ പ്രകൃതിഭംഗി ആരേയും ആകർഷിക്കും. കേരളം പ്രകൃത്യാ കലാരൂപിണിയാണ്. മഹാസമുദ്രത്തിനും പശ്ചിമപർവ്വതനിരകളായ സഹ്യനും മദ്ധ്യത്തതിൽ ശ്യാമസുന്ദരകേരളം. കന്യാകുമാരി മുതൽ കാസർകോടുവരെ ചന്ദ്രക്കല പോലെ നീണ്ടു കിടക്കുന്ന മലയും, കാടും, കായലും, പുഴയും, പാടവും, കൊണ്ടു സമ്പന്നമായ രാജ്യമാണ് നമ്മുടെ മലയാളം.

കേരനിരകൾ, വയലേലകൾ, കവുങ്ങിൻ തോട്ടം, വാഴത്തോട്ടം എന്തിനേറെ പുളിയും, പൂമരങ്ങളും നിറഞ്ഞ സമൃദ്ധമായ നാട്. ഓരോ വീട്ടുവളപ്പിലും, മുറ്റത്തൊരു തുളസിത്തറയും, തൊടിയിലൊരു സർപ്പക്കാവും കാണാമായിരുന്നു ക്ഷേത്രങ്ങൾ, പള്ളികൾ പ്രാചീന ആരാധനാലയങ്ങൾ തുടങ്ങിയവയും.

ദൈവത്തിന്റെ സ്വന്തം നാട് എന്ന ചൊല്ല് അന്വർത്ഥമാക്കുന്ന കാലാവസ്ഥയും, മനോഹാരിതയും, സംസ്ക്കാരവും കേരള മണ്ണിനെ കൂടുതൽ സവിശേഷതകളുടെ കൂടാരമാക്കുന്നു.

കേരളഭൂപ്രകൃതിപോലെ തന്നെ കേരളീയകലകൾക്കും പ്രത്യേകതകൾ ഏറെയാണ്. ഉടുപ്പിനും നടപ്പിനുമെന്ന പോലെ സംഗീതസാഹിത്യാദികൾക്കും രാജ്യങ്ങൾ തമ്മിൽ വ്യത്യാസമുണ്ടാകും. അടക്കം, ഒതുക്കം, വൃത്തി വെടിപ്പ്, മികവ് ഇവയൊക്കെയാണ് കേരളീയകലൾക്കുള്ള വിശേഷതകൾ. ക്ഷേത്രങ്ങളാണ് കലകളുടെ വിളനിലം, വിശുദ്ധിയാണ് അവയുടെ മുഖമുദ്ര.

മറ്റുരാജ്യങ്ങളിലെ അമ്പലങ്ങൾ പോലെ ആശ്ചര്യമുണർത്തുന്ന ഗോപുരങ്ങളോ, രത്നമയങ്ങളായ തിരുവാഭരണങ്ങളൊന്നും കേരളക്ഷേത്രങ്ങളിൽ കാണാനില്ല. മോഹനമായ ശ്രീ കോവിൽ, വൃത്തിയുള്ള നാലമ്പലം, പ്രകാശമാനമായ ദിവ്യവിഗ്രഹം ഇങ്ങനെ ആകർഷണീയമാണ് നമ്മുടെ ക്ഷേത്രങ്ങൾ. ഈ സവിശേഷതകൾ കേരള കലയ്ക്ക്മുണ്ട്.

കലകൾ രണ്ടു വിധം, ദൃശ്യകല, ശ്രവണകല. കണ്ടും കേട്ടും ചിന്തിച്ചും ആസ്വദിക്കുക എന്നതാണ് സുന്ദരകലയുടെ സദുദ്ദേശം. നൃത്തം, ശില്പം, അഭിനയം എന്നിവ ദൃശ്യകലകൾ. വാദ്യവും, സംഗീതവും, സാഹിത്യവും ശ്രവ്യകലകൾ. എന്നാൽ ഇവ സമന്വയിച്ചവതരിപ്പിക്കുമ്പോൾ കൂടുതൽ തിളക്കമാർന്നതാകും.

സംഗീതത്തിനും നൃത്തത്തിനും വാദ്യസംഗീതം ചേർന്നാലെ അഴകേറുകയുള്ളൂ. സങ്കലനം ചെയ്യുകയെന്നത് കലയുടെ ധർമ്മമാണല്ലോ. സംഗീത ഭംഗി ചേരുമ്പോൾ സാഹിത്യത്തിന് ആഹ്ലാദകത്വം അധികമാകുന്നു. സാഹിത്യവും അഭിനയവും അന്യോന്യം പോഷകങ്ങളാണ്. സുന്ദരകലകളെ തമ്മിലിണക്കി പ്രയോഗിക്കുന്നതിൽ കേരളീയർ പ്രത്യേകം തല്പരരാണ്. ആ ചേർത്തുവിളക്കലാണ് കേരളകലയുടെ തന്മയത്വം, മഹത്വം എന്നൊക്കെ പറയാം. അഭിനയവും സാഹിത്യവും ഇഴുകിച്ചേരുമ്പോഴാണ് കഥാപാത്ര സൃഷ്ടിയ്ക്ക് പൂർണ്ണതയെത്തുന്നത്.

**കൊട്ട്** – ശ്രവ്യകലയെന്നാൽ ആദ്യം നമ്മുടെ മനസ്സിലെത്തുന്നത് 'കൊട്ട്' എന്ന പദമാണ്. എല്ലാ സുന്ദരകലകളുമായി ഇണങ്ങിച്ചേരുന്നതാണ് കൊട്ട്. കേരളീയരുടെ പ്രധാനവാദ്യം ചെണ്ടയാണ്. 'ചെണ്ടകൊട്ട്' ആസ്വദിയ്ക്കാത്ത മലയാളിയില്ല. ഇത് ക്ഷേത്രകലയാണ്. ഇതിനു പുറമേ മദ്ദളം, തിമില, ചേങ്ങല, ഇലത്താളം, കൊമ്പ്, കുഴൽ, ശംഖ്, ഇവയും ക്ഷേത്രാനുബന്ധവാദ്യങ്ങളാണ്. മിഴാവ് വളരെ പഴയ ഒരു വാദ്യമാണ്. ഇത് ഇപ്പോൾ ചാക്യാർകുത്തിനുമാത്രമേ ഉപയോഗിച്ചുവരുന്നുള്ളൂ. പൂരം, ഉത്സവം, ഇവയ്ക്കൊക്കെ കൊട്ടിക്കേറുക എന്ന പ്രയോഗമാണുള്ളത്. എല്ലാ ദൃശ്യകലയ്ക്കും അകമ്പടി കൊട്ടാണ്.

**പാട്ട്** – ഭദ്രകാളിപ്പാട്ട്, അയ്യപ്പൻപാട്ട്, വേട്ടയ്ക്കൊരുമകൻ പാട്ട് ഇത്യാദി പലവകയുണ്ട്.

ദാരികാവധം കഥയും ഭദ്രകാളി സ്തോത്രങ്ങളും നന്തുണി വീണയിൽ താളം പിടിച്ച് പാടുന്നു. കളമെഴുത്തും കോമരം തുള്ളലും ഇപ്പോൾ പ്രചാരത്തിലുണ്ട്. അരിപ്പൊടി, മഞ്ഞപ്പൊടി, ചുവന്നപൊടി, പച്ചപ്പൊടി, കരിപ്പൊടി എന്നീ പഞ്ചവർണ്ണത്തിലുള്ള പൊടികൾ കൊണ്ട് ദൈവങ്ങളുടെ (അയ്യപ്പൻ, ഭദ്രകാളി, വേട്ടയ്ക്കൊരുമകൻ)ചിത്രങ്ങൾ എഴുതുന്നതാണ് കളമെഴുത്ത്. കേവലം ഒന്ന് ഒന്നൊര മണിക്കൂറിൽ സർവ്വാഭരണവിഭൂഷിതമായ ദൈവചിത്രങ്ങൾ എഴുതിയുണ്ടാക്കാൻ ഒരു പ്രയാസവുമില്ല.

പന്തൽ, വിതാനം, അരങ്ങുതൂക്കൽ, വിളക്കുവെയ്പ്, പൂജ, പാട്ട്, വെളിച്ചപ്പാട് ഇങ്ങനെ പലതും പാട്ടിനൊപ്പം അണിനിരക്കുന്നു. ചില പാട്ടുകൾക്ക് വെളിച്ചപ്പാട് ചുവടുവയ്ക്കുന്നു. അത് കലാഭംഗിയുള്ള ഒരഭ്യാസമാണ്. കളം മായ്ക്കുന്നതോടെ പാട്ടും കഴിയുന്നു. ഈ ചടങ്ങിൽ പാട്ടിനെക്കാൾ ചിത്രത്തിനാണ് മുൻ തൂക്കം കല്പിക്കുന്നത്.

**കൂത്ത്** – ഈ വാക്കിന് നാടകാഭിയം എന്നാണർത്ഥം. ക്ഷേത്രങ്ങളിലെ കൂത്തമ്പലങ്ങളിൽ വെച്ചു നടത്തിവരുന്ന നാടകാഭിനയമാണ് കൂത്ത്. ചാക്യാർകൂത്ത്, നങ്ങ്യാർകൂത്ത്, തോല്പാവക്കൂത്ത് ഇവയാണ് വിവിധതരം കൂത്തുകൾ. ചാക്യാർ കൂത്ത് സംസ്കൃത നാടകത്തെ അവലംബിച്ചിട്ടുള്ളതും തോല്പാവകൂത്ത് തമിഴ് നാടകത്തെ ആസ്പദമാക്കിയുള്ളതുമാണ്. സംസ്കൃതനാടകങ്ങൾ നാട്യശാസ്ത്ര വിധിയനുസരിച്ച് അഭിനയിയ്ക്കുന്നു. തോല്പാവക്കൂത്തിൽ കമ്പരാമായണത്തിലെ പാട്ടുകൾ നിഴൽ നാടക രൂപത്തിൽ ആവിഷ്ക്കരിക്കുന്നു.

**തോൽപാവക്കൂത്ത്–** മധ്യകേരളത്തിൽ മാത്രം നടത്തുന്ന ഒന്നാണിത്. ഭദ്രകാളീ ക്ഷേത്രത്തിലാണവതരിപ്പിക്കുക. ക്ഷേത്രസമീപത്തിൽ നിർമ്മിച്ചിട്ടുള്ള കൂത്തുമാടത്തിൽ മുൻഭാഗത്ത് നീളത്തിൽ കെട്ടിയിട്ടുള്ള നേരിയ കറുപ്പുശീലയ്ക്കുള്ളിൽ തോൽകൊണ്ടുണ്ടാക്കിയിട്ടുള്ള രാമ സുഗ്രീവാദികളുടെ പാവകൾ, പിന്നിൽ നിരത്തിവയ്ക്കുന്ന വിളക്കുകളുടെ സഹായത്തോടെ പ്രദർശിപ്പിയ്ക്കുന്ന ഒരു ദൃശ്യകലയാണ് പാവക്കൂത്ത്. കഥാപാത്രങ്ങൾ പാവകളാണ്. ആ പാവകളെ പിടിച്ചുനിന്ന് സംഭാഷണം നടത്തുകയാണ് ചെയ്യുന്നത്. തമിഴിലാണ് സംഭാഷണം. ധാരാളം സംസ്കൃതം കലർന്ന ഒരു തരം പാലക്കാടൻ തമിഴാണ് ഉപയോഗിച്ചിരുന്നത്. ഈ കൂ ത്തിനായി പന്തീരായിരം പാട്ടുള്ള കമ്പ രാമായണത്തിൽ നിന്ന് ആയിരത്തി ഇരുന്നൂറു പാട്ടു സംഗ്രഹിച്ച് നാടകത്തിനുതകും വിധം മാറ്റങ്ങൾ വരുത്തി ചിട്ടപ്പെടുത്തിവച്ചിട്ടുണ്ട്. ആ പാട്ടുകൾ പാടി സവിസ്തരം വ്യാഖ്യാനിച്ചാണ് പാവക്കൂത്ത് നടത്തുന്നത്. മുന്നൂറോളം വർഷത്തെ പഴക്കമുള്ള കലയാണിതെന്നാണറിവ്. ശ്രീരാമാവതാരം മുതൽ പട്ടാഭിഷേകം വരെയുള്ള രാമായണ കഥയാണ് വിഷയം. അതിനൊപ്പം പല ഉപകഥകളും ശാസ്ത്രവിഷയങ്ങളും ഉൾപ്പെടുത്തുന്നു.

**ചാക്യാർകൂത്ത്–**ചാക്യാർ സമുദായത്തിന്റെ കുലവൃത്തിയാണ് ചാക്യാർകൂത്ത്. ക്ഷേത്രത്തിൽ മാത്രം നടത്തിയിരുന്ന കലയാണിത്. കൃഷ്ണനാട്ടം, കഥകളി, ഓട്ടൻതുള്ളൽ. ഇവയൊക്കെ ക്ഷേത്രകലകളാണെങ്കിലും മറ്റുവേദികളിൽ അവതരിപ്പിക്കുമായിരുന്നു. പൊതു ജനപ്രവേശനവും അനുവദിച്ചിരുന്നു.

ചാക്യാർകൂത്തിന് ആയിരത്തെണ്ണൂറു കൊല്ലം പഴക്കമുണ്ടെന്ന് അനുമാനിയ്ക്കുന്നു. ഒഴുക്കുമുറിയാതെ ഇന്നും അനുസ്യൂതം തുടരുന്ന കലയാണ് ചാക്യാർകൂത്ത്.

**കൂത്തും കൂടിയാട്ടവും –** ചാക്യാർകൂത്തിന് നാടകാഭിനയമെന്നും കഥാപ്രസംഗമെന്നും പ്രധാനമായി രണ്ടു വിഭാഗമുണ്ട്. ഏകാഭിനയത്തിന് കൂത്തെന്നും, ഒന്നിലധികം കഥാപാത്രങ്ങളെ സമന്വയിപ്പിച്ചുകൊണ്ട് നടത്തുന്നതിനെ കൂടിയാട്ടമെന്നും പറയുന്നു. പൗരാണികമായ സൂതനെന്ന സങ്കല്പത്തിൽ വിദൂഷകവേഷത്തിൽ ചാക്യാന്മാർ ഫലിതപരിഹാസങ്ങളോടുകൂടി പുരാണകഥാപ്രസംഗം നടത്തുന്നതാണ് ചാക്യാർകൂത്ത്. ഇതിന്എത്രകാലത്തെ പഴക്കമുണ്ടെന്ന് കൃത്യതയില്ല. എന്നാൽ ചെങ്കുട്ടവപ്പെരുമാളുടെ കാലത്ത് ചാക്യാൻമാരുടെ കൂത്തും ആട്ടവും ഉണ്ടായിരുന്നുവെന്ന് ചിലപ്പതികാരം എന്ന തമിഴ് കാവ്യത്തിൽ നിന്നും തെളിയുന്നു. ആ പെരുമാളുടെ അനുജനായ ഇളങ്കോഅടികളാണ് ചിലപ്പതികാരത്തിന്റെ കർത്താവ്.

ചിലപ്പതികാരത്തിൽ പറവൂർചാക്യാർ അഭിനയിച്ച ഒരു ശിവപാർവ്വതി നൃത്തത്തിന്റെ വർണ്ണനയുണ്ട്. *(തുടരും)*

***

# പാതഞ്ജലയോഗ ദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി – 9447077203

**2–12 ക്ലേശമൂല: കർമാശയോ ദൃഷ്ടാ *f* ദൃഷ്ട ജന്മവേദനീയ:**

കർമ്മാശയം ക്ലേശത്തിൽ നിന്നാണ് ഉണ്ടാവുന്നത്. അവ ഈ ജന്മത്തിലോ അടുത്ത ജന്മത്തിലോ അനുഭവിക്കേണ്ടിയും വരും.

മനുഷ്യൻ കർമ്മം ചെയ്തുകൊണ്ടിരിക്കുന്നു. ഓരോ കർമ്മത്തിൽ നിന്നും അവന്റെ ചിത്തത്തിൽ ഒരു സംസ്കാരം ശേഷിക്കും. ഇവ തന്നെയാണ് വാസനയാകുന്നത്. ഈ കർമ്മഫലങ്ങളാകുന്ന സംസ്കാരങ്ങളുടെ സഞ്ചയം തന്നെയാണ് കർമ്മാശയം. ഇവ പാപമോ പുണ്യമോ ആവാം. ലോഭം, മോഹം, ക്രോധം എന്നിവയാണ് ഇതിന്റെ കാരണം.

അതു തന്നെയാണ് ഇവിടെ കർമ്മാശയം ക്ലേശമെന്ന വേരോടു കൂടിയതാണ് എന്നു പറഞ്ഞത്. അവിദ്യ, അസ്മിത മുതലായവ തന്നെയാണ് കാമ–ക്രോധ–ലോഭ–മോഹങ്ങളെ ഉണർത്തി സംസ്കാരങ്ങൾക്കും വാസനകൾക്കും മൂലകാരണമാകുന്നത്. വൈദികവും ദൈവികവും മറ്റുമായ സൽക്കർമ്മങ്ങളാൽ പുണ്യകർമ്മാശയവും, ഹിംസാദികളായ ദുഷ്കർമ്മങ്ങളാൽ പാപകർമ്മാശയവും സഞ്ചിതമാവും.

ഈ പുണ്യ–പാപ–മിശ്രിതങ്ങളായ കർമ്മസംസ്കാരങ്ങളാണ് ഇപ്പോഴത്തെ (ദൃഷ്ടമായ) ജന്മത്തിലും വരാൻ പോകുന്ന (അദൃഷ്ടമായ) ജന്മത്തിലും അനുഭവിക്കുന്നത്. അനുഭവം പെട്ടെന്നു കിട്ടുമോ പിന്നീടു കിട്ടുമോ എന്നു തീരുമാനിക്കുന്നത് കർമ്മത്തിന്റെ സ്വഭാവമനുസരിച്ചാണ്.

അഭ്യാസവും വൈരാഗ്യവും തീവ്രമായാൽ പെട്ടെന്നു തന്നെ അനുഭവം കിട്ടും. മന്ത്രം, തപസ്സ്, സമാധി മുതലായവയുടെ തീവ്ര സംവേഗത്തിലും പുണ്യ അനുഭവം വേഗത്തിൽ വന്നുചേരും. ഈശ്വരൻ, ദേവത, മഹാനുഭാവന്മാരായ മഹർഷിമാർ ഇവരെ ആരാധിച്ചാലും പുണ്യം കിട്ടും. ഉടൻ അനുഭവത്തിലും വരും.

കഠിനമായ ഭയത്തിൽ പെട്ടവർ, മാറാവ്യാധിയിൽ വലയുന്നവർ, ദീനരായ ജനങ്ങൾ, തന്നെ വിശ്വസിക്കുന്ന മഹാത്മാക്കൾ എന്നിവരോട് (ഉപകാരം ചെയ്യേണ്ടവരോട്) ആവർത്തിച്ചാവർത്തിച്ച് അപ്രകാരം ചെയ്താലും ഫലം ഈ ജന്മത്തിൽ തന്നെ അനുഭവിക്കേണ്ടിവരും.

പുരാണത്തിൽ നിന്ന് രണ്ട് ഉദാഹരണങ്ങൾ വ്യാസൻ എടുത്തു കാട്ടുന്നുണ്ട്. നന്ദികേശൻ ഒരു മഹർഷി പുത്രനായ മനുഷ്യക്കുട്ടിയായിരുന്നു. അവന്റെ ചെറുപ്രായത്തിൽ തനിക്ക് അല്പായുസ്സാണെന്ന് അവൻ മനസ്സിലാക്കി. അവൻ ശിവനെ തപസ്സു ചെയ്തു. അവന്റെ കഠിനമായ തപസ്സിൽ പ്രീതനായി ശിവൻ അവനെ ദേവനാക്കി തീർത്തു. മാത്രമല്ല തന്റെ പാർഷദന്മാരിൽ പ്രമുഖ സ്ഥാനം നല്കുകയും ചെയ്തു. ഇത് തപസ്സ് കൊണ്ട് മനുഷ്യത്വത്തിൽ നിന്നും അതേ ജന്മത്തിൽ ദേവത്വം നേടിയ കഥ.

നഹുഷൻ എന്ന രാജാവ് നൂറ് യാഗങ്ങൾ ചെയ്ത് ഇന്ദ്ര പട്ടത്തിന് അർഹനായ കാലം. ദേവേന്ദ്രൻ വൃത്രനെ വധിച്ച പാപത്താൽ നിസ്തേജനായി ഒളിച്ച സമയവും. അപ്പോൾ ദേവന്മാർ നഹുഷനെ ഇന്ദ്രനാക്കി. പക്ഷെ നഹുഷൻ ദേവസ്ത്രീകളിൽ രമിച്ചു കാലം കഴിച്ചു. ഇന്ദ്രപത്നിയിലും കണ്ണുവെച്ചു. മുനിമാർ വഹിക്കുന്ന പല്ലക്കിലേറി വന്നാൽ ഞാൻ സ്വീകരിക്കാമെന്നു ശചീദേവി പറഞ്ഞു. മത്തനായിരുന്ന നഹുഷൻ മുനിമാരെക്കൊണ്ട് പല്ലക്കെടുപ്പിച്ചു ഇന്ദ്രപത്നിയായ ശചീദേവിയുടെ അടുത്തേക്കു പുറപ്പെട്ടു. വേഗം പോരാഞ്ഞപ്പോൾ സർപ്പ സർപ്പ് (വേഗത്തിൽ നടക്കൂ) എന്നാജ്ഞാപിച്ചു. മുനിമാർ ഓടാൻ തുടങ്ങി. പിന്നെയും തൃപ്തനാകാതെ നഹുഷൻ അവരെ ചവിട്ടാനും അടിക്കാനും തുടങ്ങി. അക്കൂട്ടത്തിലുണ്ടായിരുന്ന അഗസ്ത്യൻ ക്രുദ്ധനായി ശപിച്ചു. നീ മഹാസർപ്പമായി തീരട്ടെ. നഹുഷൻ സർപ്പമായി താഴേക്കു പതിച്ചു. പാപം ചെയ്താലുള്ള ഉടൻ ഫലം ഇവിടെ കാണാം. അതിനീചകർമ്മങ്ങൾക്കുള്ള ഫലം ഈ ജന്മത്തിലല്ല, അടുത്ത ജന്മത്തിലാ

ണ് കിട്ടുക. ക്ലേശങ്ങൾ ക്ഷയിച്ചു തീർന്ന മഹാ യോഗികളുടെ വൃത്തികൾ വരണ്ട വിത്തു പോലെയായതിനാൽ അവർക്ക് ഈ ജന്മത്തിലും അടുത്ത ജന്മത്തിലും അനുഭവിക്കാനൊന്നുമില്ല താനും.

രജോഗുണമാണ് കർമ്മപ്രേരണയുണ്ടാക്കുന്നത്. രജോഗുണം സത്വഗുണത്തോടു ചേർന്നാൽ ജ്ഞാനം, ധർമ്മം, വൈരാഗ്യം, ഐശ്വര്യം എന്നിവയുണ്ടാകും. രജസ്സ് തമസ്സിനോടു ചേർന്നാൽ അജ്ഞാനം, അധർമ്മം, അവൈരാഗ്യം, അനൈശ്വര്യം എന്നതാണ് ഫലം.

ഇവയെത്തന്നെയാണ് ശുഭം - അശുഭം, പുണ്യം - പാപം, ശുക്ലഗതി - കൃഷ്ണഗതി എന്നൊക്കെ പറയുന്നത്.

***

*(തുടർച്ച പേജ് 36)*

ദുഖങ്ങളും നിശ്ശേഷം വേരോടെ നശിക്കപ്പെടുന്നു. ആ നശിക്കപ്പെടലാണ് 'സദ്' ധാതുവിന്റെ അർത്ഥം ഉപ+നി +സദ്. എന്നതിൽ സന്ധി നിയമമനുസരിച്ച് സദ് ഷദ് ആയിത്തീരുന്നു.

പ്രമാണം പ്രവർത്തിക്കുമ്പോൾ വെളിപ്പെടുന്ന പ്രമ, പ്രമാതാവിന്റേതാണ്. പ്രമാതാവാണ് ജ്ഞാനസാധനങ്ങളായ പ്രമാണങ്ങളെ ആയുധമാക്കി, പ്രമ സമ്പാദിക്കുന്നത്. പ്രത്യക്ഷ പ്രമാണത്താൽ പ്രമേയത്തിന്റെ വ്യാവഹാരികമായ സത്യാവസ്ഥ അറിയാം. എന്നാൽ പ്രമാതാവിന്റെ സത്യാവസ്ഥയോ? പ്രമാതാവിനു പാരമാർത്ഥികമായ സത്യത്വമില്ല. അത് പ്രമാതാവിന്റെ ഇടയക്കുള്ള ആവിർഭാവത്തിൽ നിന്നും തിരോധാനത്തിൽ നിന്നും നമുക്കു മനസ്സിലാക്കാം. പാരമാർത്ഥികമായ സത്യത്തിനു ഒരിക്കലും 'ഇല്ല' എന്ന അവസ്ഥയില്ല.

'നാഭാവോ വിദ്യതേ സതഃ' എന്നാൽ പ്രമാതാ, സുഷുപ്തിയിൽ ലഭ്യമല്ല. അതിന്റെ സ്വപ്നത്തിലെ ലഭ്യതയും വേറെ രൂപത്തിലാണ്.

***


ഓം നമോ നാരായണായ

ആദ്ധ്യാത്മികതയുടെ സനാതനവും അനന്തവുമായ മഹാ ദേവസൗന്ദര്യങ്ങളെ ഹൃദയത്തിലൊളിപ്പിച്ച ഹിമാലയത്തിലേയ്ക്ക്, ഹിമശൈലനികരങ്ങളിലേയ്ക്ക്...



**ചതുർധാമയാത്ര**

2022 സെപ്തംബർ 19 ന് ആരംഭിച്ച് ഒക്ടോബർ 05 ന് തിരിച്ചെത്തുന്ന

**സോമശേഖരൻ ഭാരതി സ്വാമികൾ**

**നയിക്കുന്ന "ചാർധാം" യാത്ര**



പൂർവ്വപിതാക്കളുടെ ജന്മജന്മാന്തര പാപങ്ങൾ തീരാൻ ഭഗീരഥൻ തപംചെയ്ത ഗോമുഖീതീരം, ഉറ്റവരെ കുരുക്ഷേത്രഭൂമിയിൽ ഹോമിച്ച പാപം തീരാൻ പഞ്ചപാണ്ഡവർ അലഞ്ഞ ദേവഭൂമി, ഭാരതത്തിന്റെ ഹൃദയധമിനിയായ ഗംഗ, ഭാഗീരഥിയും അളകനന്ദയും സരസ്വതീനദിയുമായി മാറുന്ന മഞ്ജുളാലയം, ദേവദേവനായ മഹാദേവന്റെ വിഹാരഭൂമിയിലൂടെ... സഹസ്രാബ്ദങ്ങൾക്ക് മുമ്പ് ശ്രീശങ്കരൻ കണ്ടെത്തുകയും പൂജാവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്ത ചതുർധാമങ്ങൾ എന്നറിയപ്പെടുന്ന **യമുനോത്രി, ഗംഗോത്രി, കേദാർനാഥ്, ബദരിനാഥ്** എന്നീ പുണ്യഭൂമിയിലൂടെ ഒരു തീർത്ഥയാത്ര.

3rd AC ട്രെയിൻയാത്ര, ബസ്സ്യാത്ര, താമസസൗകര്യം, വെജി: ഭക്ഷണം ഉൾപ്പെടെ ഒരാൾക്ക് ₹ 32,000/-*

*കുതിര, ഡോളി, ഹെലികോപ്റ്റർ, വഴിപാടുകൾ എന്നിവയുടെ ചെലവുകൾ തീർത്ഥാടകർ തന്നെ വഹിക്കേണ്ടതാണ്.

വിവരങ്ങൾക്ക്:
**സോമശേഖരൻ ഭാരതി,**
ഇല്ലത്ത്ഹൗസ്, നാട്ടിക പി. ഒ., തൃശൂർ – 680 566
ഫോൺ: 8129888033, 8075839714, 8281891700

# ആരും നിസ്സാരക്കാരല്ല

യു.എസ്. രവീന്ദ്രൻ – 9496120978

***(*ഗോപാൽദാസ് പറഞ്ഞ കഥയിൽ നിന്ന്)***

* ഗൗർ ഗോപാൽ ദാസ് പൂനയിൽ നിന്നുള്ള ഒരു ഇലക്ട്രിക്കൽ എഞ്ചിനിയരാണ്. 22 കൊല്ലം 17 കമ്പനികളിൽ ജോലി ചെയ്തു വരികയായിരുന്നു. സന്യാസിയായി ലോകമെമ്പാടും സഞ്ചരിച്ച് പ്രഭാഷണങ്ങൾ നടത്തുന്നു.

**ഞാ**ൻ ഒരിടത്തരം കുടുംബത്തിലാണ് ജനിച്ചത്. എല്ലാ കുട്ടികൾക്കുള്ള പോലെ എനിക്കും ഏറ്റവും നല്ല അമ്മയെയാണ് ലഭിച്ചത്. ഞങ്ങളുടെ, എന്റെ മൂത്ത മൂന്നു സഹോദരങ്ങളുടെയും എന്റെയും എല്ലാ കാര്യങ്ങളും അമ്മ നല്ല പോലെ ശ്രദ്ധിച്ചിരുന്നു. ഞങ്ങൾക്ക് ഇഷ്ടപ്പെട്ട ഭക്ഷണം പാകം ചെയ്ത് വിളമ്പി തന്നു. ഞങ്ങളുടെ വസ്ത്രങ്ങളെല്ലാം അലക്കി വൃത്തിയാക്കി തന്നിരുന്നു. ഒരു കാര്യത്തിനു വേണ്ടിയും കാത്തിരിക്കേണ്ടി വന്നിട്ടില്ല. എന്നാൽ ഒരു സന്യാസിയാകണമെന്നാണ് എന്റെ ആഗ്രഹം എന്നു പറഞ്ഞപ്പോൾ അമ്മ എത്ര ദു:ഖിച്ചു കാണും എന്ന് നിങ്ങൾക്ക് ഊഹിക്കാമല്ലോ. എനിക്ക് ആര് ഭക്ഷണം പാകം ചെയ്തുതരും എന്റെ വസ്ത്രങ്ങൾ ആര് അലക്കി വൃത്തിയാക്കി തരും. എല്ലാം അമ്മയ്ക്ക് വേവലാതിയായിരുന്നു.

ആശ്രമത്തിൽ ചേർന്നപ്പോൾ അവിടെ എല്ലാവർക്കും കൂടി ഭക്ഷണം പാകം ചെയ്തുതരുവാൻ ഒരാൾ ഉണ്ടായിരുന്നു. എന്നാൽ മുറി വൃത്തിയാക്കൽ, വസ്ത്രങ്ങൾ അലക്കൽ എന്നിവ അവനവൻ തന്നെ ചെയ്യണം. ആശ്രമത്തിൽ വാഷിങ്ങ് മെഷീൻ ഉണ്ടായിരുന്നില്ല. ഒരു മുറിയിലെ ആറുപേർക്കും കൂടി രണ്ടു ബക്കറ്റും കുറച്ചു സോപ്പുപൊടിയും. സോപ്പുപൊടിയിട്ട് അരമണിക്കൂർ നേരം തുണികൾ ബക്കറ്റിൽ നനച്ചുവയ്ക്കണം. അതിനുശേഷം തിരുമ്മി പിഴിഞ്ഞ് മറ്റേ ബക്കറ്റിലെ വെള്ളത്തിൽ കഴുകിയെടുക്കണം. ഈ ജോലി തന്നത്താൻ ചെയ്യുന്നതുകൊണ്ട് ഒരു നല്ല വ്യായാമമായി തോന്നി. മസിലുകൾ വീർപ്പിച്ചെടുക്കാൻ ജിംനേഷ്യത്തിൽ പോകേണ്ട ആവശ്യമില്ല. തുണികൾ ഇടിച്ച് പിഴിഞ്ഞെടുക്കുന്നത് സ്ഥിരം ജോലിയായതിനാൽ പേശികൾ ബലപ്പെട്ട് നല്ല ആകൃതിയിലായി.

ഒരു ദിവസം സോപ്പുപൊടിയിട്ടു നനച്ചു വച്ചിരുന്ന വസ്ത്രങ്ങൾ കഴുകിയെടുക്കാൻ ചെന്നപ്പോഴാണ് അന്നു നടത്തേണ്ട ഒരു പ്രഭാഷണത്തെപ്പറ്റി ഓർമ്മവന്നത്. ധൃതിയിൽ വെള്ളത്തിന്റെ ടാപ്പ് തുറന്ന് വസ്ത്രം നനച്ചു വച്ചിരുന്ന ബക്കറ്റ് കാൽകൊണ്ട് ടാപ്പിനടിയിലേക്ക് തള്ളി വച്ചു. അപ്പോഴാണ് പിന്നിൽ നിന്നും ഗുരുവിന്റെ ശബ്ദം കേട്ടത്.

ഗോപാൽ എന്താണ് ചെയ്യുന്നത്.

'ഞാൻ തുണി അലക്കുകയാണ്'. എന്റെ മറുപടി.

'അതു മനസ്സിലായി' ഇപ്പോൾ എന്താണ് ചെയ്തത് ഗുരുവിന്റെ അടുത്ത ചോദ്യം

തുണി അലക്കുകയാണെന്ന് ഞാൻ പറഞ്ഞു. എന്താണ് പ്രശ്നം. എനിക്ക് ഒരു പ്രഭാഷണത്തിനു പോകേണ്ടതുണ്ട് എന്റെ ക്ഷമ കെട്ടു.

എന്താണ് ബക്കറ്റ് കാലുകൊണ്ട് തള്ളിമാറ്റിയത് കൈകൾ ഉപയോഗിക്കാമായിരുന്നില്ലേ. ഗുരു വിടുന്നില്ല

ഒരു ബക്കറ്റല്ലേ, ടാപ്പിനടിയിലേക്ക് എത്രയും വേഗം എത്താനാണ് അങ്ങിനെ ചെയ്തത്. അതിൽ അത്ര വലിയ കാര്യമൊന്നുമില്ലല്ലോ– ഞാൻ പറഞ്ഞു.

'അത്ര വലിയകാര്യമൊന്നും ഇല്ലേ?' അത് വലിയ കാര്യം തന്നെയാണ്. ഗുരുപറഞ്ഞു. എനിക്ക് ഗോപാലിനോട് ബന്ധങ്ങളെപ്പറ്റി എനിക്കറിവുള്ള കുറച്ചുകാര്യങ്ങൾ പറയാനുണ്ട്. നമുക്ക് അത്ര പ്രാധാന്യമല്ല എന്ന് തോന്നുന്ന വസ്തുക്കളോട്. ഉദാഹരണത്തിന് വസ്ത്രം അലക്കാൻ ഉപയോഗിക്കുന്ന ഈ ബക്കറ്റ്, കാലിനെ സംരക്ഷിക്കുന്ന ചെരുപ്പ്, ഭക്ഷണം കോരിത്തരുന്ന സ്പൂൺ, ഭക്ഷണം സൂക്ഷിക്കുന്ന പ്ലേറ്റുകൾ, അങ്ങനെ പല പല സാധനങ്ങളും ഒരു ബഹുമാനവുമില്ലാതെ പെരുമാറുന്നു. ഇത് ക്രമേണ നമ്മളെ കൊണ്ടെത്തിക്കുന്നത് മനുഷ്യരോടും അങ്ങിനെ പെരുമാറുന്ന സ്ഥിതി വിശേഷത്തിലേക്കാണ്. ഇത്രയും പറഞ്ഞശേഷം എന്റെ പുറത്തു തട്ടി പുഞ്ചിരിച്ചുകൊണ്ട് ഒരു ഭജനഗാനവും ഉരു

വിട്ട്കൊണ്ട് ഗുരു നടന്നുപോയി. ഗുരുവിന്റെ ഉപദേശം കേട്ട് ഒരു നിമിഷം ഞാൻ കൈകൂപ്പി നിന്നുപോയി. ലോകത്തിലെ എല്ലാ കാര്യങ്ങളും നമ്മുടെ ജീവിതത്തിന്റെ ഒരു ഭാഗമാണ്. പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നു. മറ്റു വസ്തുക്കളോടും മറ്റുള്ളവരോടും ബഹുമാനമില്ലാതെ പെരുമാറി ശീലിച്ച് ക്രമേണ നമ്മൾ സ്നേഹിക്കുന്നവരോടും അങ്ങിനെ പെരുമാറാൻ ഇട വരുന്നു. ജീവിതത്തിലെ എല്ലാ സംഭവങ്ങളും സംയോജിതമാണ്.

ഇന്ന് ഉപയോഗിക്കുക വലിച്ചെറിയുക (use and throw) എന്ന സംസ്കാരത്തിലാണ് നാം ജീവിക്കുന്നത്. 2016ലെ world economic reporter പ്രകാരം 2050ൽ കടലിൽ മത്സ്യങ്ങളെക്കാൾ കൂടുതൽ പ്ലാസ്റ്റിക് കപ്പുകളാണുണ്ടാവുക. ഈ സംസ്കാരം തുടർന്നുകൊണ്ടുപോകുകയാണെങ്കിൽ ബന്ധങ്ങളിലും Use and Throw എന്ന പ്രതിഭാസം അധികതാമസമില്ലാതെ വന്നു കൂടെന്നില്ല. old age homes ന് ഇപ്പോഴും കുറവൊന്നുമില്ലല്ലോ.

എന്നോടൊരാൾ ചോദിച്ചു റൊണാൾഡോ മെസ്സി കാലുകൊണ്ട് പന്തു കിക്ക് ചെയ്താണല്ലോ ഗോളടിക്കുക അതിനെപ്പറ്റി എന്തു പറയുന്നു.

കിക്ക് ചെയ്യുകയോ കിക്ക് ചെയ്യാതിരിക്കുകയോ അല്ല വിഷയം. ഓരോന്നിനും അതിന്റേതായ ഉപയോഗമുണ്ട്. അത് ആ വഴിക്കാണ് ഉപയോഗിക്കേണ്ടത്. ഒരു ഭരണാധികാരി തെർമോമീററർ എടുത്തുകൊണ്ട് രോഗിയുടെ പനി അളക്കാൻ പോകാറില്ല.

ഓരോന്നിന്റേയും ഉപയോഗത്തിന്റെ മാന്യതക്ക് യോജിച്ച വിധത്തിൽ ബഹുമാനത്തോടെ വേണം വസ്തുക്കളെ കൈകാര്യം ചെയ്യുവാൻ. വ്യക്തികളെയും മാന്യതയോടെയും ബഹുമാനത്തോടെയും വേണം കൈകാര്യം ചെയ്യുവാൻ.

കുറച്ചു നാൾക്ക് മുൻപ് ടിവിയിൽ ഒരു കാഴ്ച കണ്ടിരുന്നു. സമുന്നതനായ ഒരു നേതാവ് പ്രസംഗിക്കാൻ നിന്നപ്പോൾ microphone പ്രവർത്തിക്കാത്തതുകൊണ്ട് ഇടിച്ചുമാറ്റുന്നതും വേറൊരവസരത്തിൽ സന്ദർശകരോട് പുറത്തുകടക്കാൻ ആജ്ഞാപിക്കുന്നതും. വേറെ ഒരു കാഴ്ച ഒരനുഗ്രഹീതകലാകാരൻ കൂടെ നിന്നു ഫോട്ടോ എടുത്ത ഒരു ബാലന്റെ കയ്യിൽ നിന്നും മൊബൈൽഫോൺ പിടിച്ചു വാങ്ങുന്നതും ഫോട്ടോ മാച്ചുകളയുന്നതും മറ്റും. രക്തത്തിലുള്ള സംസ്കാരവും വളർന്നുവന്ന പരിസ്ഥിതികളുടെയും ആകത്തുകയാണ് മറ്റുജീവികൾക്ക് പരിഗണനകൊടുക്കാത്ത മാനസികാവസ്ഥ.

ഓഫീസിൽ ചായകൊണ്ടുവരുന്ന വ്യക്തിക്ക് ഒരു മാന്യതയുണ്ട്. ഓഫീസ് തൂത്തുവാരുന്ന വ്യക്തിക്ക് ഒരു മാന്യതയുണ്ട്. ആ വ്യക്തി ഉപയോഗിക്കുന്ന ചൂലിനു പോലും ഒരു മാന്യതയുണ്ട്. ഓഫീസിൽ ഒരു റിപ്പോർട്ട് എഴുതികൊണ്ടുവന്നത് താൻ ഉദ്ദേശിച്ച വിധത്തിലല്ലാത്തതുകൊണ്ട് കടലാസ് ചുരുട്ടിക്കൂട്ടി മുഖത്തേയ്ക്ക് വലിച്ചെറിയുന്ന മേലുദ്യോഗസ്ഥന്മാരുണ്ട്. വീട്ടിൽ തോറ്റുകൊടുക്കാൻ അഭിമാനം സമ്മതിക്കാത്തതുകൊണ്ട് സ്ഥിരം കലഹിച്ചുകഴിയുന്ന ദമ്പതികളേയും കാണാം. രണ്ടു കൈകൾ കൂട്ടിയടിച്ചാൽ മാത്രമേ ശബ്ദമുണ്ടാകുകയുള്ളൂ.

വ്യക്തികളോടും വസ്തുക്കളോടും ആദരവോടുകൂടി പെരുമാറുക. ജീവിത വിജയത്തിന്റെ അതീവരഹസ്യമിതാണെന്ന് ശ്രീ ഗോപാൽദാസ് പറയുന്നു.

***

ചൈത്രം

- മാനസിക സംഘർഷമനുഭവിക്കുന്നവർ
- ഏകാന്തതയനുഭവിക്കുന്നവർ
- ജീവിതംഅവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
- നിങ്ങളുടെ വിഷമംപങ്കുവയ്ക്കാൻ ഫോണിൽ ബന്ധപ്പെടുക:

0484 2361161

ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

ഉച്ചയ്ക്ക് 2 മണി മുതൽ 6 മണി വരെ

# എന്താണ് വേദന

ഡോ. ദേവീദാസ് വെള്ളോടി – 9747480903

**എന്താണ് വേദന**

ആയുർവേദ ദർശനത്തിൽ 'വേദന' എന്നതിന് അർത്ഥം 'അറിവ്' എന്നാണ് അനുകൂല വേദനീയം സുഖം പ്രതികൂലവേദനീയം ദു:ഖം എന്ന് ആപ്ത വാക്യം. വേദനയെ രണ്ടായി തിരിക്കാം -ശാരീരികം മാനസികം എന്നിങ്ങനെ. മാനസീക പ്രയാസങ്ങൾ ഉണ്ടാകുമ്പോൾ നമുക്ക് അനുഭവപ്പെടുന്ന അസ്വസ്ഥതയാണ് മാനസീക വേദന. ശാരീരികവേദനയെക്കുറിച്ച് പറയുകയാണെങ്കിൽ നമ്മുടെ ശരീരത്തിൽ എവിടെയെങ്കിലും ഒരു ആരോഗ്യപ്രശ്നം ഉണ്ടാകുമ്പോൾ ആ വിവരം വേണ്ട രീതിയിൽ നമ്മുടെ ബ്രെയിനിലേക്കും അവിടെ നിന്ന് തിരിച്ചും ആ ശരീരഭാഗത്തേക്കും കൊടുക്കുന്ന അറിവാണ് വേദന.

**നെഞ്ചുവേദന ഹൃദ്രോഗലക്ഷണം ആണോ?**

നെഞ്ചുവേദന ഹൃദ്രോഗം മൂലം മാത്രമല്ല ഉണ്ടാകുന്നത് നെഞ്ചിൻകൂട്, അന്നനാളം, ശ്വാസകോശാവരണം തുടങ്ങി വിവിധ ഭാഗങ്ങളിൽ വേദന ഉണ്ടാകാറുണ്ട്. ഹൃദയാഘാതത്തിന്റെ മുഖ്യലക്ഷണം നെഞ്ചുവേദനയാണ്. നെഞ്ചിനുമീതെ ഭാരം കയറ്റിവെച്ചതു പോലെ, അല്ലെങ്കിൽ നെഞ്ചു പൊട്ടാൻ പോകുന്നതു പോലെ തുടങ്ങിയ വേദനകൾ ഹൃദ്രോഗ നെഞ്ചുവേദനയുടെ ലക്ഷണങ്ങളാണ്. വേദനയുടെ വ്യാപനരീതിയും ഹൃദ്രോഗനിർണ്ണയത്തിന് സഹായകമാണ്. ഇടതു കൈ, കഴുത്ത്, കീഴ്ത്താടി, പല്ലുകൾ, വയറിന്റെ മുകൾഭാഗം, നെഞ്ചിന്റെ പിറകുവശം തുടങ്ങിയ ഭാഗങ്ങളിലേക്കാണ് ഹൃദയാഘാതത്തെത്തുടർന്നുള്ള നെഞ്ചുവേദന പടരുന്നത്. നെഞ്ചുവേദനയോടൊപ്പം ശരീരമാസകലം വിയർപ്പും തളർച്ചയും ഉണ്ടാകാം.

**ശ്വാസകോശ രോഗങ്ങൾ മുഖേനയുള്ള നെഞ്ച് വേദന**

ശ്വാസകോശരോഗങ്ങളെത്തുടർന്നും നെഞ്ചുവേദനയുണ്ടാകാം. ന്യൂമോണിയ, പ്ലൂറസി, തുടങ്ങിയ അവസ്ഥകളിലെല്ലാം നെഞ്ചുവേദനയുണ്ടാകാം.. ശ്വാസം വലിച്ചുവിടുമ്പോൾ കൊളുത്തിപ്പിടിക്കുന്നതുപോലെയുള്ള വേദന ശ്വാസകോശരോഗങ്ങളെത്തുടർന്നുള്ള നെഞ്ചുവേദനയുടെ പൊതുലക്ഷണമാണ്.

**ഗ്യാസ്ട്രബിൾ കൊണ്ടുള്ള നെഞ്ച് വേദന**

പലപ്പോഴും വേർതിരിച്ചു അറിയാൻ സാധിക്കാത്ത വേദനയാണ്. നെഞ്ചുവേദനയോടൊപ്പം നെഞ്ചെരിച്ചിലും പുളിച്ചുതികട്ടലും വയറിന് പെരുക്കവുമൊക്കെ അനുഭവപ്പെടുകയാണെങ്കിൽ അത് അന്നനാളത്തെയും ആമാശയത്തെയുമൊക്കെ ബാധിക്കുന്ന രോഗങ്ങളുടെ ലക്ഷണമാണ്.

**മാനസികസമ്മർദ്ദം മൂലമുള്ള തലവേദന**

ഇതു ഏറ്റവും സാധാരണമായി കണ്ടുവരുന്നു. വീട്ടിലും ഓഫീസിലും കുട്ടികൾ പരീക്ഷാസമയത്തുമൊക്കെ അനുഭവിക്കുന്ന മാനസികസംഘർഷങ്ങൾ മൂലമാണ് ഈ തലവേദനയുണ്ടാകുന്നത്.

തലയിൽ ഒരു ചരടിട്ട് വരിഞ്ഞുമുറുക്കിയതു പോലെയുള്ള വേദന മുഖ്യലക്ഷണമാണ്.

**ചെന്നി കുത്ത് (മൈഗ്രേൻ)**

മൈഗ്രേൻ അഥവാ കൊടിഞ്ഞിയാണ് തലവേദനയുടെ മറ്റൊരു പ്രധാന കാരണം. തലയുടെ ഒരു വശത്തുനിന്ന് ആരംഭിച്ച് ക്രമേണ മറുവശത്തേക്ക് വ്യാപിക്കുന്ന, വിങ്ങുന്ന തലവേദന മൈഗ്രേനിന്റെ ലക്ഷണമാണ്. മൈഗ്രേൻ വരുന്നതിന് തൊട്ടുമുമ്പ് ചിലർക്ക് കണ്ണിൽ ഇരുട്ടു കയറുന്നതു പോലെയോ, പ്രകാശവലയങ്ങളോ, നിറങ്ങളോ കണ്ടെന്നുവരാം. തലവേദന മൂർധന്യത്തിലെത്തുമ്പോൾ ഛർദ്ദിലുമുണ്ടാകാറുണ്ട്. ഛർദ്ദിച്ചുകഴിയുമ്പോൾ തലവേദനയ്ക്ക് ആശ്വാസം ലഭിക്കുന്നു. വെയിൽ കൊള്ളുക, ഉറക്കമിളയ്ക്കുക, യാത്ര ചെയ്യുക തുടങ്ങിയവയൊക്കെ മൈഗ്രേനിന് കാരണമാകാറുണ്ട്. നന്നായൊന്ന് ഉറങ്ങിക്കഴിഞ്ഞാൽ പലരുടെയും മൈഗ്രേൻ തലവേദന അപ്രത്യക്ഷമാകും.

**നടുവേദന (Back pain)**

നടുവിന് വേദന വരാത്തവർ കുറവായിരിക്കും. കൂടാതെ ദീർഘനേരം ഒരേപോലെ ഇരുന്ന്

ജോലി ചെയ്യുന്ന കമ്പ്യൂട്ടർ പ്രൊഫഷണലുകൾ ഉൾപ്പെടെയുള്ളവരുടെല്ലാം സാധാരണ പ്രശ്ന മായി മാറിയിരിക്കുന്നു വിട്ടുമാറാത്ത നടുവേദന. നട്ടെല്ലിന്റെ തേയ്മാനം, നട്ടെല്ലിലെ പേശികളുടെ നീർക്കെട്ട്, ഡിസ്കിന്റെ പുറത്തേക്കുള്ള തള്ളൽ, നട്ടെല്ലിനെ ബാധിക്കുന്ന സന്ധിവാതം, അർബു ദം, അസ്ഥിക്ഷയം, നട്ടെല്ലിനെ ബാധിക്കുന്ന രോ ഗാണുബാധ തുടങ്ങിയവയൊക്കെ നടുവേദനയു ടെ വിവിധകാരണങ്ങളിൽപ്പെടുന്നു.

**വയറുവേദന**

വയറിന്റെ പ്രശ്നങ്ങൾ മാത്രമല്ല, മറിച്ച് ഹൃ ദയാഘാതവും ശ്വാസകോശരോഗങ്ങളും മാന സിക പ്രശ്നങ്ങളുമെല്ലാം നീണ്ടു നിൽക്കുന്ന വയറുവേദനയ്ക്ക് കാരണമായെന്നുവരാം. പെ പ്റ്റിക് അൾസർ, വൻകുടൽ, ചെറുകുടൽ, മൂ ത്രനാളികൾ, പിത്താശയം, പിത്തനാളികൾ തു ടങ്ങിയവയിലെ തടസ്സങ്ങൾ വയറിനേൽക്കുന്ന പരിക്കുകൾ അപ്പൻഡിസൈറ്റിസ്, പാൻക്രിയാസ് ഗ്രന്ഥിയുടെ നീർവീക്കം തുടങ്ങിയവയാണ് വയ റുവേദനയ്ക്ക് കാരണമാകുന്ന പ്രശ്നങ്ങൾ പെ പ്റ്റിക് അൾസറിനെത്തുടർന്നുണ്ടാകുന്ന വേദ ന വയറിന്റെ മുകൾഭാഗത്ത് മധ്യത്തിലായാണ് അനുഭവപ്പെടുന്നത്. ഭക്ഷണം കഴിക്കാതെയിരി ക്കുമ്പോൾ വേദന വർധിക്കാനിടയുണ്ട്. മൂത്രനാ ളികളിലെ കല്ലിനെത്തുടർന്നുണ്ടാകുന്ന വേദന ഇടവിട്ടിടവിട്ടാണ് അനുഭവപ്പെടുന്നത്. നടുവിൽ നിന്നും വയറിന്റെ വശങ്ങളിലേക്ക് പടരുന്ന വേദ നയോടൊപ്പം മൂത്രച്ചുടിച്ചിലും മൂത്രത്തിലൂടെ രക് തം പോകുന്ന അവസ്ഥയും ഉണ്ടാകാം. അപ്പൻ ഡിസൈറ്റ്സിനെത്തുടർന്നുള്ള വയറുവേദന, വയറിന്റെ താഴെ വലതുവശത്തായാണ് ഉണ്ടാ കുന്നത്. വേദനയോടൊപ്പം ഛർദ്ദിലും പനിയും ഉണ്ടാകാം.

**വേദനക്കുള്ള ചികിത്സ**

കാരണങ്ങൾ പലതായതു കാരണം ചികിത്സ യും വ്യത്യസ്തമാണ് ദേവന സംഹാരികൾ ഉപ യോഗിക്കുമ്പോൾ ഡോക്ടറുടെ നിർദ്ദേശമില്ലാതെ മരുന്ന് കഴിക്കരുത്. സ്വയം ചികിത്സ ഒഴിവാക്കുക.

പഴയ പ്രിസ്ക്രിപ്ഷൻ ഉപയോഗിച്ച് തുടർ ച്ചയായി മരുന്നു വാങ്ങിക്കഴിക്കരുത്. മരുന്ന ഭക്ഷണത്തിന് ശേഷം മാത്രം കഴിക്കുക.

മരുന്നുപയോഗിക്കുമ്പോൾ വയറുവേദന, ഛർ



ദ്ദിൽ, മലം കറുത്തുപോവുക തുടങ്ങിയവ ഉണ്ടാ യാൽ ഡോക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുക. വേദ നസംഹാരികൾ കഴിക്കുമ്പോൾ രക്തസമ്മർദ്ദം പരിശോധിക്കണം. പ്രായമേറിയവർ, ഉദരരോഗ ങ്ങൾ, വൃക്കത്തകരാറുകൾ, കരൾ രോഗങ്ങൾ തുടങ്ങിയ പ്രശ്നങ്ങൾ ഉള്ളവർ മരുന്ന് ഉപയോ ഗിക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കണം. ഗർഭിണി കളും മുലയൂട്ടുന്ന അമ്മമാരും ഡോക്ടറുടെ നിർ ദ്ദേശപ്രകാരം മാത്രമേ മരുന്ന് കഴിക്കാവൂ.

വിസ്താരഭയത്താൽ കുറച്ചു കാര്യങ്ങൾ മാത്ര മേ ഇവിടെ പറഞ്ഞിട്ടുള്ളു ബാക്കി അടുത്ത ലേഖ നത്തിൽ തുടരാം.

***


## എറണാകുളം കരയോഗാംഗത്വമെടുക്കൂ സേവനപ്രവർത്തനങ്ങളിൽ പങ്കാളികളാകൂ

**എറണാകുളം കരയോഗത്തിൽ അംഗത്വമെടുത്ത് ജീവകാരുണ്യ,സാമൂഹ്യസേവനപ്രവർത്ത നങ്ങളിൽ പങ്കാളികളാകുവാൻ എറണാകുളം ജില്ലാതിർത്തിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങളെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. കൊച്ചി കോർപ്പറേഷൻ പരിധിക്കുള്ളിൽ താ മസിക്കുന്ന നായർ സമുദായാംഗങ്ങൾക്ക് ആജീവനാംഗത്വവും ജില്ലാതിർത്തിക്കുള്ളിൽ താമസി ക്കുന്ന നായർ സമുദായാംഗങ്ങൾക്ക് അസ്സോസിയേറ്റ് അംഗത്വവും നിബന്ധനകൾക്ക് വിധേയ മായി ലഭിക്കുന്നതാണ്. താല്പര്യമുള്ളവർ വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക.**

**ഫോൺ : 04842361160**

| ERNAKULAM KARAYOGAM, D.H.ROAD,TDM HALL COMPLEX, COCHIN 682016- PH.2369589<br>NAVARATHRI COMPETITIONS 2022 | | |
|---|---|---|
| **DATE** | **TIME** | **ITEM** |
| 14/08/2022 Sunday | 9.30 am. Sub Juniors | Lalitha Sahasranamam, Vishnu Sahasranamam, Bhagavath Geetha, Narayaneeyam, Harinamakeerthanam, Ramyanam, Njanappana , Krishnagatha |
| | 1.00.pm. Juniors | Lalitha Sahasranamam, Vishnu Sahasranamam Bhagavath Geetha, Narayaneeyam, Harinamakeerthanam, Ramayanam,Njanappana, Krishnagatha |
| 15/08/2022 ( Monday) | 9.30.am Seniors | Lalitha Sahasranamam, Vishnu Sahasranamam, Bhagavath Geetha,Narayaneeyam, Harinamakeerthanam, Ramayanam,Devimahatmyam' Bharatham, Krishnagatha |
| | 3.00 pm. Combined | Veena, Violin, Mridangam , Ottamthullal, Kathakali Cholliyattom , Kathakalipadam Sopanasangeetham (Ashtapathi) |
| 28/08/2022 (Sunday) | 9.30 a.m | Namavali (Single) Sub Juniors, Namavali (Single & Group) (Juniors) Namavali (Single & Group) (Seniors), Patriotic Song ( Combined) |
| | 2.00 pm. | Speech (English & Malayalam) (Juniors & Seniors) |
| 4/09/2022 (Sunday) | 10.30 am | Painting (Seniors) |
| | 2.30 pm. | Painting (Sub Juniors & Juniors) |
| | 10.00 am | Light Music (Sub Juniors & Juniors ) |
| | 2.30 pm. | Light Music (Seniors) |
| 11/09/2022 (Sunday) | 9.00 am. | Carnatic Music (Sub Juniors, Juniors) |
| | 12.00Noon | Floral arrangement (Combined) |
| | 2.00 pm. | Carnatic Music (Seniors) |
| | 5.00 pm. | Purana-Quiz (Sub Juniors), Purana Quiz (writteen test) (Juniors & Seniors) |
| 18/09/2022 (Sunday) | 9.30 am | Thiruvathirakali (Combined), Folk dance (Single) (Sub-Juniors, Juniors & Seniors), Folk dance (Group), Sub-Juniors, Juniors & Seniors |
| | 2.00 pm. | Handwriting (English, Malayalam & Hindi) (Sub-Juniors, Juniors & Seniors ), |
| 21/09/2022 (Wednesday) | 9.30 am | Recitation in Malayalam ( Sub Juniors & Juniors), |
| | 10.30 am | Aksharaslokam (Juniors & Seniors), |
| | 2.00 pm | Essay (English,Malayalam,Hindi) (Juniors & Seniors) |
| | 3.00 pm | Recitation in Malayalam (Seniors) |
| | 5.00 pm | Karayogam Smaranikageetham (Sub Juniors, Juniors & Seniors) |
| 21/09/2022 (Wednesday) | 8.30 am. | Bharathanatyam (Seniors), Kuchippudi, Mohiniyattom (Seniors) |
| 25/09/2022 (Sunday) | 8.30 am. | Bharathanatyam (Juniors), Kuchippudi, Mohiniyattom (Juniors) |

**മത്സരങ്ങളെ സംബന്ധിച്ച നിബന്ധനകൾ**

**1. പ്രായപരിധി**

a) 8 വയസ്സു വരെ (സബ് ജൂനിയർ), 8 വയസ്സു മുതൽ 12 വയസ്സു വരെ (ജൂനിയർ), 12 വയസ്സു മുതൽ 16 വയസ്സു വരെ (സീനിയർ)

b) 2022 ജൂൺ 30 നുള്ള വയസ്സാണ് മത്സരാർത്ഥികളുടെ പ്രായം നിശ്ചയിക്കുന്നതിന് കണക്കാക്കുക. മത്സരാർത്ഥികൾ അപേക്ഷയോടൊപ്പം പ്രായം തെളിയിക്കുന്നതിന് ജനന സർട്ടിഫിക്കറ്റ് /ആധാർ കോപ്പി ഹാജരാക്കേണ്ടതാണ്.

c) വീണ, വയലിൻ, മൃദംഗം ഓട്ടൻതുള്ളൽ, കഥകളിപദം, കഥകളി ചൊല്ലിയാട്ടം, ദേശഭക്തിഗാനം എന്നീ ഇനങ്ങളിലുള്ള മത്സരങ്ങളിൽ18 വയസ്സു വരെയുള്ളവർക്കും പങ്കെടുക്കാവുന്നതാണ്.

d) തിരുവാതിര മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് പ്രായപരിധിയില്ല.

2. a) തിരുവാതിര മത്സരങ്ങളിൽ പങ്കെടുക്കുന്ന ഓരോ ടീമിന്റെയും അംഗ സംഖ്യ 8 ആയി നിജപ്പെടുത്തിയിരിക്കുന്നു. പിന്നണിയിൽ പാട്ടുമാത്രവും കൈമണിയും ഉപയോഗിക്കാം പാട്ടുകാർ രണ്ടു പേരിൽ കൂടരുത്.

b) ഭരതനാട്യം, കുച്ചിപ്പുടി, മോഹിനിയാട്ടം നാടോടിനൃത്തം, ഓട്ടൻതുള്ളൽ, കഥകളി ചൊല്ലിയാട്ടം എന്നിങ്ങനെയുള്ള മത്സരങ്ങൾക്ക് ആവശ്യമായ പിന്നണി വാദ്യസംഘങ്ങളെ സ്വന്തം ചിലവിൽ മത്സരിക്കുന്നവർ തന്നെ കൊണ്ടുവരേണ്ടതാണ്. CD, Pen Drive എന്നിവയും ഉപയോഗിക്കാവുന്നതാണ്.

c) ആൺകുട്ടികളുടെയും, പെൺകുട്ടികളുടെയും വ്യക്തിഗത മത്സരവിഭാഗങ്ങളിൽ ഏതെങ്കിലും ഇനത്തിൽ മത്സരാർത്ഥികളുടെ എണ്ണം 5 ൽ കുറഞ്ഞാൽ ടി ഇനം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒന്നായിട്ടായിരിക്കും (Combined) നടത്തപ്പെടുക.

d) ഗ്രൂപ്പായുള്ള മത്സരങ്ങളിൽ ആൺകുട്ടികളുടെ വിഭാഗവും പെൺകുട്ടികളുടെ വിഭാഗവും 3 ഗ്രൂപ്പിൽ കുറഞ്ഞാൽ മത്സരം Combined ആയി നടത്തുന്നതാണ്.

3. 2022 ജൂലൈ 15-ാം തിയതി മുതൽ കരയോഗം ഓഫീസിൽ നിന്ന് അപേക്ഷാ ഫോറങ്ങൾ ലഭിക്കുന്നതാണ്. ഓരോ ഫോറത്തിനുമുള്ള അപേക്ഷാഫീസ്സ് 30/- രൂപയാണ്. എന്നാൽ ഡാൻസ് ഇനങ്ങൾക്ക് (ഭരതനാട്യം, കുച്ചുപ്പുടി, മോഹിനിയാട്ടം, നാടോടിനൃത്തം) 100 രൂപയാണ് അപേക്ഷാഫീസ്.

4. പൂരിപ്പിച്ച അപേക്ഷാഫോറങ്ങൾ 2022, ഓഗസ്റ്റ് 10-ാം തിയതി വരെ സ്വീകരിക്കുന്നതാണ്
10-ാം തിയതിക്കു ശേഷം ലഭിക്കുന്ന ഓരോ അപേക്ഷാ ഫോറത്തിനും late fee അടക്കം 50 രൂപ വീതവും ഡാൻസ് ഇനങ്ങളിൽ 200 രൂപ വീതവും ഈടാക്കുന്നതാണ്. late fee അടക്കം ലഭിക്കുന്ന അപേക്ഷകൾ മത്സരത്തിന് 24 മണിക്കൂർ മുമ്പ് വരെ മാത്രമേ സ്വീകരിക്കുകയുള്ളു.

5. മത്സരങ്ങളെക്കുറിച്ചുള്ള വിശദമായ നിയമങ്ങളും നിബന്ധനകളും നോട്ടിസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതാണ്.

6. നൃത്ത മത്സരങ്ങളിൽ നറുക്കിലൂടെ മത്സരസമയം മത്സരത്തിന്റെ തലേ ദിവസം 4 മണിയ്ക്കു നിശ്ചയിക്കുന്നതും തദവസരത്തിൽ രക്ഷകർത്താക്കൾ എത്തിച്ചേരേണ്ടതും അതനുസരിച്ച് മത്സരാർത്ഥികൾ സമയ ക്ലിപ്തത നിർബന്ധമായും പാലിക്കേണ്ടതുമാണ്

7. മത്സരങ്ങൾ നോട്ടീസിൽ കാണിച്ചിരിക്കുന്നതു പോലെ കൃത്യസമയത്തു തന്നെ ആരംഭിക്കുന്നതാണ്.

8. നവരാത്രി ആഘോഷമത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനദാനം വിജയദശമിനാൾ (5-10-2022) വൈകുന്നേരം 5.00 മണിയ്ക്ക് സമാപനസമ്മേളനത്തിൽ വിതരണം ചെയ്യുന്നതായിരിക്കും.

## നവരാത്രിയാഘോഷ മത്സരങ്ങളിൽ ചൊല്ലേണ്ട ഭാഗങ്ങൾ

### സബ് ജൂനിയർ വിഭാഗം

1. ലളിതാ സഹസ്രനാമം – രാജരാജേശ്വരീ.............സച്ചിദാനന്ദരൂപിണീ (134 – 136)
2. വിഷ്ണുസഹസ്രനാമം – ഉത്തരോ ഗോപതിർഗോപ്താ...............മഹോദധിശയോ$f$ന്തക ഃ (66 – 68)
3. ഭഗവദ്ഗീത – ഷഷ്ഠോ $f$ ദ്ധ്യായഃ
യദാ ഹി നേന്ദ്രിയാർത്ഥേഷു ...............വർത്തേതാത്മൈവ ശത്രുവത് (4–6)
4. നാരായണീയം – പതിന്നാലാം ദശകം – ഗരുഡോപരി...............നിർഗ്ഗതോ$f$ ഭൂഃ (3 – 4)
5. ഹരിനാമകീർത്തനം – ഹരിനാമകീർത്തനമിതുരചെയ്‌വതിന്നു...............പരമനാരായണായ നമഃ(5 – 6
6. അദ്ധ്യാത്മരാമായണം – വിച്ഛിന്നാഭിഷേകം –
അന്നേരമാദിത്യനുദിച്ചീടിനാൻ...............രാജരാജേന്ദ്രപ്രവര! ജയജയ (800)
7. ജ്ഞാനപ്പാന – മൂന്നുമൊന്നിലടങ്ങുന്നു പിന്നെയും...............കൊണ്ടെന്നത്രെഭേദങ്ങൾ (പേജ് 6)
8. കൃഷ്ണഗാഥ – കൃഷ്ണോൽപത്തി
പാരാതെ പോകേണം...............നന്നായിപ്പോന്നു പിറക്കനീയും (164 – 168)

### ജൂനിയർ വിഭാഗം

1. ലളിതാ സഹസ്രനാമം – പഞ്ചമീ പഞ്ചഭൂതേശി...............ജ്ഞാനജ്ഞേയസ്വരൂപിണി (175 – 179)
2. വിഷ്ണുസഹസ്രനാമം – ആധാരനിലയോ താതാ...............സർവ്വപ്രഹരണായുധഃ (115 –120)
3. ഭഗവദ്ഗീത – അഷ്ടമോ $f$ ദ്ധ്യായഃ
സർവ്വദ്വാരാണി...............പുനർജന്മ ന വിദ്യതേ. (12 – 16)
4. നാരായണീയം – മഹാകായസ്സോ$f$...............വാതാലയപതേ (8 – 10)
5. ഹരിനാമകീർത്തനം – നൂകാരമാദി...............പോലെ ഹരിനാരായണായനമഃ (23 – 25)
6. അദ്ധ്യാത്മരാമായണം – മാരീചനിഗ്രഹം – മായാനിർമ്മിതമായ...............ജഗൽപതേ. (1280)
7. ജ്ഞാനപ്പാന – കഷ്ടം കഷ്ടം............... പത്തുപന്തീരാണ്ടുണ്ണിയായിട്ടും പോയ് (പേജ് 14–15)
8. കൃഷ്ണഗാഥ – കാളീയമർദ്ദനം
ഉത്തമമായുള്ള...............പൂണ്ടുപിന്നെ (95 – 102)

### സീനിയർ വിഭാഗം

1. ലളിതാ സഹസ്രനാമം – കലാനിധിഃ കാവ്യകലാ ...............ഭവചക്രപ്രവർത്തിനീ (152 –157)
2. വിഷ്ണുസഹസ്രനാമം – ഈശാനഃ പ്രാണദഃ പ്രാണോഃ...............സ്ഥാണുർവരാരോഹോ മഹാതപാഃ (21–26)
3. ഭഗവദ്ഗീത – വിശ്വരൂപദർശനയോഗഃ
സഖേതി മത്വാ പ്രസഭം...............ദേവ സോഢും. (41 – 44)
4. നാരായണീയം – എഴുപത്തൊൻപതാം ദശകം
ബലസമേതബലാനുഗതോ...............തവ കേവലം (1 – 4)
5. ഹരിനാമകീർത്തനം – ചമ്മട്ടിപൂണ്ടു...............ജയ നാരായണായ നമഃ (37 –40)
6. അദ്ധ്യാത്മരാമായണം – സുന്ദരകാണ്ഡം – ഹനുമാൻ ശ്രീരാമസന്നിധിയിൽ –
അനിലതനയാംഗദ...............വംശസമുത്ഭവൻ (1340–1350)
7. കൃഷ്ണഗാഥ – ഗുരുദക്ഷിണ
ഇങ്ങനെ കേട്ടൊരു...............വിളിച്ചാനക്കാർവർണ്ണൻതാൻ (12–20)
8. ദേവീമാഹാത്മ്യം – പ്രഥമോദ്ധ്യായം-ലജ്ജാപുഷ്ടിസ്തഥാ...............മഹാസുരൌ ഋഷിരുവാച (80–88)
9. ശ്രീമഹാഭാരതം – വിദുരവാക്യം – ഒന്നുകൊണ്ടറിയണം രണ്ടിന്റെ...............മതിമതാംപ്രവര! കുരുപതേ! (പേജ് 427)

**2022 ജൂലൈ 17 മുതൽ ആഗസ്റ്റ് 16 വരെ**

# മാസഫലം

1197 കർക്കടകം 1 - 31

# ഓം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Tel : TDM -2361160, Mob : 9447696190, 9447354306

**ജ്യോതിഷാചാര്യ: വിജയ മേനോൻ**

മേടക്കൂർ (അശ്വതി ഭരണി, കാർത്തിക 1/4) ബന്ധുജന വിരോധവും രോഗപീഡകളും ഗൃഹ സുഖക്കുറവും അനുഭവപ്പെടും. പുരോഗതിക്ക് താമസവും തടസ്സവും ഉണ്ടാകും. സുഹൃത്തുക്കളുടെ സഹായത്താൽ കാര്യങ്ങൾ നടന്നു പോകും. ദോഷശാന്തിക്കായി ശാസ്താ ക്ഷേത്രത്തിലും വിഷ്ണുക്ഷേത്രത്തിലും ദർശനം നടത്തി പ്രാർത്ഥിക്കുക.



ഇടവക്കൂർ (കാർത്തിക 3/4, രോഹിണി, മകീര്യം 1/2) കീർത്തിയും ധനലാഭവും കാര്യജയവും ആരോഗ്യ പുഷ്ടിയും ഉണ്ടാകും. ധാരാളം യാത്ര വേണ്ടി വരും. ബന്ധുക്കളുമായി നല്ല ബന്ധം സ്ഥാപിക്കും. ദോഷശാന്തിക്കായി ശിവഭജനവും ശിവക്ഷേത്ര ദർശനവും വിഷ്ണുസഹസ്രനാമജപവും നടത്തുക.



മിഥുനക്കൂർ (മകീര്യം 1/2, തിരുവാതിര, പുണർതം 3/4) നേത്രോദര പീഡകളും ധനനഷ്ടവും ഫലമാകുന്നു. സംഗീതാഭിരുചി, മറ്റുള്ളവരിലൂടെ സൗഭാഗ്യം, സാഹിത്യോദ്യമങ്ങളിൽ നേട്ടം എന്നിവയും ഫലം. ദോഷശാന്തിക്കായി ശാസ്താ ക്ഷേത്ര ദർശനം നടത്തുക.



കർക്കിടകക്കൂർ (പുണർതം 1/4, പൂയ്യം, ആയില്യം) യാത്രാക്ലേശവും രോഗഭീതിയും ദുഖവും ഫലമാകുന്നു. പരനിന്ദ അരുത്. കുടുംബവിരോധം, ദുർജ്ജന സംസർഗ്ഗം എന്നിവ കാണുന്നു. ദോഷശാന്തിക്കായി ശാസ്താ ക്ഷേത്ര ദർശനം നടത്തുക.



ചിങ്ങക്കൂർ (മകം, പൂരം, ഉത്രം 1/4 ) അധികച്ചെലവുകളും പതന ഭയവും സ്ഥാനചലനവും ഉണ്ടാകും. പ്രതീക്ഷകൾ സഫലമാവില്ല. മാനസിക സംഘർഷം അനുഭവപ്പെടും. ദോഷശാന്തിക്കായി വിഷ്ണു സഹസ്രനാമജപം ശാസ്താഭജനം എന്നിവ അനിവാര്യം.



കന്നിക്കൂർ (ഉത്രം 3/4, അത്തം, ചിത്തിര 1/2)വിശ്വസ്തരായ സുഹൃത്തുക്കളിൽ നിന്നും ബന്ധുജനങ്ങളിൽ നിന്നും നേട്ടമുണ്ടാകും. ആഗ്രഹങ്ങൾ സഫലീകരിക്കും. കുടുംബത്തിൽ ധനാഗമം വന്നുചേരും. ദോഷശാന്തിക്കായി സർപ്പങ്ങളെ പൂജിക്കുക.



തുലാക്കൂറ് (ചിത്തിര 1/2 , ചോതി, വിശാഖം 3/4) കർമ്മസിദ്ധിയും കാര്യജയവും പ്രശസ്തിയും ധനലാഭവും മനസന്തോഷവും ഫലമാകുന്നു. ആതുരസേവനം നടത്തും. വിവാഹം നടക്കാവുന്ന സമയമാണ്. വരുമാനം വർദ്ധിക്കും, ആരോഗ്യം തൃപ്തികരം. ദോഷശാന്തിക്കായി ശാസ്താ ഭജനവും ശനിയാഴ്ച വ്രതവും എടുക്കുക.



വൃശ്ചികക്കൂർ (വിശാഖം 1/4 അനിഴം, തൃക്കേട്ട) ധാർമ്മികമായ കാര്യങ്ങൾക്ക് സാദ്ധ്യതയും സൗഖ്യവും ധനലാഭവും ഉണ്ടാകും. ശത്രുക്കളുമായുള്ള പിണക്കം പരിഹരിക്കപ്പെടും. അഗ്നി ആയുധ ഭീതി, പിതാവിന് രോഗാരിഷ്ടതകൾ, മനോദുഖം എന്നിവയും ഫലമാകുന്നു. ദോഷശാന്തിക്കായി വിഷ്ണുവിനെ ഭജിക്കുക.



ധനുക്കൂർ (മൂലം, പൂരാടം, ഉത്രാടം 1/4)കുടുംബസമാധാനം കുറയും, ആരോഗ്യം കുറയും, കുട്ടികൾക്ക് അനാരോഗ്യം, ശത്രുഭയം എന്നിവ ഫലം. ധനലാഭവും കാര്യവിജയവും ഉണ്ടാകും. ദോഷശാന്തിക്കായി കുടുംബദേവതയെ ഭജിക്കുക, ശാസ്ത്രാപ്രീതി നേടുക.



മകരക്കൂർ ഉത്രാടം 3/4 തിരുവോണം, അവിട്ടം 1/2) വിവാഹാനന്തര വിഷമതകളും ആകുലതകളും, സ്ത്രീകൾക്കും സന്താനങ്ങൾക്കും രോഗം, ഉദര പീഡ എന്നിവ ഫലം. ധാരാളം യാത്ര ചെയ്യേണ്ടിവരും. ഭക്ഷ്യ വിഷബാധ വരാതെ സൂക്ഷിക്കുക. നല്ല ശുശ്രൂഷയും നല്ല പരിചാരകരെയും ലഭിക്കും. ദോഷശാന്തിക്കായി ശനിയാഴ്ച വ്രതം എടുക്കുക.



കുംഭക്കൂർ (അവിട്ടം 1/2, ചതയം, പൂരൂരുട്ടാതി 3/4) ഉദ്യോഗലബ്ധിയും ഉദ്ദിഷ്ട കാര്യസിദ്ധിയും ആരോഗ്യപുഷ്ടിയും ഫലം. ധനാഗമമുണ്ടാകും. വലിയ വ്യക്തികളുമായി സുഹൃദ്ബന്ധം സ്ഥാപിക്കും. ദോഷ ശാന്തിക്കായി ശാസ്താവിനെ ഭജിക്കുക. ജന്മശ്ശനിക്കാലമാണ്.



മീനക്കൂർ (പൂരുരുട്ടാതി 1/4, ഉത്രട്ടാതി, രേവതി) ശത്രുക്കളിൽ നിന്നും ഉപദ്രവം, അധികച്ചെലവുകൾ, നേത്ര ഉദര രോഗപീഡകൾ എന്നിവ ഫലം. വാഗ്ദോഷവും അർത്ഥനാശവും ബുദ്ധിമുട്ടുണ്ടാക്കും. ബന്ധുജനങ്ങളുമായി നല്ല സഹവാസം പ്രതീക്ഷിക്കാം. ദോഷശാന്തിയ്ക്കായി വിഷ്ണുവിനെ ഭജിക്കുക.



*ശുഭമസ്തു*
*ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*


# MANGALYAM MATRIMONIAL

# വരനെ ആവശ്യമുണ്ട്



Nair Girl, 27/ 154cm, Punartham 1/4(Karkitakam), M.Arch (NIT), Architect, Also working as a Faculty in a College, Pref: those who are settled at Ernakulam,Mob:9446062570, 9895163270

Email:nndkmrmv@gmail.com
Date of Birth:5-8-1994(3.27pm)
Sishta Dasa:




Contact Address:
MR.NANDAKUMAR M V
MUDAKKODIL HOUSE
POONITHURA P O
ERNAKULAM -

Nair Girl,26/163cm,Rohini , Fair, MA, Pursuing PhD in New Zealand, Student,Pref: PG and above , Engineering, IT etc,Mob:9495748749


Email:sreelathamanikkath@gmail.com
Date of Birth:13-10-1995(5.40pm)
Sishta Dasa:Chandra:1-6-3




Contact Address:
MR.C.SASIDHARAN MENON
MANIKKATH HOUSE
MANIKKATH LANE
RAVIPURAM ROAD
ERNAKULAM
KOCHI - 682016

Nair Girl,28/ 167cm,Aswathy, White, MCA,Pref: PostGraduation, Govt/ Permanent,Well mannered handsome and lovable ,Mob:9446220165, 8281663468


Email:pkunadevi66@gmail.com
Date of Birth:5-9-1993(8.30pm)
Sishta Dasa:




Contact Address:
MR.HAJEENDRA KUMAR
PEEDIKAPARAMBIL
CHOTTANIKKARA
ERNAKULAM - 682312

Nair Girl,25/5ft 6inch, Avittam,Fair, MA Communication & Journalism and PG Diploma in PR and Adv,Pref: Any Professional Degree, Engineers / Accounting Professionals ,Mob:9995445412


Email:jayalakshmikonatt@gmail.com
Date of Birth:8-25-1997(12.35am)
Sishta Dasa:




Contact Address:
MR. VIJAYAN K S
KONATT
EROOR SOUTH
NEAR IRETTIL TEMPLE
ASRA 58, TRIPUNITHURA
ERNAKULAM -682306

Nair Girl,28/165cm, Anizham, Fair, MDS, PG Doing, Pref: Doctors, Bank Officers,Mob:9400628266, 8078261266


Email:shajikakkaparambathu@gmail.com
Date of Birth:28-4-1994(3.25am)
Sishta Dasa:




Contact Address:
MR. K R. SHAJI
KAKKAPARAMBATHU
MEENAKSHI SADANAM CMC 33
CHERTHALA P O
ALAPPUZHA - 688524

Nair Girl, 25/ 167cm, Aswathy, Fair, B.Tech(Civil) Govt Service- Asst. Manager Indian Bank, Pref:Govt Employee,Mob:9447814714, 9946854876

Email:rameshkaringattil@gmail.com
Date of Birth:12-2-1997(10.01pm)
Sishta Dasa:Ketu:6-1-21




Contact Address:
MR.RAMESH M THAMPI
AARABHI
KARINGATTILL HOUSE
MARADU P O
ERNAKULAM - 682304


# MANGALYAM MATRIMONIAL



## വരനെ ആവശ്യമുണ്ട്

Nair Girl, 27/158cm, Ashwathi, Fair, MBBS, Doctor,Pref: Professionals, Doctors/Software Professionals/IT/ Engineer/CA, Mob:9611539335, 9746948961

Email:gkrema@gmail.com
Date of Birth:30-7-1994(12.45pm)
Sishta Dasa:Ketu:1-4-17.42





Contact Address:
MR.GOPAKUMAR C S
KRRA 72AB
KANNANTHODATH ROAD
EDAPALLY
KOCHI - 682024

## വധുവിനെ ആവശ്യമുണ്ട്

Nair Boy, 27/182cm, Uthradam3/4 (Makaram), B.Com, Zonal Manager, CA Firm, Mob:8848594870, 9037408950


Email:anandsomashekharann@gmail.com
Date of Birth:6-12-1994(11.41am)
Sishta Dasa:2-1-25




Contact Address:
SMT.RAJASRY
ANAND BHAVAN
VSNL ROAD
KAKKANAD
KOCHI

Nair Boy, 32/170cm,Karthika3/4 (Edavam), M.Com, Sr Manager Accounts Sainik School (Sree Sarada Vid, Kalady),Mob:9744554471, 9020760874

Email:vima_krish@hotmail.com
Date of Birth:27-7-1989(10.35am)
Sishta Dasa:





Contact Address:
MR.RADHAKRISHNAN K
SHREYAS
CHENGAMANAD
ALUVA
ERNAKULAM

## വധുവിനെ ആവശ്യമുണ്ട്

Nair Boy, 27/172cm, Pooram,Fair, B.Tech(Civil), MS Construction Management,Private Service Griffith, NSW,Australia,Pref: Graduate, Ready to relocate to Australia,Mob:9906606893, 9916422649


Email:panickervasant@yahoo.co.in
Date of Birth:9-8-1994(7.08am)
Sishta Dasa:Sukra:18-7-1




Contact Address:
MR.VASANT PANICKER
D-16/301, AWHO SANDEEP VIHAR
KANNAMANGALA
BANGALORE - 560067

Nair Boy,28/181cm, Chothi, Medium, B.Tech,Pilot,Pref: Working/Working from home/Studying,Energetic and Active,Mob 9447459336


Email:ushasaranga@yahoo.co.in
Date of Birth:16-10-1993(8.05am)
Sishta Dasa:Rahu : 16-5-20




Contact Address:
CMDE A VENUGOPAL
SARANGA
VILLA 18,
SHREEJI DWARAKA
KANDANAD
ERNAKULAM - 682305

Pisharody boy, 31/ 177cm Pooradam, Fair , B.Tech (E&C) Software Engineer. pref. Vegetarian , Nair/Ambalavasi, Mob:8281993545. 0484 2204643

Email:gokulamek@gmail.com
Date of Birth:04-05-1991 (06.00.02 pm)
Sishta Dasa: sukran 6-6-26




Contact Address:
MR.GOKULAN E.K.
PISHARAM
TEMPLE ROAD
KADAVANTHRA. P.O.
KOCHI - 682020

# MANGALYAM MATRIMONIAL

# വധുവിനെ ആവശ്യമുണ്ട്

Nair Boy, 32 / 170cm, Bharani , B.Tech in Mechanical Engineering, Govt/PSU, Pref: Graduation,Mob:9567667231

Email:deviеareth@gmail.com
Date of Birth:23-5-1990(5.08pm)
Sishta Dasa:Venus:4-1-7

ര ശുശി

| | | | |
|---|---|---|---|
| ശു കു | ച ബു | ര | ഗു |
| | ഗ്രഹനില | | ശി മാ |
| മ സ | & അംശകം | | |
| | | ല | |

ച മ (left) · ഗു മാ ല, സ (right)

ബു

Contact Address:
MR.RAVINDRAN
KOCHUPARAMBIL HARIDEEPAM
FRA 66,
C K ROAD
MANJUMMEL
ERNAKULAM -

Nair Boy, 31/ 170cm, Thiruvonam, Wheatish, B.Sc Computer Science, Officer Canara Bank,Pref: Bank/ Insurance Employees,Ph: 0484-2951267,Mob: 9447114089 / 9847340788

Email:venumenon@hotmail.com
Date of Birth:30.06.1991(3.45pm)
Sishta Dasa:

കു ശു മ ശി ബു ല ച

| | | | |
|---|---|---|---|
| | | | ര ശി ബു |
| | ഗ്രഹനില | | കു ശു ഗു |
| മ ച | & അംശകം | | |
| സ | മാ | ല | |

ര, ഗു മാ (left)

സ

Contact Address:
MR. VENUGOPAL K MENON
DEVIKA CRRA # 04,
CHAKKALAMUTTU ROAD
N F GATE
TRIPUNITHURA
COCHIN - 682301

Nair Boy, 32/ 176 cm, Punartham, B.Tech CS, BA,MA Music,Freelance Musician, Pref: Degree, Mob: 9496436224

Email:ajuv2006@gmail.com
Date of Birth:03-04-1990(5.56pm)
Sishta Dasa:Guru : 0-0-5

ബു സ

| | | | |
|---|---|---|---|
| ര | ബു | | ഗു |
| ശു | ഗ്രഹനില | | ശി മാ ച |
| മ കു സ | & അംശകം | | |
| | | | ല |

ഗു, ല ര മ (left) · മാ കു ച (right)

ശി ശു

Contact Address:
MR.A.V.VELAYUDHAN NAIR
AMBATTU HOUSE
CHELAMATTOM
OKKAL P O
ERNAKULAM - 683550

Nair Boy, 29/180cm, Fair, Aswathy, B.Tech, EE, MBA Marketing Indigene Pvt Ltd, Bangalore, Senior Project Executive Pref: Professionaly qualified preferably Bangalore, Mob: 9446205913, 9446375687

Email:nairpnr60@gmail.com
Date of Birth:25-6-1992(11.33am)
Sishta Dasa:

രമാച സ

| | | | |
|---|---|---|---|
| | കു ച | | ര ശി ശു |
| | ഗ്രഹനില | | ബു |
| മ | & അംശകം | | മാ ഗു ല |
| സ | | | |

ശു, ശി ല (left) · കു ബു ഗു മ (right)

Contact Address:
MR.RADHAKRISHNAN
UMA SHANKARAM
SOUTH GATE
VAIKOM

Nair, Boy, 26/162cm, Rohini, Automobile engg.(Canada)& Financial Advisor. Pref: Employed/Graduate girl. settled in Canada or studing in Canada also will be considered Mob: 9447973959
Email:rnathgv@gmail.com
Date of Birth:09-11-1995 (10.20 am)
Place of birth : Mavelikara
Sishta Dasa: chandran -7 months, 2 days, 24 hrs

ര ശി മ ച

| | | | |
|---|---|---|---|
| | ശി | ച | |
| മ | ഗ്രഹനില | | |
| | & അംശകം | | |
| ല മാ | കു ശു ഗു | ര സ ബു | |

ബു ഗു, കു (left) · മാ (right)

ശു സ ല

Contact Address:
MR.RAVINTH. G.V
SREERAGAM
RAMAPURAM
KEERICKAD. P.O.
ALAPUZHA -690508

Nair Boy, 28/165cm, Uthrattathi, Fair, B.Tech Mechanical Engineer, Senior Sales Engineer,Oman,Pref: Graduation, Mob:9745584090, +919745491994

Email:sindujamenon@gmail.com
Date of Birth:14-02-1994(3.43pm)
Sishta Dasa:Sani:2-3-20

| | | | |
|---|---|---|---|
| ച | | ശി | ല മാ |
| ര ബു ശു മാ | ഗ്രഹനില | | |
| കു | & അംശകം | | |
| | സ | ഗു | |

Contact Address:
SMT.SINDUJA V MENON
VAISHAK HOUSE NO.7A,
MAHARAJA GARDENS
KOWDIAR
THIRUVANANTHAPURAM 695003

# 2022–2023 ലെ എറണാകുളം കരയോഗം ഭരണസമിതി അംഗങ്ങൾ


President
A. Muraleedharan
Ph: 9447060693


Gen. Secretary
P. Ramachandran (Venu)
Ph: 9447053940


Treasurer
CA. K.T. Mohanan
Ph: 9947134381


Vice President
Adv. T. Sivadasan Nair
Ph: 9496513424


Vice President
Adv. A. Balagopalan
Ph: 9847039205


Asst. Secretary
K. Janardhanan
Ph: 9745007187


Asst. Secretary
P. Girijavallabhan
Ph: 9447818431


M. sreevallabhan Nair
Ph: 9947736071


CA. Anil K Nayar
Ph: 9447080703


Sajeevkumar Palazhi
Ph: 9447170198


Manoj B Nair
Ph: 9847273927


Manoj Alappat
Ph: 9447061888


Rajagopal. K
Ph: 9447665607


Balachandran. M
Ph: 9349843097


Sarathkumar. S
Ph: 9847049542


Prof. C. Sumangaladevi
Ph: 9447785214


Sudha Krishnakumar
Ph: 9544629588


N.T. Saralakumari
Ph: 9446207177


Subha Vijayakumar
Ph: 9446357315


S. Sreekumar
Ph: 9446517644


T.P. Sreekumar
Ph: 9847911377

**DATE OF PUBLICATION: 10-07-2022**

**RNI NO. KERMAL/2008/23515**
**REGISTERED NEWSPAPER**

**REGISTERED NO. KL/EKM/761/2022-24**

**M6-57945/2007**

Volume No. 14 July 2022 Issue No. 7




For Booking

Radheyam
Guest House

Thekke Nada, Karakkat Road, Guruvayoor - 680 101
Email: radheyamguesthouse@gmail.com
Tel: +91 487 2504700, +91 8547871161, 9446365116

*Administrative Office:*
**ERNAKULAM KARAYOGAM**
T.D.M Hall Complex, D.H. Road, Kochi 682016, Kerala
Ph: 0484 2361160, +91 9447171160, Email: ekmkgm@gmail.com






**ബീം ജൂലൈ മാസ പരിപാടി**

## കഥകളിപദം കച്ചേരി

**ശ്രീ. കോട്ടയ്ക്കൽ മധു**

**30-07-2022 ശനിയാഴ്ച വൈകുന്നേരം 6.15 ന് ടി.ഡി.എം. ഹാളിൽ**

*If undeliverd please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.

**സേവനം ജീവിതസാഫല്യം**